# താമരശ്ശേരി ഗ്രാമപഞ്ചായത്ത്

താമരശ്ശേരി പി ഒ , കോഴിക്കോട് – 673573

ഫോൺ/Phone: +91495 2222252

ഇ-മെയിൽ/e-mail: thamarasserygp@gmail.com

# പതിനാലാം പഞ്ചവൽസര പദ്ധതി

# (2022-27)

# വികസന രേഖ

# താമരശ്ശേരി ഗ്രാമ പഞ്ചായത്ത്



മുഹമ്മദ് അബ്ദുറഹിമാൻ ജെ ടി
പ്രസിഡന്റ്



ഖദീജ സത്താർ
വൈസ് പ്രസിഡന്റ്



എ അരവിന്ദൻ

ആരോഗ്യ വിദ്യാഭ്യാസ
സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ



മഞ്ജിത.കെ

ക്ഷേമകാര്യ സ്റ്റാൻറിങ്ങ്
കമ്മിറ്റി ചെയർപേഴ്സൺ



എം പിഅയ്യൂബ്ഖാൻ

വികസന സ്റ്റാൻറിങ്ങ്
സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ

# ജനപ്രതിനിധികൾ



സൗദാബീവി

വാർഡ് –1



ആയിഷ മുഹമ്മദ്

വാർഡ് –2



ഫസീല ഹബീബ്

വാർഡ് –3



വള്ളി വി എം

വാർഡ് –4



മുസ്തഫ എ പി

വാർഡ് –5



എ പി സജിത്ത്

വാർഡ് –6



അഡ്വ.ജോസഫ് മാത്യു

വാർഡ് –7



മഞ്ജിത.കെ

വാർഡ് –8









ഷംസിത ഷാഫി

വാർഡ് – 9

അനിൽകുമാർ

വാർഡ് – 10

അബ്ദുൾ അസീസ്

വാർഡ് – 11

മുഹമ്മദ്
അബ്ദുറഹിമാൻ ജെ ടി

വാർഡ് – 12









എ അരവിന്ദൻ

വാർഡ് – 13

എം പി അയ്യൂബ്ഖാൻ

വാർഡ് – 14

എം വി യുവേഷ്

വാർഡ് –15

ഖദീജ സത്താർ

വാർഡ് – 16







ആർഷ്യ ബി എം
വാർഡ് – 17

റംല ഖാദർ
വാർഡ് – 18

ബുഷ്റ അഷ്റഫ്
വാർഡ് – 19

ജനപ്രതിനിധികൾ

**എം.കെ.രാഘവൻ എം പി (കോഴിക്കോട് പാർലമെൻറ് മണ്ഡലം)**

**ഡോ.എം.കെ.മുനീർ എം.എൽ.എ (കൊടുവള്ളി നിയോജക മണ്ഡലം)**

***ജില്ലാ പഞ്ചായത്ത് അംഗങ്ങൾ***

**ഷറഫുന്നിസ ടീച്ചർ**

**അംബിക മംഗലത്ത്**

**റംസീന**

***ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ***

**സുമ രാജേഷ്**

**അഷ്റഫ് മാസ്റ്റർ**

**കൗസർ മാസ്റ്റർ**

## പൊതു വിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമ പഞ്ചായത്തിന്റെ പേര് | : | താമരശ്ശേരി |
| റവന്യൂ വില്ലേജുകൾ | : | രാരോത്ത്, കെടവൂർ |
| വാർഡുകളുടെ എണ്ണം | : | 19 |
| ബ്ലോക്ക് | : | കൊടുവള്ളി |
| താലൂക്ക് | : | താമരശ്ശേരി |
| ജില്ല | : | കോഴിക്കോട് |
| നിയമസഭ | ; | കൊടുവള്ളി |
| ലോകസഭ | : | കോഴിക്കോട് |
| വിസ്തീർണ്ണം | : | 27.17 ച.കി.മി |
| ചെറു നീർത്തടങ്ങൾ | : | |
| | : | 1. പള്ളിപ്പുറം നീർത്തടം (കോരപ്പുഴയുടെ ഭാഗം)<br>2. വെഴുപ്പൂർ നീർത്തടം (ചാലിയാറിന്റെ ഭാഗം)<br>3. അണ്ടോണ നീർത്തടം (ചാലിയാറിന്റെ ഭാഗം) |
| ജനസംഖ്യ | : | 35706 |
| സ്ത്രീകൾ | : | 18653 |
| പുരുഷൻമാർ | : | 17053 |
| പട്ടികജാതി ജനസംഖ്യ | : | 3374 |
| സ്ത്രീകൾ | : | 1739 |
| പുരുഷൻമാർ | : | 1635 |
| പട്ടികവർഗ്ഗ ജനസംഖ്യ | : | 127 |
| സ്ത്രീകൾ | : | 70 |
| പുരുഷൻമാർ | : | 57 |
| ആകെ വീടുകൾ | : | 9730 |
| സാക്ഷരത | : | 96.14% |
| അതിരുകൾ | : | |
| വടക്ക് | : | കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് |
| തെക്ക് | : | കൊടുവള്ളി നഗരസഭ |
| കിഴക്ക് | : | ഇരുതുള്ളിപ്പുഴ (ഇരുവഞ്ഞിപ്പുഴയുടെ ഭാഗം) |
| പടിഞ്ഞാറ് | : | പൂനൂർ പുഴ |

# താമരശ്ശേരി  ഗ്രാമ  പഞ്ചായത്ത്

## പതിനാലാം പഞ്ചവൽസര പദ്ധതി

## *2022-27*

## *വികസന  രേഖ*

# ഉള്ളടക്കം


അദ്ധ്യായം **1 :** ആമുഖം

അദ്ധ്യായം **2 :** പ്രകൃതി ദുരന്തങ്ങളും അതിജീവനവും

അദ്ധ്യായം **3 :** വികസനവും തന്ത്രവും

അദ്ധ്യായം **4 :** വിഭവസമാഹരണം

അദ്ധ്യായം **5 :** വികസന മേഖല

അദ്ധ്യായം **6 :** പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ

## അദ്ധ്യായം 1 : ആമുഖം (പൊതുവിവരങ്ങൾ )

താമരശ്ശേരി പഞ്ചായത്ത് വിവിധ ജനക്ഷേമകരമായ പദ്ധതികൾ ആവിഷ്ക്കരിച്ച് സാധാരണക്കാരായ ജനങ്ങൾക്കിടയിലേക്ക് സേവനമെത്തിക്കുകയെന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് എക്കാലവും മുൻപന്തിയിൽ നിന്ന് പ്രവർത്തിച്ചിട്ടുണ്ട്.താലൂക്കാസ്ഥാനമായ പഞ്ചായത്തിന്റെ ഇന്നു കാണുന്ന വികസനകുതിപ്പിൽ കഴിഞ്ഞകാല ഭരണസമിതികൾ നടത്തിയ മുന്നേറ്റം ശ്രദ്ധേയമാണ്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ച വികസനകാഴ്ച്ചപ്പാടുകൾ സംസ്ഥാന സർക്കാർ പദ്ധതികളോട് ചേർന്നുനിന്നുകൊണ്ട് ഒരളവോളം പൂർത്തീകരിച്ചതിന് ശേഷം പതിനാലാം പഞ്ചവത്സരപദ്ധതിയുടെ പണിപ്പുരയിലാണ്.പഞ്ചായത്തിന് സ്ഥിരവരുമാനമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഷോപ്പിംഗ് മാളിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.വിദ്യാർത്ഥികൾക്കും വീട്ടിലിരുന്ന് ജോലി ചെയ്യുന്നവർക്കും സൗജന്യ ഇന്റർനെറ്റ് സൗകര്യം എല്ലാ വീടുകളിലും എത്തിക്കുവാൻ ലക്ഷ്യമിടുന്നു.
ഗതാഗത തിരക്കുകൊണ്ട് വീർപ്പുമുട്ടുന്ന താമരശ്ശേരി ടൗണിൽ ജനങ്ങൾക്ക് സൗകര്യപ്രദമായ രൂപത്തിൽ വന്നുപോകുന്നതിനുതകുന്ന തരത്തിൽ ചുങ്കം ചെക്ക്പോസ്റ്റ് മുതൽ വട്ടക്കുണ്ട് പാലം വരെയും കോരങ്ങാട് മുതൽ കൂടുക്കിലുമ്മാരംവരെയും റോഡിന് ഇരുവശവും ആധുനിക രീതിയിലുള്ള നടപ്പാതകളും വൈദ്യുത വിളക്കുകളും സി.സിടിവി ക്യാമാറകളും സ്ഥാപിച്ച് നഗരം മനോഹരമാക്കാനും ഗതാഗതക്കുരിക്കിന് പരിഹാരമെന്ന നിലയിൽ നിർദ്ധിഷ്ടബൈപ്പാസ് യാഥാർത്ഥ്യമാക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കും.ആധുനിക രീതിയിൽ അന്താരാഷ്ട്ര നിലവാരത്തോടെയുള്ള പഞ്ചായത്തിനുടമസ്ഥതയിലുള്ള അമ്പലമുക്ക്, തോണിക്കടവ്, കുടത്തായ് എന്നിവിടങ്ങളിലെ കളി സ്ഥലങ്ങൾ സ്റ്റേഡിയങ്ങളാക്കി മാറ്റും. ഇന്റോർ സ്റ്റേഡിയം ഫിറ്റ്നസ് സെന്റർ, സ്ത്രീ സൗഹൃദ സ്പോർട്സ് സെന്ററുകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും സ്റ്റേഡിയം രൂപകൽപ്പന ചെയ്യുക. ശുദ്ധജല വിതരണ രംഗത്ത് വലിയ മുന്നേറ്റം നടത്താൻ സാധിച്ചിട്ടുണ്ടെങ്കിലും കൃഷിക്കും കുടിവെള്ള ആവശ്യത്തിനുമായി ഉപയോഗിക്കുന്നതിനായി കൃഷി യോഗ്യമല്ലാത്ത പാടശേഖരമേറ്റെടുത്ത് പൊതുജലം സംഭരണി നിർമിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. പ്ലാസ്റ്റിക്- ജൈവ മാലിന്യ സംസ്ക്കരണം ലക്ഷ്യമിട്ടുകൊണ്ട് ക്ലീൻ താമരശ്ശേരിയെന്നപേരിൽ പഞ്ചായത്ത് മാലിന്യ ശേഖരണം ആരംഭിച്ചിട്ടുണ്ട്. മാലിന്യ സംസ്ക്കരണവും തൊഴിലവസരങ്ങളും ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമപഞ്ചായത്തിനുടമസ്ഥതിയുള്ള സ്ഥലത്ത് പ്ലാസ്റ്റിക് ജൈവമാലിന്യ സംസ്ക്കരണ റീസൈക്ക്ളിംഗ് യൂണിറ്റ് ആരംഭിക്കും.ആയുർവേദ, ഹോമിയോ ഡിസ്പൻസറികൾക്ക് കെട്ടിടം നിർമിക്കുന്നതിന് വേണ്ടി സൗജന്യമായി കിട്ടിയ സ്ഥലം ഉപയോഗിച്ച് കെട്ടിടം പണിയുന്നതിന് നടപടികൾ സ്വീകരിക്കുകയും ആധുനിക രീതിയുള്ള കെട്ടിട നിർമാണം ഉൾപ്പെടെയുള്ള അടിസ്ഥാന വികസന പദ്ധതികൾ നടപ്പിലാക്കും.ഗ്രാമപഞ്ചായത്തിലെ മുഴുവൻ അംഗൻവാടികളും സ്മാർട്ട് അംഗൻവാടികളാക്കി സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാക്കി ആധുനിക രീതിയുള്ള കെട്ടിടം നിർമിക്കുകയും ചെയ്യും.എല്ലാവർക്കും വീട് എന്ന പദ്ധതി നടപ്പാക്കി ഭവനരഹിതരായ മുഴുവൻ പേർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കും. പട്ടികജാതി പട്ടികവർക്ഷവിഭാഗങ്ങൾക്ക് ഭവനനിർമാണത്തിനും അറ്റകുറ്റപ്പണികൾക്കും പ്രത്യേകം വകയിരുത്തലുകൾ നടത്തും.അഗതികൾക്കും വിധവകൾക്കും മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും പ്രത്യേക പരിഗണ നൽകും.വിദ്യഭ്യാസ രംഗത്ത് കാൽനൂറ്റാണ്ടിന്റെ ഉണ്ടാക്കിയ

മുന്നേറ്റം കൂടുതൽ ഉയരങ്ങളിലേക്ക് കൊണ്ടുപോകുന്നതിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളും സ്മാർട്ട് സ്കൂളുകളാക്കി മാറ്റുകയും ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി അവാർഡുകൾ നൽകി ആദരിക്കും.കുടുംബ ജീവിതത്തിൽ വരുമാനമില്ലായ്മകൊണ്ട് പ്രയാസമനുഭവിക്കുന്ന വനിതകളെ സ്വയംപര്യാപ്തമാക്കുന്നതിന് പഞ്ചായത്തിൽ വനിത വ്യവസായ പാർക്ക് ആരംഭിക്കും. കുടുംബശ്രീ അയൽക്കൂട്ട സംവിധാനങ്ങൾ മെച്ചപ്പെടുത്തി കുടിൽ വ്യവസായങ്ങൾ ആരംഭിക്കുകയും അവിടെ ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങൾ ശേഖരിച്ച് ബ്രാന്റ് ചെയ്ത് വിപണനം നടത്തുന്നതിനായി താമരശ്ശേരിയിൽ വിപണന കേന്ദ്രം ആരംഭിക്കും.ദേശീയ അന്തർദേശീയ തലങ്ങളിൽ താമരശ്ശേരിക്കാരായ കായിക പ്രതിഭകളെ വാർത്തെടുക്കുതിനായി സ്പോർട്്സ് അക്കാദമി ആരംഭിക്കും.ക്ലബുകൾക്ക് കായികഉപകരണങ്ങൾ സൗജന്യമായി നൽകി സഹായിക്കും.ക്ഷീരഗ്രാമം പദ്ധതിയുടെ ഭാഗമായി കന്നുകാലി പരിപാലനത്തിനും മുഴുവൻ ക്ഷീര കർഷകർക്കും പാലിന് സബ്സിഡിയും തൊഴുത്ത്, ആട്ടിൻകൂട് കാലിത്തീറ്റ, പുൽകൃഷി എന്നിവ സബ്സിഡിയോടും കൂടിയും സൗജന്യമായും ഉറപ്പാക്കും. ലഭ്യമാകുന്ന പാൽ സഹകരണാടിസ്ഥാനത്തിൽ സംഭരിച്ച് മൂല്യവർധിത ഉത്പന്നങ്ങളാക്കിമാറ്റി കർഷകർക്ക് വരുമാനം വർധിപ്പിക്കുവാൻ ഉതകുന്ന പദ്ധതികൾ നടപ്പാക്കും. കാർഷികമേഖലയുടെ ഉന്നമനം ലക്ഷ്യം വെച്ച് വിത്തുംവളവും സബ്സിഡിയോട്ടു കൂടി സൗജന്യ നിരക്കിൽ ലഭ്യമാക്കും.കാർഷിക കൂട്ടായ്മയിലൂടെ മുഴുവൻ തരിശ്ഭൂമിയിലും കൃഷിയിറക്കി ജൈവ കാർഷിക ഗ്രാമമാക്കി മാറ്റും.വിദേശ രാജ്യങ്ങളിൽ നിന്നും തൊഴിൽരഹിതരായി മടങ്ങിവരുന്നവരെയും തൊഴിൽരഹിതരായ യുവതി യുവാക്കളെയും ഉന്നമനം ലക്ഷ്യംവെച്ചുകൊണ്ട് വിവിധ വകുപ്പുകളുടെയും സാമ്പത്തിക സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ചെറുതും വലുതുമായ സംരങ്ങളാരംഭിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകും.കൈയേറ്റംമൂലം ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഉരുതുള്ളി, പൂനൂർ പുഴകളുടെ സംരക്ഷണത്തിനും സൗന്ദര്യവത്ക്കരണത്തിനും ആവശ്യമായ പദ്ധതി നടപ്പാക്കും.തീരം പദ്ധതിയെന്ന പേരിൽ നടപ്പാക്കുന്ന പുഴയോര കേന്ദ്രീകൃത സാധ്യതയെപ്പറ്റി പഠിച്ച് ടൂറിസം പദ്ധതികൾ നടപ്പാക്കും.വിദ്യഭ്യാസ പ്രോത്സാഹന പരിപാടിയുടെ ഭാഗമായി ഫോക്കസ് എന്ന പദ്ധതിക്ക് രൂപം നൽകും.ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി സൗജന്യ ട്യൂഷൻ സെന്ററുകളും സിവിൽ സർവ്വീസ് മെഡിക്കൽ എഞ്ചിനിയറിംഗ് തുടങ്ങിയ പ്രവേശന പരീക്ഷകൾക്കായി വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗ് സെന്റർ ആരംഭിക്കും.ഭിന്നശേഷി വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് ഒപ്പം ഒപ്പനത്തിനൊപ്പം എന്ന പദ്ധതി നടപ്പിലാക്കും. ഇത്തരം കുംടുംബങ്ങൾക്ക് കുടിൽ വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകും.ഭിന്നശേഷി വിഭാങ്ങൾക്കായി കലാകായിക മേളകൾ, കുടുംഹ സംഗമങ്ങൾ, വിനോദയാത്രകൾ എന്നിവ സംഘടിപ്പിക്കും.ഗ്രാമപഞ്ചായത്ത് പരിധിയിലെ വ്യാപാരികൾക്കും ജീവനക്കാർക്കും മോട്ടോർ തൊഴിലാളികൾക്കുമായി ഉണഭോക്തൃ വിഹിതത്തോടെ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിനെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ പൂർണമായും ഓൺലൈൻ ആക്കുന്നതിന് ഇ-പഞ്ചായത്ത് പദ്ധതി നടപ്പാക്കും.

സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

പഴയകാല മലബാർ ജില്ലയിലെ ആദ്യകാല പഞ്ചായത്തുകളിലൊന്നാണ് താമരശ്ശേരി. കുറ്റൻ മലനിരകളുടെ താഴ്വര പ്രദേശമാകയാൽ 'താഴ്മലച്ചേരി എന്ന പഴയ പേര് കാലാന്തരത്തിൽ

താമരശ്ശേരിയായതാണെന്ന് കരുതപ്പെടുന്നു. പഞ്ചായത്തിലെ കുന്നുകളും മലകളും നിറഞ്ഞ വടക്കുകിഴക്കൻ പ്രദേശങ്ങൾ, അര നൂറ്റാണ്ട് മുമ്പ് വന്യമൃഗങ്ങൾ യഥേഷ്ടം വിഹരിച്ചിരുന്ന വൻകാടുകളായിരുന്നു. കേരളപ്പിറവിക്കു മുമ്പുതന്നെ, പഴയ തിരുവിതാംകൂറിൽ നിന്നും എത്തിയ കുടിയേറ്റക്കാരാണ് കാട് വെട്ടിത്തെളിയിച്ച് ആൾപാർപ്പുള്ള കൃഷിയിടങ്ങളാക്കി മാറ്റിയത്.

ബ്രിട്ടീഷുകാർക്കെതിരെ സമരം നയിച്ച സമരപോരാളികളും കലാകായിക സംസ്ക്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ആളുകളും നാട്ടുവൈദ്യ രംഗത്തും മറ്റ് ചികിത്സ രംഗത്തും പ്രാഗത്ഭ്യംതെളിയിച്ച ആളുകളും ഈ ഗ്രാമത്തിന്റെ സവിശേഷതയായിരുന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യത്തിൽ താമരശ്ശേരിയിൽ സ്ഥാപിച്ച സർക്കാർ ആശുപത്രി താമരശ്ശേരിയുടെ സമീപ പ്രദേശത്തെയും ആശാകേന്ദ്രമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കാലം ഏറെ വൈകിയാണെങ്കിലും എല്ലാ വിധ സൗകര്യങ്ങളോടുകൂടി താലൂക്കാശുപത്രിയാക്കി ഉയർത്താൻ സാധിച്ചിട്ടുണ്ട്. വിദ്യഭ്യാസ രംഗത്ത് തൽപ്പരരായിരുന്ന പഴയ തലമുറയുടെ സാക്ഷ്യപ്പെടുത്തലായി താമരശ്ശേരി ഗവ. യു.പി സ്കൂൾ ശതാബ്ദിയോട് അടുത്ത് നിൽക്കുന്നു. കാർഷക മേഖലയായ താമരശ്ശേരി ഗ്രാമപഞ്ചായത്തിലെയും പരിസര പ്രദേശങ്ങളിലെയും കാർഷിക വിഭവങ്ങൾ വിറ്റഴിക്കുന്നതിനുള്ള കേന്ദ്രമായി താമരശ്ശേരിയിലെ ആഴ്ച്ചചന്ത ദശാബ്ദങ്ങളായി ഉപയോഗപ്പെടുത്തുന്നു.സാമുദായിക സൗഹാർദ്ധത്തിന് എക്കാലവും പേരുകേട്ട താമരശ്ശേരിയിൽ ഹൈന്ദവ, ക്രൈസ്തവ, മുസ്ലിം വിഭാഗത്തിൽപ്പെട്ട ആളുകൾ സൗഹാർദ്ധത്തോടുകൂടി ജീവിക്കുന്നുണ്ട്.ജനങ്ങളിലധികവും കർഷകരും കർഷകതൊഴിലാളികളും മറ്റ് മേഖലയിൽ പണി ചെയ്യുന്ന സാധാരണക്കാരുമാണ്. തൊള്ളായിരത്തി എഴുപതുകൾക്കു ശേഷമുണ്ടായ ഗൾഫ് അധിനിവേഷം ഈ ഗ്രാമത്തിന്റെയും പരിസര പ്രദേശങ്ങളുടെയും സാമൂഹിക സാംസ്ക്കാരിക രംഗത്തെ പരിപോഷിപ്പിക്കുകന്നതിനും വികസനരംഗത്ത് മുന്നേറ്റമുണ്ടാക്കുകന്നതിനും സാമ്പത്തികമായ ഉന്നതിക്കും കാരണമായിട്ടുണ്ട്

നഗരവത്കൃതമായ സ്വഭാവം പേറുമ്പോഴും ഗ്രാമവിശുദ്ധിയെ തലോടിക്കൊണ്ട് മലയോര മണ്ണിന്റെ കവാടമായ താമരശ്ശേരിക്കും പറയാനുള്ളത് വികസനക്കുതിപ്പിന്റെ വർത്തമാനങ്ങളാണ്. കൃത്യമായ ആസൂത്രണത്തോടെയും ദീർഘവീക്ഷണത്തോടെയുമുള്ള പദ്ധതികൾ കൊണ്ട് വന്നും അത് കൃത്യ സമയത്ത് നടപ്പാക്കിയും ജനങ്ങൾക്കൊപ്പം നിന്ന ഇന്നലകളാണ് കടന്നുപോയത്. കാലം കുതിക്കുമ്പോഴും അവർക്കൊപ്പം സഞ്ചരിക്കാൻ പഞ്ചായത്ത് ഭരണ സമിതികൾ വിവിധ കാലഘട്ടങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ എല്ലാം തന്നെ ജനോപകാരപ്രദമായിരുന്നു. വികസനമെന്നത് ഒരു തുടർപ്രക്രിയയാണെന്നുള്ളതിനാൽ പടിപടിയായുള്ള വികസനപാതയിൽ തന്നെയായിരുന്നു ഇക്കാലമത്രയും നടന്നുനീങ്ങിയത്. പഴയമയെ ചേർത്തുപിടിച്ച് പുതിയ കാലത്തിന്റെ എല്ലാ സാധ്യകളും ഉപയോഗപ്പെടുത്തിക്കൊണ്ട് നാളെയുടെ ലോകത്തിലേക്ക് ജനങ്ങളെ കൈപിടിച്ച് നടത്താനുള്ള വിവിധ പദ്ധതികൾ വിഭാവനം ചെയ്തുകൊണ്ടാണ് താമരശ്ശേരിയുടെ നാളുകളും കടന്നുപോകുന്നത്. ഭാവി ഒരു പ്രതീക്ഷയാണ്. കോവിഡ് ഭീതികൾ മാറി പരസ്പരം കണ്ടും അറിഞ്ഞും ഇടപെട്ടിരുന്ന നല്ല നാളിലേക്ക് നടന്നടുക്കുമ്പോൾ ജനങ്ങൾക്കു വേണ്ടി നടപ്പിലാക്കുന്ന വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി പദ്ധതി വിഹിതത്തിനു പുറമെ മറ്റു വിഭവങ്ങൾകൂടി സമാഹരിക്കേണ്ടതായിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനമായ മനുഷ്യാദ്ധ്വാനം കൂടുതൽ ആവശ്യമായ കാലത്തിലൂടെയാണ് നമ്മൾ കടുന്നപോകുന്നത്.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ

പഴയകാല മലബാർ ജില്ലയിലെ ഭാഗമായ താമരശ്ശേരി 1936–37 കാലത്താണ് പഞ്ചായത്തായി രൂപപ്പെട്ടുന്നത്. പഞ്ചായത്തിലെ കുന്നുകളും താഴ് വരകളും പുഴയോരങ്ങളും നിറഞ്ഞ പ്രദേശങ്ങൾ അരനൂറ്റാണ്ട മുമ്പ് വന്യ മൃഗങ്ങൾ അതിവസിക്കുന്ന പ്രദേശമായിരുന്നു. കേരളപ്പിറവിക്ക് മുമ്പ് തന്നെ പഴയ തിരുവിതാംകൂറിൽ നിന്നെത്തിയ കുടിയേറ്റക്കാരുടെ ഇടപെടൽ പ്രദേശത്തെ കാർഷിക മേഖലയാക്കി മാറ്റി. തിരുവിതാംകൂറിൽ നിന്നെന്നപോലെ ഏറനാട്, വള്ളുവനാട് താലൂക്കുകളിൽ നിന്ന് ആളുകൾ ഈ പ്രദേശത്ത് വന്ന് തൊഴിൽ ചെയ്തു ജീവിച്ചിരുന്നു.ഇതോടൊപ്പം തന്നെ വാണിജ്യ രംഗവും വളർന്നു താമരശ്ശേരിയുടെ ഭൂമിശാസ്ത്രപരമായ കിടപ്പും ഗതാഗത സൗകര്യങ്ങളും ഈ മുന്നേറ്റത്തിന് ചാലകശക്തിയായി മാറുകയും ചെയ്തു. പശ്ചിമഘട്ട മലനിരകളുടെ പടിഞ്ഞാറ് ഭാഗത്തായി നിലകൊള്ളുന്ന പഞ്ചായത്തിൽ സുമാർ നാൽപ്പതിനായിരത്തോളം ജനങ്ങൾ അധിവസിക്കുന്നു.

ചെറുകുന്നുകളുടെ താഴ് വരകൾ ഉൾപ്പെടുന്ന സമതലം ഒരു കാലത്ത് വ്യാപകമായി നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു.ഉയർന്ന കൂലി ചെലവും തൊഴിലാളികളുടെ ലഭ്യത കുറഞ്ഞതും ഈ മേഖലയിൽ നിന്നും മാറി മിക്ക വയൽപ്രദേശങ്ങളും പച്ചക്കറി കൃഷി ഇടങ്ങളായി മാറിയിട്ടുണ്ട്. കരഭൂമിയിൽ തെങ്ങ്, കവുങ്ങ്, റബ്ബർ, കുരുമുളക് മുതലായവ കൃഷി ചെയ്യപ്പെടുന്നു.പൊതുവെ മിത ശീതോഷ്ണ കാലാവസ്ഥ അനുഭവപ്പെടുന്ന താമരശ്ശേരി പഞ്ചായത്തിൽ മൂന്ന് ചെറു നീർത്തടങ്ങളുൾപ്പെടുന്നു.

### പള്ളിപ്പുറം നീർത്തടം

പഞ്ചായത്തിലെ ഏഴോളം വാർഡുകൾ ഉൾപ്പെടുന്നതാണ് പള്ളിപ്പുറം നീർത്തടം. കോരങ്ങാട്, അവേലം,പള്ളിപ്പുറം, ഈർപ്പോണ, കെടവൂർ, വാടിക്കൽ, തേറ്റാമ്പുറം എന്നിവയാണ് ഈ നീർത്തടത്തിലെ പ്രധാന പ്രദേശങ്ങൾ, ചെങ്കൽമണ്ണ്, ഏക്കൽമണ്ണ്, മണൽമണ്ണ് എന്നിവ കാണപ്പെടുന്നു.മുപ്പത് സെന്റിമീറ്ററിലധികം മഴ ലഭിക്കുന്ന പ്രദേശമാണ്.

### വെഴുപ്പൂർ നീർത്തടം

താമരശ്ശേരി പഞ്ചായത്തിലെ ആറ് വാർഡുകൾ ഉൾക്കൊള്ളുന്നതാണ്. അമ്പലമുക്ക്,കുടുക്കിലുമ്മാരം, ചവറ എസ്റ്റേറ്റ്, വെഴുപ്പൂർ,അമ്പായത്തോട്, ഫിലോമിനാപുരം എസ്റ്റേറ്റ് എന്നിവയാണ് പ്രധാന പ്രദേശങ്ങൾ. മിതശീതോഷ്ണ കാലാവസ്ഥ അനുഭവപ്പെടുന്നു.സാമാന്യം നല്ല രീതിയിലുള്ള മഴയും ഇടക്കൊക്കെ കാലം തെറ്റിയ കനത്ത മഴയും ലഭിക്കുന്നു.റബറും തെങ്ങുമാണ് പ്രധാന കൃഷികൾ.

### അണ്ടോണ നീർത്തടം

താമരശ്ശേരി പഞ്ചായത്തിലെ നാല് വാർഡുകൾ പൂർണമായും രണ്ട് വാർഡുകൾ ഭാഗികമായും ഉൾപ്പെട്ടതാണ് അണ്ടോണ നീർത്തടം. ചരൽ കലർന്ന ചുമന്ന മണ്ണ്, എക്കൽ മണ്ണ് എന്നിവയാണ് മൺതരങ്ങൾ. തെങ്ങ്, കവുങ്ങ്, നെല്ല് കുരുമുളക്, വാഴ ഇഞ്ചി മഞ്ഞൾ ചേന, ചേമ്പ് കാച്ചിൽ എന്നിവയും അവിടെ കൃഷി ചെയ്യപ്പെടുന്നു.ഈ നീർത്തടങ്ങളെ

നിലനിർത്തിക്കൊണ്ട് ഇരുതുള്ളിപ്പുഴയും പൂനൂർ പുഴയും പഞ്ചായത്തിന്റെ അതിർത്തിയിലൂടെ കടന്ന്പോകുന്നു.
താമരശ്ശേരിയുടെ പ്രധാന പട്ടണമായ താമരശ്ശേരി അതിവേഗം വളരുന്ന ഒരു ടൗൺഷിപ്പായി മാറിക്കൊണ്ടിരിക്കുന്നു.

## സാമൂഹിക സാമ്പത്തിക പശ്ചാത്തലം

കാർഷകവൃത്തിയെ അടിസ്ഥാനമാക്കി വളർന്നുവന്ന ഒരു സാംസ്ക്കാരിക പാരമ്പര്യമാണ് താമരശ്ശേരിക്കുള്ളത്. പല പ്രമുഖ തറവാടുകളുമുൾക്കൊള്ളുന്ന നാട്ടുവാഴിത്ത സമ്പ്രദായങ്ങൾ മറ്റിതര പ്രദേശങ്ങളെപ്പോലെ താമരശ്ശേരിയിലും നിലനിന്നിരുന്നു.സാമുദായിക സൗഹാർദ്ധത്തിന്റെ വിളനിലമായി അതിന്റെ പൈതൃകം കാത്തുസൂക്ഷിച്ചുകൊണ്ട് ഹൈന്ദവരും മുസ്ലിംങ്ങളും കൃസ്ത്യാനികളും സഹോദരങ്ങളെപ്പോലെ ഇവിടെ ജീവിക്കുന്നത് താമരശ്ശേരിക്കുള്ള മഹിതമായൊരു പാരമ്പര്യമാണ്.
ഈ സൗഹൃദത്തിന്റെ അടയാളപ്പെടുത്തലുകളായി താമരശ്ശേരി പ്രദേശത്ത് ഇന്നും കാണാൻ സാധിക്കുന്ന താമരശ്ശേരി കോട്ടയിൽ ഭഗവതി ക്ഷേത്രവും കെടവൂർ ജുമാ മസ്ജിദും താമരശ്ശേരി ബിഷപ്പ് ഹൗസും സ്ഥിതി ചെയ്യുന്നുണ്ട്.പഴയകാല ഓത്തുപള്ളികളിൽ നിന്ന് മാറി ഇവിടെ തലയുയർത്തി നിൽക്കുന്ന വിദ്യഭ്യാസ സ്ഥാപനങ്ങൾ ഈ പ്രദേശത്തിന്റെ വിദ്യഭ്യാസപരമായ മുന്നേറ്റത്തിന്റെയും താൽപ്പര്യത്തിന്റെയും അടിസ്ഥാന രൂപങ്ങളായി കണക്കാക്കാം. തൊള്ളായിരത്തി എഴുപതുകൾക്കു ശേഷമുണ്ടായ മധ്യേഷ്യൻ രാജ്യങ്ങളിലേക്ക് തൊഴിൽ തേടിയുള്ള യുവാക്കളുടെ യാത്ര താരമശ്ശേരി പഞ്ചായത്തിന്റെ സാമൂഹ്യ സാമ്പത്തിക വിദ്യഭ്യാസ മേഖലയിൽ വലിയ മുന്നേറ്റത്തിന് കാരണമായിട്ടുണ്ട്.പഴയകാല പ്രകൃതിക്കിണങ്ങിയ നാടൻ കൃഷി രീതികളിൽ നിന്ന് മാറി ആധുനിക രീതിയിലുള്ള യന്ത്രവത്കൃത കൃഷി രീതിയിലേക്ക് മാറിയപ്പോഴുണ്ടായ വലിയ ചെലവും തൊഴിലാളികളുടെ ലഭ്യതക്കുറവും യുവാക്കളുടെ ഈ രംഗത്തുള്ള പിന്മാറ്റവും കാർഷിക മേഖലയെ തളർത്തിയിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചത് പോലെ കൃഷിയും അനുബന്ധ കച്ചവടവുമായിരുന്നു പഞ്ചായത്തിന്റെ അടിത്തറയെങ്കിൽ ഇന്നത്തെ പുതിയ സമൂഹം ഇതിൽ നിന്ന് വ്യത്യസ്ഥമായി അധ്വാനം കുറഞ്ഞ മാർഗത്തിലൂടെ ജീവിതോപാധികൾ കണ്ടെത്തുന്ന മേഖലയിലേക്ക് തിരിഞ്ഞതായി മനസ്സിലാക്കാം.

പട്ടിക 1.1 : ജനസംഖ്യാ സ്ഥിതിവിവരങ്ങൾ

| വിഭാഗം | സ്ത്രീ | പുരുഷൻ | ട്രാൻസ്ജൻഡർ | ആകെ |
|---|---|---|---|---|
| ജനസംഖ്യ | 18653 | 17053 | 0 | 35706 |
| കുട്ടികൾ: 0-6 | 1918 | 1915 | 0 | 3833 |
| എസ്.സി | 1739 | 1635 | 0 | 3374 |
| എസ്.ടി | 70 | 57 | 0 | 127 |

(സ്രോതസ്:സെൻസസ് 2011)

## തദ്ദേശസ്വയംഭരണസ്ഥാപനം പൊതുവിവരങ്ങൾ

| | |
|---|---|
| വാർഡുകൾ | 19 |
| അക്ഷാംശ -രേഖാംശ വിവരങ്ങൾ | 11.42 , 75.94 |

## റവന്യൂ വില്ലേജ് അടിസ്ഥാനത്തിൽ പഞ്ചായത്ത് വാർഡ് വിന്യാസം

| ക്രമനമ്പർ | റവന്യൂ വില്ലേജിന്റെ പേര് | റവന്യൂ വില്ലേജിന്റെ പരിധിയിൽ വരുന്ന വാർഡുകൾ, നമ്പറും പേരും |
|---|---|---|
| | കെടവൂർ | 1 -തേക്കുംതോട്ടം<br>2 -വട്ടക്കോരു<br>15-കെടവൂർ<br>16-ഈർപ്പോണ<br>17-തച്ചംപൊയിൽ<br>18-പള്ളിപ്പുറം<br>19-അവേലം |
| | രാരോത്ത് | 3 - കോരങ്ങാട്<br>4 -ചുങ്കം സൗത്ത്<br>5 -ചുങ്കം നോർത്ത്<br>6 -വെഴ്പൂർ<br>7 -താമരശ്ശേരി<br>8 -കാരാടി<br>9 -കുടുക്കിലുമ്മാരം<br>10-അണ്ടോണ<br>11-രാരോത്ത്<br>12-പരപ്പൻപൊയിൽ<br>13-പരപ്പൻപൊയിൽ<br>14-ചെമ്പ്ര |

## അടിസ്ഥാന സൗകര്യങ്ങൾ

### പൊതു ഉപജീവന അടിസ്ഥാന സൗകര്യങ്ങൾ

| വാർഡ് | മാർക്കറ്റ് | പാൽശേഖരണ കേന്ദ്രം | VFPCK ശേഖരണ കേന്ദ്രം | കൃഷിഭവൻ | വിത്ത് ഫാമുകൾ | സംഭരണശാല | വെറ്റിനറി ക്ലിനിക് | അഗ്രി / ഹോർട്ടി നഴ്സറി | മത്സ്യഫെഡ് | സി.എഫ്.സി. |
|---|---|---|---|---|---|---|---|---|---|---|
| 5 | | | | | | | ✓ | | | |
| 7 | ✓ | | | ✓ | ✓ | ✓ | | | | |
| 8 | | ✓ | | | | | | | | |

### വിദ്യാഭ്യാസസ്ഥാപനങ്ങൾ: സർക്കാർ/എയ്ഡഡ്

| തരം | എണ്ണം | | |
|---|---|---|---|
| | സർക്കാർ | എയ്ഡഡ് | അൺ-എയ്ഡഡ് |
| നഴ്സറികൾ/ ഡേ കെയറുകൾ | 32 | 0 | 8 |
| പ്രൈമറി സ്കൂൾ | 2 | 5 | 1 |
| യു.പി. | 2 | 1 | 1 |
| ഹൈസ്കൂൾ | 1 | 0 | 1 |
| ഹയർ സെക്കന്ററി സ്കൂൾ | 1 | 0 | 1 |
| വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ | 1 | 0 | 0 |
| കോളേജ് | 0 | 0 | |
| ഗവേഷണ സ്ഥാപനങ്ങൾ | 0 | 0 | 0 |
| ഹോസ്റ്റലുകൾ | 0 | 0 | 0 |
| സ്പെഷ്യൽ സ്കൂൾ | 0 | 0 | 0 |
| മറ്റുള്ളവ (ഐ.റ്റി.ഐ, പോളിടെക്നിക്ക് മുതലായവ) | 0 | 0 | 1 |

**അങ്കണവാടികൾ**

| വാർഡ് | അങ്കണവാടികളുടെ നമ്പർ | സ്ഥിതി ചെയ്യുന്ന സ്ഥലം | സ്വന്തം കെട്ടിടം ✓ രേഖപ്പെടുത്തുക | വാടകയ്ക്ക് ✓ രേഖപ്പെടുത്തുക |
|---|---|---|---|---|
| 1 | 98 | തേക്കുംതോട്ടം | ✓ | |
| 17 | 99 | തച്ചംപൊയിൽ | ✓ | |
| 16 | 100 | ഈർപ്പോണ | ✓ | |
| 17 | 101 | നെരോംപാറ | | ✓ |
| 3 | 102 | കോരങ്ങാട് | ✓ | |
| 15 | 103 | കെടവൂർ | ✓ | |
| 9 | 104 | കുടുക്കിലുമ്മാരം | ✓ | |
| 14 | 105 | ചെമ്പ്ര | ✓ | |
| 12 | 106 | കതിരോട് | ✓ | |
| 10 | 107 | അണ്ടോണ | ✓ | |
| 8 | 108 | കാരാടി | ✓ | |
| 16 | 109 | തേറ്റാംപുറം | ✓ | |
| 2 | 110 | പൂക്കോട് | ✓ | |
| 4 | 111 | മൂന്നാംതോട് | ✓ | |
| 6 | 112 | വെഴുപ്പൂർ | ✓ | |
| 7 | 113 | ചാമക്കാലക്കുന്ന് ന്ന് | ✓ | |
| 13 | 114 | വാടിക്കൽ | ✓ | |
| 1 | 115 | കുണ്ടത്തിൽ | | ✓ |
| 12 | 116 | വാഴച്ചിറ | ✓ | |
| 9 | 117 | ആലിക്കുന്ന് | | ✓ |
| 2 | 118 | വട്ടക്കോരു | ✓ | |
| 2 | 119 | കണാരംപാറ | ✓ | |
| 17 | 120 | പുത്തൻതെരു | | ✓ |
| 12 | 121 | കല്ലുവെട്ടുകുഴി | | ✓ |
| 7 | 122 | കയ്യേലിക്കുന്ന് | | ✓ |
| 5 | 123 | ചുണ്ടക്കുന്ന് | ✓ | |
| 18 | 124 | ചാലക്കര | ✓ | |
| 10 | 125 | അരേറ്റക്കുന്ന് | | ✓ |
| 10 | 126 | അണ്ടോണ ടൗൺ | | |

| | | | | |
|---|---|---|---|---|
| 19 | 127 | തുമ്പോണ | | ✓ |
| 8 | 128 | പുല്ലോറക്കുന്ന് | | ✓ |
| 11 | 129 | രാരോത്ത് | | ✓ |
| | | | | |
| | | | | |

(സ്രോതസ്: ഐസിഡിഎസ് ഓഫീസ് , പ്രാദേശികം )

**ആരോഗ്യസ്ഥാപനങ്ങൾ:**

ഓരോ ആരോഗ്യസ്ഥാപനവും (PHC/CHC/FHC/ sub centre ആശുപത്രികൾ/ ക്ലിനിക്കുകൾ, പാരാമെഡിക്കലുകൾ) എന്നിവയുടെ ഉടമസ്ഥത, സ്ഥലം, കിടക്കകളുടെ എണ്ണം എന്നിവയും; മറ്റ് സൗകര്യങ്ങൾ എന്ന കോളത്തിൽ ആംബുലൻസ്, വെന്റിലേറ്റർ, ആന്റി സ്നേക്ക് വെനം, മോർച്ചറി, മൊബൈൽ മോർച്ചറി, ലാബോറട്ടറി, എക്സറേ യൂണിറ്റ് തുടങ്ങിയസൗകര്യങ്ങളുടെ വിശദാംശങ്ങളും രേഖപ്പെടുത്തുക.

**ആരോഗ്യസംരക്ഷണസ്ഥാപനങ്ങൾ**

| വാർഡ് നമ്പർ | പേര് | സ്ഥിതി ചെയ്യുന്ന സ്ഥലം | സർക്കാർ / /സ്വകാര്യം |
|---|---|---|---|
| 8 | താലൂക്ക് ഹോസ്പിറ്റൽ | താമരശ്ശേരി | സർകകാർ |
| | ചാവറ ഹോസ്പിറ്റൽ | ചുങ്കം | സ്വകാര്യം |
| | മദർമേരി ഹോസ്പിറ്റൽ | ചുങ്കം | സ്വകാര്യം |
| | വാലിവ്യൂ ഹോസ്പിറ്റൽ | താമരശ്ശേരി | സ്വകാര്യം |

**മൃഗാശുപത്രി / ഡിസ്പെൻസറി**

| ക്രമ നമ്പർ | പേര് | സ്ഥിതി ചെയ്യുന്ന സ്ഥലം, | വാർഡ് നമ്പർ | ഫോൺ നമ്പർ | സർക്കാർ / സ്വകാര്യം |
|---|---|---|---|---|---|
| 1 | ഗവ.വെറ്റിനറി ഡിസ്പെൻസറി | ചുങ്കം | 5 | | സർക്കാർ |

(സ്രോതസ്: നേരിട്ടുള്ള അന്വേഷണം )

**കമ്മ്യൂണിറ്റി സെന്ററുകൾ/ ഹാളുകൾ**

| ക്രമ ന | പേര് | വാർഡ് നമ്പർ | സ്ഥിതി ചെയ്യുന്ന സ്ഥലം | ബന്ധപ്പെടേണ്ട ഫോൺ നമ്പർ | ഉടമസ്ഥാവകാശം | സൗകര്യങ്ങൾ |
|---|---|---|---|---|---|---|

| നമ്പർ | | | | | | വെള്ളത്തിന്റെ ലഭ്യത | വൈദ്യുതി | അടുക്കള | ശൗചാലയം |
|---|---|---|---|---|---|---|---|---|---|
| 1 | രാജീവ് ഗാന്ധി ഓഡിറ്റോറിയം | 8 | താമരശ്ശേരി | 0495-2222252 | ഗ്രാമപഞ്ചായത്ത് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 2 | പഞ്ചായത്ത് കോൺഫറൻസ് ഹാൾ | 8 | കാരാടി | 0495-2222252 | ഗ്രാമപഞ്ചായത്ത് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 3 | അണ്ടോണ കൺവെൻഷൻ സെൻറർ | 10 | അണ്ടോണ | | സ്വകാര്യം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | പരപ്പൻപൊയിൽ കൺവെൻഷൻ സെൻറർ | 13 | പരപ്പൻപൊയിൽ | | സ്വകാര്യം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

## അദ്ധ്യായം 2
## പ്രകൃതിദുരന്തങ്ങളുംഅതിജീവനവും

താമരശ്ശേരിഗ്രാമപഞ്ചായത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ മേൽനോട്ട സമിതിയും വാർഡുകളിൽ മെമ്പർമാരുടെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളെയും കുടുംബശ്രീ സംവിധാനവും ഉൾപ്പെടുത്തിക്കൊണ്ട് ദുരന്തനിവാരണ സേന രൂപീകരിക്കുവാനും അതിന്റെ പ്രവർത്തനഫലമായി സ്തുതർഹമായ സേവനം നടത്തുവാനും സാധിച്ചിട്ടുണ്ട് വീടുകളിൽ ഒതുങ്ങിക്കഴിയേണ്ടി വന്നിട്ടുള്ള രോഗികൾക്കും കുടുംബാംഗങ്ങൾക്കും ആവശ്യമായ മരുന്ന് എത്തിച്ചുകൊടുക്കുവാനും സാമൂഹ്യ അടുക്കളകൾ സ്ഥാപിച്ച് പൊതുജന പങ്കാളിത്തത്തോടെ ഭക്ഷണം നൽകാനും കഴിഞ്ഞു.
സംസ്ഥാന സർക്കാറിന്റെയും തദ്ദേശഭരണകൂടത്തിന്റെയും ഇടപെടലുകളുടെ ഭാഗമായി ഈ കാലയളവിൽ പ്രതികൂല സാഹചര്യങ്ങളെ ആത്മസംയമനത്തോടെ നേരുന്നതിനുള്ള മനക്കരുത്തും ധൈര്യവും ഉണ്ടാക്കിയെടുക്കാൻ സാധ്യമായിട്ടുണ്ട് ദുരന്തഭൂമയിൽ ഏത് പ്രതിബന്ധങ്ങളെയും നേരിടാൻ പരിശീലനം നൽകി സജ്ജമാക്കിയ ദുരന്ത നിവാരണ സേനയുടെ പ്രവർത്തനം എടുത്തുപറയേണ്ടതാണ്.വീടുകളിൽ നിന്നും പുറത്തിറങ്ങാതെ നിന്ന ഈ സന്ദർഭത്തിൽ സ്വന്തം പുരയിടങ്ങളിൽ നിന്ന് അന്യം നിന്നുപോയ കൃഷി രീതികൾ പുനരാരംഭിക്കുവാനും ആവശ്യമായ സഹായവും പ്രേരണയും നൽകി നേട്ടം കൈവരിക്കാൻ സാധിച്ചു എന്ന കാര്യം കൂടി സൂചിപ്പിക്കുകയാണ്. പ്രകൃതിയുടെ തന്നെ നിലനിൽപ്പിന് തന്നെ ഭീഷണിയായി വരുന്ന വികസന പ്രവർത്തനങ്ങളെ ജനങ്ങളുടെ ആശങ്കകൂടി കണക്കിലെടുത്ത് ഭരണകൂടങ്ങൾ തടയപ്പെടേണ്ടതാണ്.മറ്റുള്ളവരുടെ പ്രയാസങ്ങൾ മനസ്സിലാക്കാതെയും സ്വാർത്ഥ താൽപ്പര്യങ്ങൾക്കായി പ്രകൃതിയെതന്നെ നാശത്തിലേക്ക് നയിക്കുന്ന പ്രവർത്തനങ്ങൾ ഇത്തരം ദുരന്തങ്ങൾക്ക് കാരണമാകുന്നുവെന്ന് അനുഭവത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും.ആവശ്യമായ മുൻകരുതലോ പ്രകൃതി സൗഹൃദമോ അല്ലാത്ത വികസനങ്ങളുടെ പേരിൽ നടത്തുന്ന ചട്ടലംഘനങ്ങൾ നടത്തുന്നവർക്ക് ഇത്തരം സംരഭങ്ങൾക്ക് അനുമതി നൽകാതിരിക്കുകയും ഇത് സംബന്ധിച്ച് പ്രദേശവാസികൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും. പെട്ടെന്നുണ്ടാകുന്ന ദുരന്തങ്ങളിൽ സഹായം ലഭ്യമാക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കും ഉതകുന്ന രൂപത്തിലുള്ള വിവരശേഖരണം നടത്തി സൂക്ഷിക്കുന്നത് നല്ലതായിരിക്കും.പ്രകൃതിയുടെ മേലുള്ള ജനങ്ങളുടെ കടന്നുകയറ്റം തോടുകളുടെയും പുഴകളുടെയും സുഗമമായ പ്രയാണത്തിന് തടസ്സം നേരിട്ടിട്ടുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.ഇതു ഒഴിവാക്കുന്നതിന് ആവശ്യമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

വികസനപദ്ധതികൾ തയ്യാറാക്കുമ്പോൾ ആ പ്രദേശത്തെ ബാധിക്കാനിടയുള്ള ദുരന്ത സാദ്ധ്യതകൾ കൂടി പരിഗണിക്കേണ്ട സാഹചര്യത്തിലേക്ക് കേരളം മാറുകയാണ്. ഇത്തരം സാധ്യതകൾകൂടി പരിഗണിച്ചാലേ ഒരുജനസൗഹൃദ സുസ്ഥിര ഹരിതവികസനത്തിലേക്ക് കേരളത്തെ നയിക്കാനാവൂ. ഓരോപ്രദേശത്തെയും ബാധിക്കാനിടയുള്ള പ്രകൃതി ദുരന്തങ്ങളുടെ ചരിത്രം, കാലാവസ്ഥ വ്യതിയാനം കാരണം ഉണ്ടായ മാറ്റങ്ങൾ, അതിന്റെ കാലഗണന, ബാധിക്കാൻ സാധ്യതയുള്ള ജനവിഭാഗം, പ്രദേശങ്ങൾ, ഏതെല്ലാം തരത്തിലുള്ളവ എന്നിവയൊക്കെ ഈ അധ്യായത്തിൽ രേഖപ്പെടുത്തണം.

കാലാവസ്ഥ വ്യതിയാനം മുതൽ ഉണ്ടായ മാറ്റങ്ങളുടെയും, ദുരന്തസാധ്യതകളുടെ ചരിത്രം അറിഞ്ഞിരിക്കുന്നത് ഭാവിയിൽ സംഭവിക്കാൻ ഇടയുള്ള ദുരന്തങ്ങളെയും അതിന്റെ

സ്വഭാവങ്ങളേയും പ്രത്യേകതകളെയും സംബന്ധിച്ച മനസ്സിലാക്കാൻ സഹായിക്കും. ഒരുഹരിത വികസനഭാവിയിലേക്കുള്ള പ്രയാണത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിന് ആപത് സാധ്യതകൾ പരമാവധികുറയ്ക്കുന്നതിനും അഥവാ ഉണ്ടായാൽ തന്നെ അതിന്റെ ആഘാതംലഘൂകരിക്കുന്നതിനും ഇത്തരംവിവരശേഖരണം സഹായകമാവും. ദുരന്ത സമയത്ത് വളരെ വേഗം അതിനോട് പ്രതികരിക്കുന്നതിനും, രക്ഷപ്രവർത്തനങ്ങൾ, പുനരധിവാസപ്രവർത്തനങ്ങൾ,പുനർനിർമ്മാണപ്രവർത്തനങ്ങൾ എന്നിവചിട്ടപ്പെടുത്തുമ്പോൾ അരക്ഷിതാവസ്ഥകൂടുതലുള്ള പ്രദേശങ്ങൾക്കും വിഭാഗങ്ങൾക്കുംമുൻഗണനനൽകുന്നതിനും ഇത് സഹായകമാവും.

തദ്ദേശഭരണപ്രദേശത്തെ അടിസ്ഥാനപശ്ചാത്തലസൗകര്യങ്ങളുടെ അരക്ഷിതാവസ്ഥയെ സംബന്ധിച്ചുള്ള സ്ഥിതിവിവരകണക്കുകൾ ദുരന്ത സാധ്യതകൾ തടയുന്നതിനും, ലഘൂകരണത്തിനും പുനരധിവാസപ്രവർത്തനങ്ങൾക്കും പ്രാധാന്യമുള്ള വിവരമായിരിക്കും.അതുകൊണ്ടുതന്നെ പ്രദേശത്തെ വിവിധ തരത്തിലുള്ള ദുരന്ത സാധ്യതയുള്ള ഇനം തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വയ്ക്കുന്നത് നന്നായിരിക്കും. പ്രാദേശികപ്രത്യേകജനവിഭാഗങ്ങളുടെസാമ്പത്തികാവസ്ഥയുമായും സാമൂഹ്യാവസ്ഥയുമായും, ഭൂമിശാസ്ത്രപരമായപ്രത്യേകതകളുമായും, പ്രാദേശികപശ്ചാത്തല ഭൗതികസൗകര്യങ്ങളുമായുംബന്ധപ്പെട്ട നിൽക്കുന്ന അരക്ഷിതാവസ്ഥകളെല്ലാം ഒരുഹരിത വികസനപന്ഥാവിലേക്കുള്ള പ്രയാണത്തിൽ നമുക്ക് പരിഗണിക്കേണ്ടിവരും.തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്ത് കഴിഞ്ഞ 30 വർഷ കാലയളവിനുള്ളിൽ താപനില, അന്തരീക്ഷ ഈർപ്പം,കാറ്റിന്റെ ഗതി,മഴ ഭൃത–ഇടവപ്പാതി,തുലാവർഷം,വേനൽ മഴ–വരൾച്ച, കാട്ടുതീ, മനുഷ്യ–വന്യമൃഗ സംഘർഷം,കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, തീരപ്രദേശം/നദിയിലെ മണ്ണൊലിപ്പ്, മണ്ണിടിച്ചിൽ, ഇടിമിന്നൽ, ഉരുൾപൊട്ടൽ, ഭൂഗർഭ ജലവിതാനം എന്നിവയിൽ ഏതിലെങ്കിലും ഗണ്യമായ മാറ്റം ശ്രദ്ധയിൽപെട്ടിട്ടുണ്ടെങ്കിൽ അവ രേഖപ്പെടുത്തുക.

പുഴകളിലെ ജലവിതാനത്തിൽ സംഭവിച്ച മാറ്റങ്ങളും തോടുകളുടേയും പുഴകളിലേയും ഒഴുക്ക് കുറഞ്ഞതും പ്രളയത്തിന്റെ ആഘാതം കൂട്ടിയിട്ടുണ്ടെന്ന് അനുമാനിക്കാവുന്നതാണ് ആയത് ഒഴിവാക്കുന്നതിലേക്ക് പുഴ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട് .

നിർദേശങ്ങൾ

1.പുഴകളും തോടുകൾ മുതലായവ സംരക്ഷണ ഭിത്തി കെട്ടി നിലനിർത്തുക

സർവ്വേ നടത്തി അതിരുകൾ നിർണയിക്കുകയും ദുരന്തസാധ്യകളെക്കുറിച്ച് പഠനം നടത്തുകയും ചെയ്യുക

2. പ്രകൃതി ദുരന്ത നിവാരണ സേന രൂപീകരിക്കുകയും ഡയരക്ടറി തയ്യാറാക്കുകയും ചെയ്യുക

3. പുഴകൾ മാലിന്യ മുക്തമാക്കുക

4. പുറമ്പോക്ക് സ്ഥലങ്ങളുൾപ്പെടെ സൗകര്യമുള്ള സ്ഥലങ്ങളിൽ മരങ്ങൾ വെച്ചുപിടിപ്പിക്കുക.

6. എല്ലാ തോടുകളും സംരക്ഷിക്കാൻ തോടിന്റെ സൈഡ് കെട്ടുക.

7.പുഴകളിലെ തുരുത്തുകളിൽ വളരുന്ന മരങ്ങൾ വെട്ടിമാറ്റി മൺ തട്ടകൾ നീക്കം ചെയ്തു പുഴയുടെ വിസ്തൃതി കാത്തുസൂക്ഷിക്കുക

8.പുഴകളിൽ വന്നടഞ്ഞ മണൽ പരിശോധനക്ക് ശേഷം നീക്കം ചെയ്ത് പഞ്ചായത്തുകൾ ലേലം ചെയ്യുക

9.എല്ലാ റോഡുകളിലും ഡ്രൈനേജുകൾ നിർമിക്കുക

10.പ്രകൃതിക്ക് ദോഷകരമായി വരുന്ന നിർമാണ പ്രവർത്തങ്ങൾക്ക് അനുമതി നൽകാതിരിക്കുക.

കോവിഡ് കാല പ്രവർത്തനങ്ങൾ

ഈ നൂറ്റാണ്ടിൽ നമ്മുടെ രാജ്യം ദർശിച്ച മഹാദുരന്തമായിരുന്നു കോവിഡ് 19. 2020 മാർച്ച് 23 ന് സർക്കാർ പ്രഖ്യാപിച്ച ലോക്ഡൗൺ പൊതുജനങ്ങൾക്കോ മറ്റുള്ളവർക്കോ പരിചയമില്ലാത്ത ഒരു സംഭവമായിരുന്നു. ഇതിന്റെ അലയൊലികൾ താമരശ്ശേരി പഞ്ചായത്തിലും വളരെ വലിയതോതിൽ ആഞ്ഞുവീശിയിരുന്നു. കോവിഡ് ദുരന്തത്തെ നേരിടുന്നതിന്റെ ഭാഗമായി താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൊതുജനങ്ങളും കുടുംബശ്രീ ഉൾപ്പെടെയുള്ള സംഘടനകളും ഒന്നിച്ച് ദുരന്തനിവാരണ സേന രൂപീകരിച്ച് പ്രവർത്തിച്ചുപെട്ടെന്നുണ്ടായ ഈ മഹാമാരിയുടെ ഭീതിയിൽ നിന്നും ജനങ്ങൾക്ക് ആശ്വാസം നൽകുവാനും ആവശ്യമായ മരുന്നും

ഭക്ഷണവും പരിചരണവും നൽകുവാനും ഇതുവഴി ജനങ്ങളിൽ സുരക്ഷിതത്വബോധം സൃഷ്ടിക്കുവാനും ഈ കൂട്ടായ്മയുടെ ഫലമായി സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാറിന്റെയും തദ്ദേശഭരണകൂടത്തിന്റെയും ഇടപെടലുകൾ ഈ പ്രതികൂല സാഹചര്യങ്ങളെ നേരിടുന്നതിനുള്ള മനക്കരുത്തും ധൈര്യവും ഉണ്ടാക്കിയെടുക്കാൻ സാധ്യമായിട്ടുണ്ട്ഈ കാലയളവിൽ വീടുകളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന ആളുകളുടെ ഇടയിൽ ആവശ്യമയ സഹായങ്ങൾ നൽകിക്കൊണ്ട് ഒരു കാർഷിക സംസ്ക്കാരം പുനരുജ്ജീവിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും വന്ന് ഇവിടെ തൊഴിലെടുത്തു ജീവിക്കുന്ന അതിഥി തൊഴിലാളികൾക്ക് ഭക്ഷണവും മറ്റ് സൗകര്യങ്ങളും ചെയ്തുകൊടുക്കുന്ന കാര്യത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

താമരശ്ശേരി താലൂക്കാശുപത്രി കേന്ദ്രീകരിച്ചും ക്യാമ്പുകൾ സംഘടിപ്പിച്ചും പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും സമയബന്ധിതമായി വാക്സിനേഷൻ നടത്താന് സാധിച്ചത് ഇവിടെ സൂചിപ്പിക്കുകയാണ്. പ്രവാസികൾ വളരെ അധികമുള്ള താമരശ്ശേരി ഉൾപ്പെട്ട മലബാർ മേഖലയിൽ ഈ മഹാമാരിയുടെ ഭീതിമൂലം പ്രവാസികളെ സ്വന്തം വീട്ടിൽ നിന്നും മാറി താമസിക്കേണ്ട സാഹചര്യമുണ്ടായപ്പോൾ പ്രവാസികൾക്കും അല്ലാത്ത ആളുകൾക്കും ക്വാറന്റൈൻ സൗകര്യം ഏർപ്പെടുത്താനും കമ്മ്യൂണിറ്റി കിച്ചൺ സ്ഥാപിച്ച് ഇവർക്ക് ഭക്ഷണം എത്തിച്ചുനൽകാനും പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരമായിരുന്നു. ജില്ലാഭരണകൂടത്തിന്റെയുംപഞ്ചായത്ത് ഭരണസമിതിയുടെയും എല്ലാ വിഭാഗം ആളുകളുടെയും കൂട്ടായ്മയിലൂടെ നടത്തിയ പ്രവർത്തനങ്ങൾ ഈ മഹാമാരിയിൽ നിന്നും പഞ്ചായത്ത് പ്രദേശത്തെ സംരക്ഷിച്ചുനിർത്തുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീമയാണ്.

നിർദേശങ്ങൾ

1.വാർഡുകളിൽ നിലവിലുള്ള ദുരന്തനിവാരണ സേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കി നിലനിർത്തുക

2.പഞ്ചായത്ത്തലത്തിൽ ഇത്തരം സന്ദർഭങ്ങളിൽ ഉണർന്നുപ്രവർത്തിക്കാൻ പരിശീലനം നൽകി ഒരു സേനയെ സജ്ജമാക്കി നിർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുക.

3.പൊതുജനങ്ങളിൽ ബോധവത്ക്കരണം നടത്തി ഇത്തരം സന്ദർഭങ്ങളെ നേരിടാനുള്ള മനക്കരുത്ത് ഉണ്ടാക്കിയെടുക്കുക.

അദ്ധ്യായം 3

വികസനനയവുംതന്ത്രവും

<u>സ്ത്രീകളുടെയും കുട്ടികളുടെയും വികസനം</u>

വനിത ക്ഷേമ രംഗത്ത് ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച നടപ്പിലാക്കുന്നുണ്ടെങ്കിലും അതിന്റെ ഗുണഫലങ്ങൾ ഉദ്ദേശിച്ച ഫലത്തിലേക്ക് വന്നിട്ടില്ല. വനിത കൂട്ടായ്മയിലൂടെ നടപ്പിലാക്കാവുന്ന പല പദ്ധതികളും പാതി വഴിയിൽ ഉപേക്ഷിക്കപ്പെടുകയോ ലാഭകരമല്ലാത്ത രൂപത്തിൽ പ്രവർത്തിക്കുകയോ ചെയ്യുന്നതായി കാണാം. ആവശ്യമായ ബോധവത്ക്കരണവും സാമ്പത്തിക പിൻബലവും നൽകിയാൽ മാത്രമേ ലാഭകരമായി മുന്നോട്ട് കൊണ്ടുപോയി വിജയത്തിലെത്തിക്കാൻ സാധിക്കുകയുള്ളൂ. പഞ്ചായത്ത് ബസ്സ്റ്റാന്റിൽ സ്ത്രീ സൗഹൃദ ടോയിലറ്റ് ഷെൽട്ടർ സ്ഥാപിക്കുവാനും വിശ്രമ മുലയൂട്ടൽ കേന്ദ്രം സ്ഥാപിക്കാൻ സാധിച്ചതും ഈ കാലയളവിലെ ആശാവഹമായ മുന്നേറ്റമാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ വനിത ശാക്തീകരണ പദ്ധതികൾ അടുക്കളയിൽ നിന്ന് സമൂഹമുന്നേറ്റത്തലിടപെടുന്നവരും വിദ്യസമ്പന്നരുമാക്കി സ്ത്രീകളെ മാറ്റാൻ സാധിച്ചിട്ടുണ്ട്. കുടംബ ജീവിതത്തിന്റെ അഭിവാജ്യ ഘടകമായ സ്ത്രീകൾക്ക് വരുമാനം ലക്ഷ്യം വെച്ചുകൊണ്ട് തൊഴിൽ സംരങ്ങളാരംഭിച്ച് മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായം നൽകേണ്ടതുണ്ട്. ഇത്തരം പ്രവർത്തനത്തിലൂടെ മാത്രമേ സ്ത്രീകളുടെ മുന്നേറ്റം സാധ്യമാവുകയുള്ളൂ

1.സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
2. വാർഡ്തല ജാഗ്രതാ സമിതിയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുക.
3.സ്ത്രീകൾക്ക് സ്വയം തൊഴിൽ പരിശീലനവും സാമ്പത്തിക സഹായവും നൽകുക..
4. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ വനിത ക്യാന്റീനുകൾ ആരംഭിക്കുക
5.കുടുംബശ്രീകളുടെ നേതൃത്വത്തിൽ സംരഭകത്വം ആരംഭിക്കുവാൻ ഫണ്ട് അനുവദിക്കുക.
6. കുടുംബശ്രീ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്തിൽ സ്ഥിരം വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക.
7.വനിതകൾക്ക് സൗജന്യമായി കരാട്ടേ പരിശീലനം ആരംഭിക്കുക
8. കൗമാരപ്രായക്കാരായ കുട്ടികൾക്ക് സ്വയം രക്ഷക്ക് ആവശ്യമായ ബോധവത്ക്കരണം നൽകുക.
9. പെൺകുട്ടികൾക്ക് കരാട്ടേ ക്ലാസും കായിക പരിശീലനവും നൽകുക.
10.വനിതകൾക്ക് പുതിയ സാങ്കേതിക വിദ്യാഭ്യാസം നൽകി തൊഴിലും വിദ്യാഭ്യാസവും ഉറപ്പുവരുത്തുക.
11 വിദ്യാഭ്യാസം തുടക്കം കുറിക്കുന്ന അംഗൻവാടികൾ ഹൈടെക്കാകുവാനും ഇതൊടൊപ്പം അമ്മമാർക്ക് മാനിസക ആരോഗ്യ അറിവ് നൽകുന്നതിനുള്ള പദ്ധതികൾ കൊണ്ട് വരിക.
12. സ്ത്രീകളെ സ്വയം സംരഭകരാക്കി മാറ്റുവാനുള്ള ടെക്നോളജിയും സാമ്പത്തിക സഹായവും ഉറപ്പുവരുത്താനുള്ള പദ്ധതികൾ നടപ്പാക്കുക.
13 സ്ത്രീകൾക്ക് സ്വയം സുരക്ഷക്ക് വേണ്ടി മാനസികവും ശാരീരികവുമായ പരിശീലനങ്ങൾ (യോഗ, കരാട്ടെ ) നൽകുക.
14.സ്കൂൾ കോളേജ് ഓഫീസുകള്, പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നാപ്കിൻ മെഷീൻ്, ഫീഡിംഗ് റൂം തയ്യാറാക്കാൻ നടപടി സ്വീകരിക്കുക.

15.വജ്ജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി പരിശീലിപ്പിക്കുന്ന കലാപ്രവർത്തനം തുടരുന്നതിന് നടപടി എടുക്കുക.
16.നിയമ നിർദ്ദേശങ്ങൾ ലഭിക്കുന്നതിന് സെന്റർ സ്ഥാപിക്കുക
17.മുന്നോക്കവിഭാഗത്തിൽ പ്പെട്ട വിധവകളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ -വിവാഹ ആവശ്യങ്ങൾക്ക് സാമ്പത്തിക സഹായം
18.വനിതകൾ കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിയക്കാനുള്ള വിപണന കേന്ദ്രമാരംഭിക്കുക.
19.പഞ്ചായത്ത് അടിസ്ഥാനത്തിൽ വനികൾക്ക് സ്വയംതൊഴിൽ ട്രൈനിംഗ് സെന്ററുകൾ സ്ഥാപിക്കുക
20.വിധവകൾക്ക് വരുമാനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള സ്വയം തൊഴിൽ പരിശീലനവും ധനസഹായവും നൽകുക.
21.വിദ്യാർത്ഥികൾക്ക് പഠനമുറി അനുവദിക്കുക.

ദാരിദ്ര്യ ലഘൂകരണം

ദരിദ്ര കുടുബംങ്ങളെ കണ്ടെത്തുന്നതിനും ദാരിദ്യത്തെ വിശകലനം ചെയ്യുന്നതിനും നിരവധി നിർവചനങ്ങളുണ്ട്. ഒരുകൂട്ടം ഇല്ലായ്മകളുടെയും നിഷേധങ്ങളുടെയും ഫലമാണ് ദാരിദ്ര്യം. മനുഷ്യ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത അതിജീവനം ആവശ്യങ്ങളുടെയും( മതിയായ പോഷകങ്ങളടങ്ങിയ ഭക്ഷണം, സുരക്ഷിതമായ പാർപ്പിടം)അടിസ്ഥാന സൗകര്യങ്ങളുടെയും ( ശുദ്ധജലത്തിന്റെ ലഭ്യത, മതിയായ ശുചിത്വ സംവിധാനങ്ങൾ, ആരോദ്യ സംരക്ഷണ ഉപാധികൾ, വിദ്യഭ്യാസ സൗകര്യങ്ങൾ, തൊഴിലേട്ടുക്കുന്നതിനുള്ള അവസരങ്ങൾ, ജീവിക്കുന്നതിനുകൂലമായി പരിസ്ഥിതി ) അടിസ്ഥാന ആവശ്യങ്ങളുടെയും (സ്വന്തമായി ജീവിക്കാനുള്ള അവകാശം, സ്വന്തം ആവശ്യം ഉറക്കെ പറയുന്നതിനും തന്നെ സംബന്ധിക്കുന്ന കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കുമ്പോൾ അതിൽ പങ്കാളിയാവുന്നതിനുള്ള അവകാശം നിഷേധമാണ് ദാരിദ്ര്യം.
ഒരു കുടുംബത്തെ ദാരിദ്ര്യാവസ്ഥയിൽ നിലനിർത്തുന്നത് കുടുംബത്തിന്റെ വരുമാനം കുറഞ്ഞത് മാത്രമല്ല. മറിച്ച് നിരവധി ഘടകങ്ങൾ കാണാവുന്നതാണ്. ദാരിദ്ര്യത്തിന്റെ തീവ്രത ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നവർ സ്ത്രീകളും കുട്ടികളുമാണ്. അതുകൊണ്ട് ഏതൊരു ദാരിദ്ര്യ നിർമാണ പ്രവർത്തവനും ദരിദ്രരായ സ്ത്രീകളുടെ ശാക്തീകരണത്തിലൂടെയും വികസനത്തിലൂടെയും മാത്രമേ സാധിക്കുകയുള്ളൂ. വരും തലമുറയിലേക്ക് ദാരിദ്ര്യം വ്യാപിക്കാതിരിക്കുവാൻ കുട്ടികളുടെ കാര്യത്തിലും സവിശേഷ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. കുടികിടപ്പവകാശവുമായും മറ്റും ലഭിച്ച ഭൂമി ഭൂരിപക്ഷം പേരും കൊച്ചുവീടുകൾ നിർമിച്ച് താമസിക്കുന്നുണ്ട്.
താമരശ്ശേരി പഞ്ചായത്ത് കർഷകരും കർഷകതൊഴിലാളികളും വലിയൊരു വിഭാഗം വിദേശങ്ങളിൽ ജോലി ചെയ്യുന്നവരും അധിവസിക്കുന്ന പ്രദേശമാണ്. ചെറുതും വലുതുമായ വീടുകൾ ഇവിടെ ധാരാളമായി കാണാം. പാശ്ചാത്യ രാജ്യങ്ങളിലേക്കും മധ്യേഷ്യൻ രാജ്യങ്ങളിലേക്കുമുണ്ടായ വലിയ തോതിലുള്ള തൊഴിലന്വേഷകരുടെ പ്രവാഹം ജനങ്ങളുടെ ജീവിത നിലവാരത്തിൽ വരുത്തിയ മാറ്റങ്ങളും ആസൂത്രണ മികവിലൂടെയും സർക്കാറുകളുടെ ഇടപെടലുകളും വീടുകളൊടൊപ്പം പൊതുവേ ജനങ്ങളുടെ ജീവിത നിലവാരവും ഉയർന്നതായി കാണാം.
ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി സ്വന്തമായി ഒരു വീട് എന്ന ഭവന രഹിതരുടെ സ്വപ്നം പൂർത്തീകരിക്കേണ്ടതായിട്ടുണ്ട് എന്നാൽ സ്വന്തമായി സ്ഥലമില്ലാത്തതും ഇതിനായി

ഉണ്ടാക്കപ്പെട്ട മാനദണ്ഡങ്ങളും അർഹർക്ക് ലഭ്യമാകാതെ പോകുന്നതായി മനസ്സിലാക്കാൻ സാധിച്ചു. മാനദണ്ഡങ്ങൾ ലഘൂകരിച്ച് ആവശ്യമായ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കിയാൽ ഈ പ്രയാസങ്ങൾ ലഘൂകരിക്കാൻ സാധിക്കും. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയും മറ്റു സഹായങ്ങൾ ലഭ്യമാക്കിയും ദാരിദ്ര്യ നിർമാർജ്ജനത്തിലെ ഒരു പ്രധാനഘടകമായ തൊഴില്ലായ്മമൂലം അനുഭവിക്കുന്ന സാമ്പത്തിക പ്രയാസം, ആരോഗ്യ പ്രശ്നങ്ങൾ, കുടിവെള്ളമില്ലായ്മ എന്നീ പ്രശ്നങ്ങൾ വലിയ രീതിയിൽ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. വിവിധ ഏജൻസികളുടെ സബ്സ്ഡിയും സബ്സിഡിയോടെയുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെറുകിട സംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീനങ്ങളും തുറന്ന സമീപനവും ഉണ്ടായാൽ ഈ രംഗത്ത് യുവാക്കളും വനിതകളുമായ സംരഭകർക്ക് ഇതാരംഭിക്കാൻ സഹായകരമാകും. പഞ്ചായത്ത് നടത്തിയ സംരഭക സെമിനാർ ചെറിയ തോതിലെങ്കിലും ഈ രംഗത്തേക്ക് കടന്നുവരാൻ യുവതയെ ചിന്തിപ്പിക്കുവാൻ കാരണമായിട്ടുണ്ട്.നിലച്ചുപോകാതെയുള്ള നടപടികൾ ആണിവിടെ ആവശ്യം.

1 അഗതി ആശ്രയ വീട്,വീട് റിപ്പയർ,

2 അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക,

3.ലൈഫ് ഭവന പദ്ധതി നടപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി കൂടുതൽ ആളുകൾക്ക് വീട് ലഭ്യാമാക്കുന്നതിനുള്ള നടപടിയുണ്ടാവുക.

4. വീട് റിപ്പയർ: ജനറൽ വിഭാഗം എസ്,സി വിഭാഗം

5 വീട് വാസ യോഗ്യമാക്കൽ: ജനറൽ എസ്.സി വിഭാഗങ്ങൾക്ക് കൂടുതൽ ഫണ്ട് വകയിരുത്തുക

6 വീടിന് സ്ഥലം വാങ്ങൽ

7. തൊഴിൽ സംരങ്ങൾക്ക് സബിസുഡിയോട് കൂടിയുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

8. വിദേശങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട തിരിച്ചുവന്ന പ്രവാസികൾക്ക് തൊഴിലും വരുമാനവും ലഭിക്കുന്നതിനാവശ്യമായ സംരഭങ്ങൾ ആരംഭിക്കുവാൻ സാമ്പത്തിക സഹായം നൽകുക.

<u>സാമൂഹ്യ നീതി</u>

അധികാരം ജനങ്ങളിലേക്ക് കൈമാറി കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ പാർശ്വവത്ക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങൾക്ക് ഉള്ള ക്ഷേമ പ്രവർത്തനങ്ങൾ എത്ര മാത്രം ഫലം കണ്ടിട്ടുണ്ടെന്ന് പരിശോധിക്കപ്പേടേണ്ടതാണ് തിരക്കുപിടിച്ച ലോകക്രമത്തിൽ പലപ്പോഴും നാളെയുടെ വാഗ്ദാനങ്ങളായ നമ്മുടെ കുട്ടികളും പ്രത്യേകം ശ്രദ്ധ നൽകി പരിചരിക്കപ്പെടേണ്ട വയോജനങ്ങളും ഭിന്നശേഷിക്കാരും പരിഗണിക്കപ്പെടാതെ പോകുന്നുണ്ട്. സാമൂഹ്യ ക്ഷേമ വകുപ്പിന്റെയും തദ്ദേശീയ ഭരണകൂടങ്ങളുടെയും ഇടപെടലുകൾ ഈ വിഭാഗത്തിന് സുരക്ഷിതത്വ ബോധം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

കുട്ടികളുടെ നാനാവിധമായ വികസനം. വയോജന ക്ഷേമം, അംഗപരിമിധർക്കുള്ള ക്ഷേമ പ്രവർത്തനം തുടങ്ങിയ മേഖലയിലൂന്നിയുള്ള വികസ പ്രവർത്തനങ്ങളിലൂടെ മാത്രമേ തദ്ദേശീയ ഭരണകൂടങ്ങൾ നടപ്പിലാക്കുന്ന വികസനങ്ങൾ ലക്ഷ്യം കാണുകയുള്ളൂ. ആരോഗ്യവും സുരക്ഷിതത്വ ബോധവുമുള്ള ഒരു ജനതയാണ് ഒരു രാജ്യത്തിന്റെ മുതൽക്കൂട്ട് എന്ന് മുന്നിൽ കണ്ടുകൊണ്ട് സംയോജിത ശിശു വികസന പദ്ധതിയുടെ പ്രവർത്തനം സമൂലമയ മാറ്റത്തിനുതകുന്ന രീതിയിൽ ഉപയോഗപ്പെടുത്താൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. അംഗൻവാടികളുടെ അടിസ്ഥാന സൗകര്യവും പ്രവർത്തനവും കുറ്റമറ്റ രീതിയിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്

വിദ്യഭ്യാസവും സാമൂഹിക പുരോഗതിയും കൈവരിച്ചു എന്ന് നാം അവകാശപ്പെടുമ്പോഴും തിരക്ക് പിടിച്ച ജീവിത സാഹചര്യത്തിൽ വയോജനങ്ങൾക്ക് ആവശ്യമായ പരിചരണം നൽകാൻ

സാധിക്കാതെ പോവുകയും അത് വഴിയുണ്ടാകുന്ന മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ വർധിച്ചുവരുന്നതായി കാണാൻ സാധിക്കും. വിദ്യഭ്യാസപരമയ കുറവ്, വരുമാനക്കുറവ്, ചികിത്സ സൗകര്യങ്ങളുട അപര്യപ്തത, നിത്യ ജീവിതത്തിൽ പരസഹായം ആവശ്യമായി വരിക തുടങ്ങിയ ഒട്ടനവധി കാരണങ്ങൾ ഇത്തരം ആളുകൾക്ക് ഇടയിൽ വലിയ വേദന ഉണ്ടാക്കുന്നതായി കാണാൻ സാധിക്കും.ഗർഭിണികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാരം നൽകി വരുന്നുണ്ടെങ്കിലും ഇതുകൊണ്ടുള്ള പ്രയോജനമെന്താണെന്ന ബോധം ഇവർക്കിടയിലില്ലായെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും..പോഷകാഹാരക്കുറവ് പഠനസൗകര്യങ്ങളുടെ അപര്യപ്ത, കുടുംബങ്ങളിൽ ഇടക്കിടെയുണ്ടാവുന്ന കലഹങ്ങൾ, സ്നേഹവും സംരക്ഷണവും ലഭ്യമാകാത്ത അവസ്ഥ എന്നിവയൊക്കെയാണ് കുട്ടികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ .

നിർദേശങ്ങൾ

1 വാർഡ് തലങ്ങളിൽ വയോജനങ്ങൾക്ക് വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുക

2.സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന വയോജനങ്ങൾക്ക് ഭക്ഷണവും ചികിത്സയും ഉറപ്പ് വരുത്തുക.

3.വയോജനങ്ങൾക്ക് വായനശാലയും ടി.വിയും ലഭ്യമാകുന്നതിനുള്ള സൗകര്യമേർപ്പെടുത്തുക

4.വയോജനങ്ങൾക്ക് വിനോദ യാത്ര സംഘടിപ്പിക്കുക.

5 പൊതു സ്ഥലങ്ങളിലും ആസ്പത്രികളിലും പ്രത്യേക പരിഗണ നൽകുക.

6.സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമിക്കുക.

7.വൈദ്യുതീകരിക്കാത്ത അംഗൻവാടികൾ വൈദ്യുതീകരിക്കുക

8.അംഗൻവാടികളിലെ അറ്റകുറ്റപ്പണികൾ സാമൂഹ്യ സുരക്ഷ പെൻഷൻ നൽകുന്നതിൽ ഉള്ള അനാവശ്യമായ മാനദണ്ഡങ്ങൾ മാറ്റുന്നതിനുള്ള ആവശ്യമായ ഇടപെടലുകൾ നടത്തുക.

9.ബഡ്സ് സ്കൂൾ സ്ഥാപിക്കുക

10.ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ സ്വയം തൊഴിൽ സംരഭങ്ങൾആരംഭിക്കുന്നതിന് ധനസഹായം നൽകുക.

<u>പട്ടികജാതി വികസനം</u>

വർണ വ്യവസ്ഥയുടെ തിക്ത ഫലമായി സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കാവസ്ഥ അനുഭവിച്ചുപോന്ന ഒരു ജനവിഭാഗത്തെ ഉയർത്തിക്കൊണ്ടുവരുന്നതിന് വേണ്ടി പതിറ്റാണ്ടുകളായി ഭരണകൂടങ്ങൾ നടത്തിയ ഇടപെടലുകൾ ചില മുന്നേറ്റങ്ങളുണ്ടാക്കാൻ സാധിച്ചെങ്കിലും പൂർണമായി ഈ സമൂഹം ഉന്നതി പ്രാപിച്ചു എന്നുപറയാനാവില്ല. വിദ്യഭ്യാസപരമായി മുന്നേറാൻ സാധിച്ചപ്പോഴും മെച്ചപ്പെട്ട താമസസൗകര്യമില്ലായ്മയും സാമ്പത്തിക പിന്നാക്കാവസ്ഥയും സാമൂഹ്യമായ ഒറ്റപ്പെടലുകളും ഈ വിഭാഗത്തെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിൽ ഉദ്ദേശിച്ച ഫലം കണ്ടെത്താൻ സാധിച്ചിട്ടില്ല.താമരശ്ശേരി പഞ്ചായത്ത് പട്ടിക ജാതി കുടുംബങ്ങൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഉണ്ടാക്കുന്നതിനും കുടിവെള്ളമെത്തിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഒരളവോളം ലക്ഷ്യപ്രാപ്തിയിൽ എത്താൻ സാധിച്ചിട്ടുണ്ട് എന്നിരുന്നാലും പോരായ്മകളില്ല എന്ന് പറയാൻ സാധിക്കുകയില്ല.ഭൂരിപക്ഷം പട്ടികജാതി കോളനികളും അവരുടെ താമസസ്ഥലങ്ങളും ഉയർന്ന പ്രദേശങ്ങളിലും പാറക്കെട്ടുകളിലുമാണ് സ്ഥിതി ചെയ്യുന്നത്. ഇത്തരം സ്ഥലങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്.ഇത് പരിഹരിക്കുന്നതിന് വ്യാപകമായി പഞ്ചായത്തിൽ കുടിവെള്ളപദ്ധതികളും ജലനിധിയും

പ്രവർത്തിച്ചുവരുന്നുണ്ട്ഇതിൽ നിന്നുള്ള ജലം തികയാതെ വരുമ്പോൾ എല്ലാ വീട്ടുകളിലും പഞ്ചായത്ത് കുടിവെള്ളം എത്തിച്ചുനൽകുന്നുണ്ട്

നിർദേശങ്ങൾ

1. പട്ടികജാതി ഭവന നിർമാണം, വീട് വാസയോഗ്യമാക്കൽ എന്നിവക്ക് ഫണ്ട് വകയിരുത്തുക

2.എസ്.സി മെറിറ്റോറിയൽ സ്കോളർഷിപ്പ്

3.വീടിന് സ്ഥലം വാങ്ങുന്നതിനുള്ള ധന സഹായം

4.എസ്.സി വിഭാഗത്തിൽപ്പെട്ട സാധുക്കളായ വിധവകളുടെ മക്കൾക്ക് വിവാഹ ധനസഹായം.

5. ടോയ്ലെറ്റ് നിർമാണം.

6. എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

7. എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം

8.എസ്.സി വിദ്യാർത്ഥികൾക്ക് പിഎസ്.സി കോച്ചിംഗ്

9.വിദേശത്ത് തൊഴിൽ നേടുന്നതിന് യുവാക്കൾക്ക് ധനസഹായം

10. എസ്.സി കുടുംബങ്ങൾക്ക് കുടിവെള്ളത്തിന് ടാങ്ക് സ്ഥാപിക്കുക

11.എസ്.സി കോളനികൾക്ക് സാംസ്കാരിക കേന്ദ്രവും ടി.വിയും ന്യൂസ് പേപ്പറുകളും അനുവദിക്കുക.

പട്ടികവർഗ്ഗ വികസനം

താമരശ്ശേരി പഞ്ചായത്തിന് കീഴിൽ ഒരു പട്ടിക വർഗ കോളിനി മാത്രമാണ് നിലവിലുളളത്- മൂന്നാംതോട് പട്ടികവർഗകോളനിപഞ്ചായത്തിനൽ പതിനെട്ട് പട്ടികവർഗ കുടുംബങ്ങളിലായി അറുപതിൽ താഴെ ആളുകൾ താമസിച്ചുവരുന്നു. ഇവരെല്ലാം കരിമ്പാല സമുദായത്തിൽപ്പെട്ട പട്ടികവർഗക്കാരാണ്

മറ്റു പട്ടികവർഗ വിഭാഗങ്ങളെ അപേക്ഷിച്ച് ഉയർന്ന വിദ്യഭ്യാസ നിലവാരവും ആരോഗ്യ സ്ഥിതിയും സാമ്പത്തികമായും സാമൂഹ്യമായും ഉയർന്നനിലയിലുമാണ് കോളനിയിൽ താമസിക്കുന്നവർക്ക് വൈദ്യുതിയും റോഡ്, കുടിവെള്ള സൗകര്യങ്ങളും ലഭ്യമാണ്.വീടില്ലാത്തവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീടുകളനുവദിച്ച് പണി പൂർത്തീകരിച്ച് വരുന്നുണ്ട്.എല്ലാ വീടുകളിലും കക്കൂസ് സൗകര്യമുണ്ട് കോളനി മൊത്തം 12 ഏക്കർ സ്ഥലം അതിർത്തികെട്ടാതെ കിടക്കുന്നുണ്ട്. ഈ സ്ഥലം അതിർത്തി കെട്ടി സംരക്ഷിക്കേണ്ടതുണ്ട് അഭ്യസ്ഥവിദ്യരായ യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ആവശ്യമായ പരിശീലനവും സാമ്പത്തിക പിൻബലവും നൽകി പദ്ധതികൾ നടപ്പിലാക്കാവുന്നതാണ് ഈ വിഭാഗങ്ങളെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരാൻ ദീർഘകാല ലക്ഷ്യങ്ങളോടെ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്

1.ഭവനരഹിതർക്ക് വീട് നിർമിച്ചുനൽകുക

2. എസ്ടി കോളനി നവീകരിക്കുക

3. എസ്.ടി കുടുംബങ്ങൾക്ക് പോഷകാഹാര വിതരണ പദ്ധതി നടപ്പിലാക്കുക

4. എസ്.ടി കോളനിയിൽ എസ്എസ്.എൽ.സി പാസായ വിദ്യാർത്ഥികൾക്ക് സൗജന്യ പി.എസ്.സിപരിശീലനം നൽകുക.

5. പലതരത്തിലുള്ള പ്രയാസങ്ങൾകൊണ്ട് പാതിവഴിയിൽ പഠനമുപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനം തുടരാനുള്ള അവസരമൊരുക്കുക.

6.എല്ലാ വീട്ടുകളിലും വെള്ളവും വൈദ്യുതിയെമെത്തിക്കുക.

7. കളിസ്ഥലം, സാംസ്കാരിക നിലയം ഗ്രന്ഥാലയം എന്നിവ സ്ഥാപിക്കുക.

8.എസ്.സി കുടുംബങ്ങൾക്ക് ലാപ്ടോപ്പ് അനുവദിക്കുക.

9. കോളനിയിൽ പൊതു കിണർ സ്ഥാപിക്കുക.

മൃഗസംരക്ഷണം, ക്ഷീര വികസനം

ഗ്രാമ സ്വരാജ് എന്ന മാഹാത്മജിയുടെ സ്വപ്നങ്ങൾക്ക് നിറം പകർന്നുകൊണ്ട് ജനകീയാസൂത്രണം നടപ്പാക്കി കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ മൃഗ സംരക്ഷണം, ക്ഷീര വികസനം മേഖലയെ വിലിയിരുത്തുമ്പോൾ വലിയ പുരോഗതിയൊന്നും ഉണ്ടായില്ലെന്ന് മനസ്സിലാക്കാൻ സാധിക്കും. യുവതലമുറയുടെ വിദ്യഭ്യാസ പുരോഗതിയു അധ്വാനം കുറഞ്ഞ രീതിയിലുള്ള ധനാഗമ മാർഗങ്ങളും തേടിയുള്ള യാത്രയും ഈ മേഖലയിലും ബാധിച്ചിട്ടുണ്ട്. എന്നാലും കൃത്യമായ ഇടപെടലുകളിലൂടെയും പ്രോത്സാഹനങ്ങളിലൂടെയും തിരിച്ച വരവിനുള്ള അടയാളങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നത് ആശാവഹമാണ്.

കാർഷിക ഗ്രാമമായ താമരശ്ശേരി പഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യഘടകമാണ് കാലി വളർത്തൽ. കാർഷിക മേഖലയ്ക്ക് അനുബന്ധമായി വികസിപ്പിച്ചെടുക്കേണ്ടതാണ് മൃഗസംരക്ഷണമേഖല എന്നാൽ കാർഷിക മേഖലയുടെ തകർച്ച കാലി വളർത്തലിനെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ മേഖലയിലെ പ്രധാന പ്രശ്നങ്ങളിലൊന്നാണ് പരിപാലന ചെലവിനേക്കാൾ കുറഞ്ഞ വരുമാനമേ ലഭിക്കുന്നുള്ളു എന്നതാണ് കാലിത്തീറ്റയുടെ വില വർദ്ധന, തീറ്റപുൽ അപര്യാപ്തത, കറവക്കാരുടെ ദൗർലഭ്യം എന്നിവ വരുമാനക്കുറവി നുള്ള കാരണങ്ങളായി കണക്കാക്കാം.

മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ടുതന്നെ മൃഗസംരക്ഷണ ക്ഷീരവികസന മേഖല മുഖ്യ ഉപജീവനമാർക്ഷമായി സ്വീകരിച്ചവരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ള തായി കാണാം. പുതിയ തലമുറക്ക് മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിലേക്ക് വരുന്നതിന് താൽപ്പര്യക്കുറവുണ്ട്

കാർഷിക മേഖലക്ക് ആവശ്യമായ ജൈവവളം, അധ്വാനശേഷി, ജൈവവാതക നിർമ്മാണം എന്നിവയിലൂടെ നമ്മുടെ സാമൂഹ്യ സാമ്പത്തിക മേഖലകളെ പലവിധ ത്തിൽ സഹായിക്കുന്നതിന് മൃഗസംരക്ഷണമേഖല പ്രധാന പങ്ക് വഹിക്കുന്നു. മൃഗസ മ്പത്തിന്റെ ബഹുഭൂരിപക്ഷവും ഗ്രാമപ്രദേശങ്ങളിലെ ചെറുകിട നാമമാത്ര കർഷക രുടെ കൈയ്യിലായതുകൊണ്ട് തന്നെ ഈ മേഖലയുടെ വികസനം മൊത്തത്തിൽ ഗ്രാമീണ സമ്പദ്ഘടനയെ ശക്തിപ്പെടുത്തും. ജൈവവാതക യൂനിറ്റ്, വളം നിർമ്മാണ യൂനിറ്റ് ഇവ സബ്സിഡി ലഭ്യമാക്കി കർഷകർക്ക് അനുവദിക്കാവുന്നതാണ്. മൃഗസംരക്ഷണ മേഖയുടെ വികസനത്തിന് കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രയോചനപ്പെടുത്താവുന്നതാണ് വീടുകളിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടി വരുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് കണ്ടെത്താൻ സാധിക്കും. ഇതിനുവേണ്ടി ജനങ്ങളിൽ ബോധവൽക്കരണം നടത്തുവാൻ ക്ലാസുകൾ സംഘടിപ്പാക്കാവുന്നതാണ്.
പശുക്കളെ വളർത്തുന്ന ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കറവയ അനുവദിക്കുന്നത് ഈ മേഖലയ്ക്ക് പുതിയ ഉണർവ്വ് സൃഷ്ടിക്കും, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയെപ്പറ്റി പറയുമ്പോൾ – തൊഴുത്ത് നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ശാസ്ത്രീയമായ കാലിത്തൊഴുത്ത് നിർമ്മാണത്തിന്റെ അപര്യാപ്തത ഈ മേഖലയുടെ തിരിച്ചടിക്ക് കാരണമാകുന്നുണ്ട്

ഇപ്പോൾ നൽകി വരുന്ന സഹായങ്ങൾ നിലനിർത്തിക്കൊണ്ട് തന്നെ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് ഈ മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാം.

<u>പൊതുഭരണം, ധനകാര്യം</u>

താമരശ്ശേരി പഞ്ചായത്ത് ഒരു മുനിസിപ്പൽ ഓഫീസിനേക്കാൾ കൂടുതൽ ജനങ്ങൾ വ്യത്യസ്ഥ ആവശ്യങ്ങൾക്കായി എത്തിപ്പെടുന്ന ഒരു ഓഫീസാണ്. പഞ്ചായത്തിന്റെ വിസ്തൃതിക്കനുസൃതമായി ഓഫീസിൽ ആവശ്യമായ ജീവനക്കാരില്ലാത്തത് സമയബന്ധിതമായി ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിന് സാധിച്ചിരുന്നില്ല. കഴിഞ്ഞ ഭരണസമിതിയുടെ കാലത്ത് ഓഫീസിൽ ലഭ്യമാകുന്ന മുഴുവൻ രേഖകളും ആവശ്യം വരുന്ന സന്ദർഭങ്ങളിൽ കണ്ടെത്താവുന്ന രൂപത്തിൽ ക്രമീകരിച്ച് സൂക്ഷിച്ചിട്ടുണ്ടെന്നുള്ളത് ഇവിടെ എടുത്തുപറയേണ്ടതാണ്.കുറ്റമറ്റ രൂപത്തിൽ ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. ശാരീരിക അവശതകളനുഭവിക്കുന്ന ആളുകൾക്ക് ഓഫീസിലെത്തിപ്പെടുന്നതിന് ആവശ്യമായ റാമ്പ് സ്ഥാപിച്ചിട്ടുണ്ട്. പ്രവർത്തന മികവിന്റെ ഭാഗമായി ഐഎസ്.ഒ സർട്ടിഫിക്കറ്റ് പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും മറ്റ് സേവനങ്ങളും ലഭ്യമാകുന്നതിന് ഓൺലൈൻ സംവിധാനവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

1.പഞ്ചായത്ത് ഓഫീസ് പ്രവർത്തനം നിരീക്ഷിക്കുന്നതിന് വേണ്ടി പഞ്ചായത്ത് ഓഫീസിൽ സി.സിടിവി സംവിധാനം ഏർപ്പെടുത്തുവാനും പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തുവാനും ലക്ഷ്യമിടുന്നു.

2.ഗ്രാമപഞ്ചായത്തിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ
പൂർണമായും ഓൺലൈനായി ലഭിക്കാൻ ഇ- പഞ്ചായത്ത് പദ്ധതി നടപ്പാക്കും.

3. പഞ്ചായത്തിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി നൽകാൻ സാധിക്കണം.

4. റിക്കാഡ് റൂം ഏർപ്പെടുത്തി ഫയലുകൾ കാലക്രമത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

5. പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തനരഹിതമാകുന്ന സമയത്ത് റിപ്പയർ ചെയ്തു പ്രകാശിപ്പിക്കുന്നതിന് സ്ഥിരം സംവിധാനമേർപ്പെടുത്തുക

<u>കൃഷി</u>

കൃഷിയും അനുബന്ധ ജീവിതോപാധികളുമായി ജീവിക്കു ജനവിഭാഗത്തിനിടയിലേക്കാണ് ഗൾഫ് കുടിയേറ്റത്തിന്റെ ചിന്തകൾ ഉയർന്നു വരുന്നത്. തൊള്ളായിരത്തി എൺപതുകളോടെ കേരളത്തിൽ നിന്നും വിദേശ നാടുകളിലേക്ക് ജനങ്ങളുടെ പ്രയാണം ആരംഭിച്ചതോടെ താമരശ്ശേരി പഞ്ചായത്തിലും അതിന്റെ അലയൊലികൾ കണ്ടിരുന്നു. പഞ്ചായത്തിലെ മിക്ക വീട്ടുകാരും ഇന്ന് വദേശ രാജ്യത്തെ ആശ്രയിച്ചു കഴിയുന്ന തരത്തിലേക്ക് വളർന്നപ്പോൾ നാട്ടിൽ സംരഭങ്ങൾ ആരംഭിക്കുന്നതിൽ ഇത് പിന്നാക്കം നിൽക്കാൻ കാരണമായി. എന്നാൽ സാമ്പത്തിക മാന്ദ്യവും മറ്റ് പ്രശ്നങ്ങളും മൂലം ധാരാളം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടതാടെ നാട്ടിൽ എന്തെങ്കിലും തരത്തിലുള്ള സംരഭങ്ങൾ തുടങ്ങുതിലേക്കുള്ള ചിന്തകൾ ഉയർന്നുവന്നിട്ടുണ്ട്

റബർ എസ്റ്റേറ്റുകൾ ധാരാളമുള്ള പ്രദേശമായിരുന്നെങ്കിലും തോട്ടങ്ങളെല്ലാം വിറ്റ് റബർ കൃഷിയിൽ നിന്നും അവർ പിന്നാക്കം പോവുകയായിരുന്നു. റബർ അധിഷ്ഠിതമായ വ്യവസായങ്ങളുടെ സാധ്യതകളായിരുന്നു ഇതുമൂലം മങ്ങിപ്പോയത്. പ്രധാന നാണ്യ വിളയായ നാളീകേരം വെട്ടി കൊപ്ര, അടക്ക വെട്ടി കളിയടക്കയാക്കുക തുടങ്ങിയ പഴകാലത്തെ സമ്പ്രദായത്തെ പുതിയ രീതിയിൽ പുനരുജ്ജീവിച്ചാൽ ഇത് വ്യവസായ വളർച്ചക്ക് ആക്കം കൂട്ടും. ഇതിൽ നിന്നും മൂല്യ വർധിത ഉത്പന്നങ്ങൾ കണ്ടെത്തുകയും അതു ഉത്പാദിപ്പിക്കുന്നതിനാവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകുകയാണെങ്കിൽ അത് ആ രംഗത്ത് വൻ കുതിപ്പിന് കാരണമാകും.

താമരശ്ശേരി പഞ്ചായത്ത് പൊതുവവെ ഒരു കാർഷിക മേഖലയാണ്. ജനകീയസൂത്രണത്തിന്റെ ആരംഭകാലത്തിൽ കട്ടിപ്പാറ പഞ്ചായത്ത് ഉൾപ്പെട്ടതായിരുന്നു. പഞ്ചായത്ത് വിഭജിക്കപ്പെട്ടതോടെ കാർഷിക മേഖലയുടെ ഗണ്യമായ വിഭാഗം കട്ടിപ്പാറയിലേക്ക് മാറി. കർഷകരും കർഷക തൊഴിലാളികളും ആയിരുന്നു ഈ നാടിന്റെ ജീവനാഡി. ആദ്യ കാലത്ത് പ്രകൃതിക്ക് ഇണങ്ങിയ നാടിന്റെ നാടൻ വള പ്രയോഗങ്ങളും കൃഷി രീതിയുമായിരുന്നു. എന്നാൽ കാലി വളർത്തലും മരങ്ങളുടെ വെട്ടിമാറ്റലും പ്രകൃതിദത്തമായ വളങ്ങൾ ലഭ്യമല്ലാതെ വന്നതോടെ രാസ വളപ്രയോഗങ്ങളും കീടനാശിനി ഉപയോഗവും മണ്ണിന്റെ സ്വാഭാവികത നഷ്ടപ്പെടുത്തി. വിദ്യഭ്യാസപരമായ മുന്നേറ്റവും ഗൾഫ് സ്വാധീനവുംകൂടി വന്നതോടെ ഈ മേഖലയിൽ നിന്നും യുവാക്കൾ പിന്മാറി. ഇതിന്റെ ഫലമായി കർഷക തൊഴിലാളികളെ ആശ്രയിക്കേണ്ട അവസ്ഥ വന്നുചേർന്നു. ഒരുകാലത്ത് നെല്ലിന് പകരമായി തൊഴിൽ ചെയ്തിരുന്ന തൊഴിലാളികൾ സംഘടിതമായി മാറിയതോടെ ഈ മേഖലയിൽ ഉയർന്നുവന്ന കൂലിയും മറ്റു ജീവിത മാർഗങ്ങളും കർഷകരെ പൊതുവിൽ കാർഷിക വൃത്തിയിൽ നിന്ന് പിന്തിരിയാൻ പ്രേരിപ്പിച്ചു. നെൽപ്പാടങ്ങൾ നികത്തപ്പെടുകയോ മണ്ണിട്ട് നികത്തി തെങ്ങും കവുങ്ങും കൃഷി ചെയ്യുകയും ചെയ്തതോടെ നെൽപ്പാടങ്ങൾ ഇല്ലാതാവുകയും ചെയ്തു. പ്രധാനമായും തെങ്ങ്, കവുങ്ങ്, കൊക്കോ, റബ്ബർ, നെല്ല്, പച്ചക്കറികൾ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വിളകൾ. ഇതിൽ റബറിന്റെ വിലയിടിവും തൊഴിലാളികളും കൂലി വർധനവും ഈ രംഗത്ത് നിന്ന് ഇവരെ മാറ്റിചിന്തിപ്പിക്കാൻ പ്രേരിപ്പിച്ചുഇതോടെ റബ്ബർ കൃഷി നാമമാത്രമായി ചുരുങ്ങിപ്പോയിട്ടുണ്ട് നെൽപ്പാടങ്ങൾ നികത്തപ്പെട്ടതോടെ നെൽകൃഷിയും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ കുടുംബാംഗങ്ങളുടെ എണ്ണം വർധിച്ചതോടെ അത് ഉൾക്കൊള്ളാൻ കര വിസ്തൃതിക്ക് സാധിക്കാതെ വന്നപ്പോൾ നിലങ്ങൾ നികത്തി വീടുകൾ പണിയാൻ ജനങ്ങൾ നിർബന്ധിതരായി. വീടുകൾ വർധിച്ചുവന്നതോടെ ഗതാഗത സൗകര്യത്തിനായി റോഡുകളുടെ നിർമാണം പല നീർച്ചാലുകളും ഇല്ലാതായതും കാർഷികാവശ്യത്തിനുള്ള വെള്ളം കിട്ടാതിരിക്കാനുള്ള മറ്റൊരു കാരണമായി. കൊക്കോ നമ്മുടെ നാട്ടിലെ കാർഷിക വിളകളിലേക്ക് കടന്നുവന്നപ്പോൾ ജനങ്ങൾ വലിയ ആവേശത്തോടെ കവുങ്ങ് വെട്ടിമാറ്റിയിട്ട് പകരം ഇത് കൃഷി ചെയതിരുന്നു. എന്നാൽ പിന്നീട് വന്ന കൊക്കോയുടെ വിലയിടിവ് ഈ രംഗത്ത് നിന്ന് ചുരുങ്ങിയ കാലം കൊണ്ട് കർഷകർ പിന്തിരിഞ്ഞു. കൊക്കോ കൊണ്ട് മൂല്യവർധിത ഉത്പന്നങ്ങൾക്ക് വലിയ മാർക്കറ്റാണുള്ളത്. ഇതിനുള്ള സാധ്യകൾ അന്വേഷിച്ച് വേണ്ട നടപടികൾ സ്വീകരിച്ചാൽ കൊക്കോ കർഷകർക്ക് ഒരു പരിധി വരെ അത് ആശ്വാസമാകും.

നാളികേര കൃഷിയാണ് പഞ്ചായത്തിലെ വലിയൊരുവിഭാഗം ജനങ്ങളുടെ വരുമാന മാർഗം.എന്നാൽ സാധാരണ കൃഷി രീതിയിൽ നിന്നും മാറി അശാസ്ത്രീയമായ രാസ വളങ്ങളുടെ പ്രയോഗവും നടീൽ വസ്തുക്കളുടെ തെരഞ്ഞെടുപ്പിനുള്ള അറിവില്ലായ്മയും ഈ രംഗത്തെ

പോരായ്മകളായി  പറയാം.ഇന്നത്തെ അവസ്ഥയും കഴിഞ്ഞ 25 വർഷങ്ങളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ നേട്ടങ്ങളും കോട്ടങ്ങളും കാണാൻ സാധിക്കും. ഗ്രാമപഞ്ചായത്തിന്റെയും കൃഷി വകപ്പിന്റെയും കൃത്യമയാ ഇടപെടലുകളും വകയിരുത്തലുകളും കുടുംബശ്രീ സംവിധാനത്തിലുള്ളതും അല്ലാത്തതുമായ കർഷക കൂട്ടായ്മകളും ഒന്നായി ചേർന്നപ്പോൾ ആശാവഹമായ മുന്നേറ്റങ്ങൾ നടത്താൻ കഴിഞ്ഞെന്ന് എടുത്ത് പറയാൻ സാധിക്കും.

വർധിച്ച കൂലി ചെലവുകളും ഉത്പാദകന് ന്യായ വില ലഭിക്കാത്തതും ഒക്കെ കൃഷി കുറഞ്ഞു വരുന്നതിന് മറ്റൊരു കാരണമായി കണക്കാക്കാം.

കോവിഡ്കാലത്ത് ജനങ്ങൾ  വീടുകളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്നപ്പോൾ വാഴ,  കപ്പ, പച്ചക്കറികൾ മുതലായവ വ്യാവസായിക അടിസ്ഥാനത്തിൽ തന്നെ  കൃഷി ചെയ്തു.എന്നാൽ ഇത്തരം ഇടവേള കൃഷികൾ വർധിച്ചുവരികയും ഇതു വഴിവലിയ തോതിൽ  വിലതകർച്ചയുണ്ടാവുകയും ചെയ്തതോടെ ഈ രംഗത്ത് നിന്ന് പിറകോട്ട് പോകാൻ കാരണമായിട്ടുണ്ട്

കൃത്യമായ ഇടപെടലുകളിലൂടെ ഈ രംഗത്ത് മാറ്റങ്ങൾ ഉണ്ടാക്കുവാനും പഞ്ചായത്തിലെ ഒരുപാട് തരിശുനിലങ്ങൾ കൃഷി യോഗ്യമാക്കുവാൻ സാധിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കുവാൻ സാധിക്കും.

ഈ രംഗത്ത് ശാസ്ത്രീയമായ പരിശീലനം നൽകി കർഷകരെ ബോധവാൻമാരാക്കുന്നതിൽ സംവിധാനം കുറവായി കാണുന്നു.

മണ്ണിന്റെ ഗുണനിലവാരം പരിധോച്ച് അതിന് അനുയോജ്യമായ രാസ വളപ്രയോഗം നടത്താൻ ആവശ്യമായ കർഷകെ ബോധവാൻമാരാക്കണം

– കൃഷിക്ക് ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് ഇരുതുള്ളി, പൂനൂർ പുഴകളിൽ തടയണകൾ ഉണ്ടാക്കുന്നതും ഉപയോഗപ്രദമായിരിക്കും

– പരമ്പരാഗത ജല സ്രോതസുകളെ  സംരക്ഷിക്കപ്പെടണം.

തെങ്ങ് കൃഷി പ്രോത്സാഹനം

തെങ്ങിൻ തൈകൾ സൗജന്യമായി നൽകുകയും തെങ്ങിന് വളം നൽകുവാനായി ആവശ്യമായ ഫണ്ട് വകയിരുത്തുകയും ചെയ്യുക

കൂമ്പ് ചീഞ്ഞ തെങ്ങ് വെട്ടിമാറ്റാനാവശ്യമായ സഹായം നൽകുക

നെൽകൃഷി

തരിശായി കിടക്കുന്ന ഭൂമികൾകൂടി ഉപയോഗപ്പെടുത്തി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം നൽകുക

പച്ചക്കറി കൃഷി പ്രോത്സാഹനം

1.തൈകൾ വിതരണം

2.വിത്തും വളവും നൽകൽ

3.ഗ്രോബാഗ് വിതരണം

4.കുറ്റിക്കുരുമുളക് വിതരണം.

നെൽകൃഷി നടത്തുന്ന കർഷകർക്ക് വിത്ത് വളം കുമ്മായം കൂലിച്ചിലവ് എന്നിവ ലഭ്യമാക്കുക

ഇടവിള കൃഷിക്ക് ആവശ്യമായ വിത്തും തൈകളും വളവും നൽകുക

കിഴങ്ങ് കൃഷി

കുടുംബങ്ങൾക്ക് കിഴങ്ങ് വിളകളുടെ വിത്ത്

ജൈവ വളം എന്നിവ സൗജന്യമായി നൽകണം

എല്ലാ സ്കൂളുകളിലും ജൈവ പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ വിത്തും വളവും മറ്റ് സൗകര്യങ്ങളും ഒരുക്കുക

ആധുനിക കൃഷി രീതിയെക്കുറിച്ചുള്ള ബോധവത്ക്കരണം വിദ്യാലയങ്ങളിൽ നിന്നാരംഭിക്കുക.
കാർഷിക വിളികൾ ഉപയോഗപ്പെടുത്തി മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വിറ്റഴിക്കുന്നതിനുമുള്ള സംവിധാനമുണ്ടാക്കുക
തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കാർഷിക മേഖലക്ക് ആവശ്യമായ പിൻബലം നൽകുക.

<u>പ്രാദേശിക സാമ്പത്തിക വികസനം</u>

പഞ്ചായത്തിലെ ജനസംഖ്യയിൽ ബഹുഭൂരിഭാഗവും നിത്യ തൊഴിൽ ചെയ്ത് ജീവിക്കുന്നവരോ ജീവിക്കാൻ പ്രയാസപ്പെടുന്നവരോ ആണെന്ന് മനസ്സിലാക്കാൻ സാധിക്കും. സാമ്പത്തികമായി മുന്നാക്കം നിൽക്കുകയും ഏതെങ്കിലും ഉദ്യോഗം ഉള്ളതുമായ ആളുകളൊഴിച്ചാൽ ബാക്കി വരുന്നത് പ്രയാസപ്പെട്ട് ജീവിക്കുന്ന കുടുംബങ്ങളാണ്. ഇത്തരം കുടുംബങ്ങളുടെ സാമ്പത്തിക പുരോഗതിയിലൂടെ മാത്രമേ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. കുടുംബത്തിലുള്ള മുഴുവൻ അംഗങ്ങൾക്കും ഏതെങ്കിലും രൂപത്തിലുള്ള വരുമാനമുണ്ടായാൽ മാത്രമേ ഈ അവസ്ഥക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ

പുതിയ കാലത്ത് വളർന്നുവരുന്ന തലമുറ സംരഭകത്വത്തിന്റെ സാധ്യകൾ തിരിച്ചറിയുന്നുണ്ട് അതുകൊണ്ട് അവർക്കൊപ്പം നിൽക്കാൻ വേണ്ടി പഞ്ചായത്തിലെ യുവ സംരഭകർക്കായി ടുഗദർ വി കാൻ എ പേരിൽ ഒരു പദ്ധതി ആരംഭിക്കകയും ഈ മേഖലയിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ദിവസം നീണ്ടുനിൽക്കു സെമിനാർ സംഘടിപ്പിക്കുകയും ചെയ്തത്. സംരഭം തുടങ്ങുതിനാവശ്യമായ നിർദേശങ്ങളും സഹായങ്ങളും നൽകിക്കൊണ്ട് സമൂഹത്തിനൊപ്പം നിൽക്കുകയെന്ന ബാധ്യത കൂടി ഏറ്റെടുക്കുകയാണ്. ഐ.ടി രംഗത്ത് വൻ സാധ്യകളാണ് വരുംകാലങ്ങളിലുള്ളത്. ഇതുകൊണ്ട് തന്നെ ഇത്തരം പ്രഫഷനൽസിനെ ഉൾക്കൊള്ളിച്ചുകൊണ്ട് അവർക്കു വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് ഒരു ഇൻകുബേഷൻ സെന്റർ ആരംഭിക്കുകയും അതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്താൽ ഈ രംഗത്ത് വൻ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കും. വിവര സാങ്കേതി വിദ്യയുടെ കാലത്ത് പുതിയ തലമുറയെ വാർത്തെടുക്കുന്നതോടൊപ്പം വലിയ ജോലി സാധ്യത കൂടി ഇം രംഗത്ത് ഉയർന്നു വരുന്നുണ്ട്. കോവിഡ് അനന്തകാലത്ത് ആവശ്യങ്ങൾ ഒറ്റ ക്ലിക്കിൽ എന്ന രീതിയേലേക്ക് സമൂഹം മാറുമ്പോൾ അതിന് താങ്ങവുന്ന രീതിയിലുള്ള നിർദേശങ്ങൾ പദ്ധതിയിൽ ഉൾക്കൊള്ളിക്കാവുന്നതാണ്
നാളീകേര അധിഷ്ഠിധമായ ഉത്പങ്ങൾ മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റി വിപണനം നടത്തുന്നതിനുള്ള സഹായം ഉണ്ടാവുകയാണെങ്കിൽ നാളികേര കർഷകർക്ക് പ്രോത്സഹാനമായി തീരും.
ക്ഷീര കർഷരെ ഉൾക്കൊള്ളിച്ച് വ്യാവസായികാടിസ്ഥാനത്തിൽ പാൽ ശേഖരിക്കുകയും അതിൽ നിന്നും മൂല്യ വർധിത ഉത്പങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ വലിയ സാധ്യതകൾ നിലനിൽക്കുകയാണ്.

1.സ്വയം സഹായസംഘങ്ങൾ രൂപീകരിച്ച് സംഘങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകുകയും പ്രവർത്തനക്ഷമമാക്കുന്ന രീതിയിലുള്ള പരിശീനലങ്ങളും മറ്റും നൽകുക.
2. വിധവകൾക്കും സംരഭങ്ങൾ തുടങ്ങാൻ താൽപ്പര്യമുള്ള മറ്റാളുകൾക്കും ടൈലറിംഗ് യൂണിറ്റുകൾ തുടങ്ങാനുള്ള ആനുകൂല്യം നൽകുക.

3. ഭിന്നശേഷിക്കാരും രോഗങ്ങൾകൊണ്ട് മറ്റു തൊഴിൽ ചെയ്യാൻ സാധിക്കാതെ നിൽക്കുന്ന ആളുകൾക്കും പെട്ടിക്കടകൾ തുടങ്ങുന്നതിനുള്ള ആനുകൂല്യങ്ങൾ അനുവദിക്കുക.
4. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളുകൾക്ക് ഓട്ടോറിക്ഷ നൽകുന്ന പദ്ധതി നടപ്പിലാക്കുക.
5. തൊഴിൽരഹിതരായ സ്ത്രീകൾക്ക് വരുമാനം ലഭിക്കുന്ന തരത്തിലുള്ള സംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായവും ആവശ്യമായ പരശീലനവും നൽകുക.
6.വീട്ടമ്മമാരെ ചെറിയ യൂണിറ്റുകളാക്കി സംഘടിപ്പിച്ച് ഭക്ഷ്യ ഉത്പന്നങ്ങൾ നിർ#ിച്ച് വിപണനം നടത്തുന്നതിനുള്ള സഹായം നൽകുക.
7. ഭിന്നശേഷിക്കാർ നിർമിക്കുന്ന വസ്തുക്കൾ വിറ്റഴിക്കുന്നതിനഉള്ള വിപണനകേന്ദ്രം തുടങ്ങുക.
കുടിവെള്ളം, ശുചിത്വം

താമരശ്ശേരി പഞ്ചായത്ത് ശുചിത്വം നിലനിലർത്തുന്നതിനും മാലിന്യ സംസ്ക്കരണത്തിന് മുന്തിയ പരിഗണ നൽകിയിരുന്നതായി ഓരോ പഞ്ചവത്സര പദ്ധതി രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാം. ദീർഘദൃഷ്ടിയോടെയുള്ള ആസൂത്രണങ്ങൾ ഈ രംഗത്ത് വിജയം കൈവരിക്കാൻ സഹായകമായിട്ടുണ്ട് പാരിസ്ഥിതികമായ പ്രയാസങ്ങൾ സൃഷ്ടിക്കാതെ തന്നെ മാലിന്യം സ്വീകരിക്കുവാനും നിക്ഷേപിക്കുവാനുമുള്ള സൗകര്യത്തിന്റെ ഭാഗമായി സ്വന്തമായി ട്രഞ്ചിംഗ് ഗ്രൗണ്ട് വിലക്കുവാങ്ങി മാലിന്യ പ്രശ്നത്തിന് പരിഹാരം കാണാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഹരിത സുന്ദരം, ക്ലീൻ താമരശ്ശേരി എന്ന പദ്ധതിയിലൂടെ മാലിന്യം ഉറവിടങ്ങളിൽ തന്നെ ചെന്നു സ്വീകരിക്കുവാനും അതുവഴി മാലിന്യമുക്തമായ ഒരു പഞ്ചായത്തായി മാറ്റുവാനും പുതിയ ഭരണസമിതിക്ക് സാധിച്ചിട്ടുണ്ട്.

1.വീടുകളിൽ നിന്നും അങ്ങാടികളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് സംസ്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ ശ്രമിക്കുക
2. ഓരോ വീടുകളിൽ കമ്പോസ്റ്റ് കുഴികൾ സ്ഥാപിക്കാനുള്ള സാമ്പത്തിക സഹായം നൽകുക
3..വഴിയോരങ്ങളിൽ സി.സി ടി.വി സ്ഥാപിക്കുക.
4. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് റീസൈക്ലിംഗ് നടത്തുന്നതിനുള്ള സൗകര്യമേർപ്പെടുത്തുക
ഖരമാലന്യങ്ങൾ ഉപയോഗപ്പെടുത്തി കമ്പോസ്റ്റ് വളമുണ്ടാക്കി വിപണനം നടത്താനുള്ള സൗകര്യമുണ്ടാക്കുക.
<u>കുടിവെള്ളം:</u>
ഒമ്പതാം പഞ്ചവത്സര പദ്ധതി കാലംമുതൽ പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും കുടിവെള്ളം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾക്ക് പ്രധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനമായിരുന്നു പഞ്ചായത്ത് ഭരണസമിതികൾ നടത്തിക്കൊണ്ടിരുന്നത്. പൂനൂർ പുഴയും ഇരുതുള്ളിപ്പുഴയും അതിർത്തിപങ്കിടുന്ന പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾ കുടിവെള്ളത്തിന് വളരെ പ്രയാസം അനുഭവിച്ചിരുന്നു. ഇതിന് പരിഹാരമെന്ന നിലയിൽ ഒട്ടനവധി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്.വേനൽ കടുക്കുമ്പോൾ ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം വാഹനങ്ങളിൽ ജല വിതരണം നടത്തുന്നുണ്ട്.
1.ജലാശയങ്ങളെയും നീർത്തടങ്ങളെയും സംരക്ഷിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

2. പുഴകളിൽ തടയണകൾ നിർമിച്ച് ജലം തടഞ്ഞുനിർത്തി വരണ്ട്പോകുന്ന കിണറുകളിൽ ജല ലഭ്യത ഉറപ്പുവരുത്തുക.
3.നിലവിലുള്ള കുടിവെള്ള പദ്ധതികൾ സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുക.
4.കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനും മോട്ടോറും മാറ്റി സ്ഥാപിക്കുക.
5. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കിണർ റീച്ചാർജ്ജിംഗ് ബോധവത്ക്കരത്തിലൂടെ എല്ലാ വീടുകളിലും എത്തിക്കാനുള്ള സൗകര്യങ്ങളേർപ്പെട്ടുത്തുക
6 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് നൽകാനുള്ള ഫണ്ട് പദ്ധതിയിൽ വകയിരുത്തുക

<u>പൊതുമരാമത്ത്</u>

ജനകീയാസൂത്രണം നിലവിൽ വന്ന കാലത്ത് താമരശ്ശേരി പഞ്ചായത്ത് പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നിലായിരുന്നു. 96–97 കാലഘട്ടത്തിൽ സൗകര്യങ്ങളുള്ള റോഡുകളോ ഇടവഴികളോ ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങളോ ഇല്ലാതെ പ്രയാസമനുഭവിച്ചിരുന്നു. രണ്ടായിരത്തിയഞ്ച് വരെ താമരശ്ശേരി പഞ്ചായത്തിന്റെ ഭാഗമായിരുന്ന കട്ടിപ്പാറ പഞ്ചായത്ത് വേർപിരിഞ്ഞു പോയതോടെ ദുർഘടമായ യാത്രാ സൗകര്യങ്ങളുള്ള പ്രദേശങ്ങൾ അതിന്റെ ഭാഗമാവുകയായിരുന്നു. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയും തൊഴിലുറപ്പ് പദ്ധതിയിലും കേന്ദ്ര ഫണ്ടുകളും സംസ്ഥാന ഫണ്ടുകളും ഉപയോഗപ്പെടുത്തിയും കഴിഞ്ഞ 25 വർഷംകൊണ്ട് പഞ്ചായത്തിലെ ബഹുഭൂരിപക്ഷം റോഡുകളും ടാറിട്ടും കോൺഗ്രീറ്റ് വർക്കുകൾ ചെയ്തും ആവശ്യമായ ഓവു ചാലുകളും പാലങ്ങളും നിർമിച്ച് ഗതാഗത യോഗ്യമാക്കാൻ സാധിച്ചിട്ടുണ്ട്.
ആളുകൾക്ക് നടന്നുപോകാൻ ബുദ്ധിമുട്ടുള്ള കോളനികളുൾപ്പെടെയുള്ള പ്രദേശങ്ങളിലേക്ക് സഞ്ചാരയോഗ്യമായ പാതകളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിദ്യഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ കളി സ്ഥലവും കെട്ടിടവും ശൗച്യാലയങ്ങളും ചുറ്റമതിലും നിർമിച്ച് ഉന്നതനിലവാരത്തിലുള്ള വിദ്യഭ്യാസ സ്ഥാപനമാക്കി മാറ്റാൻ സാധിച്ചു.പഞ്ചായത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യം വെച്ചുകൊണ്ട് നിർമിക്കുന്ന ഷോപ്പിംഗ് മാളിന്റെ പ്രവർത്തനം പുരോഗമിക്കുന്നതിനോടൊപ്പം തന്നെ ഇരുതുള്ളിപ്പുഴയുടെ തീരത്ത് ഉയർന്നുവരുന്ന വിനോദ വിശ്രമ കേന്ദ്രവും പ്രവർത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ആവശ്യമായ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കാനും അംഗൻവാടികൾ വൈദ്യുതീകരിക്കാനും സാധിച്ചിട്ടുണ്ട്.
കേടുവന്ന തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുന്നതിന് സംവിധാനമേർപ്പെടുത്തുക
മുഴുവൻ വാർഡുകളിലും ആവശ്യമായ സ്ഥങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
പ്രധാന കവലകളിൽ നിലവിലുള്ള സോളാർ ലൈറ്റുകൾ റിപ്പയർ ചെയ്യുകയും ഇല്ലാത്ത സ്ഥലങ്ങളിൽ പുതതായി സ്ഥാപിക്കുകയും ചെയ്യുക.
പഞ്ചായത്ത് ഷോപ്പിംഗ്മാളിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുക
അങ്ങാടികളിൽ സി.സി.ടി.വി സ്ഥാപിക്കുകയും നടപ്പാതകളും കൈവരികളും ഏർപ്പെടുത്തുകയും ചെയ്യുക.
റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.
ഓവ്ചാലുകൾ മഴക്കാലത്തിനു മുന്നേ വൃത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

വിദ്യഭ്യാസം കല സംസ്ക്കാരം യുവജക്ഷേമം

ഔപചാരിക വിദ്യഭ്യാസ സൗകര്യങ്ങൾ ഉണ്ടാവുന്നതിന് മുമ്പ് തന്നെ താമരശ്ശേരി പഞ്ചായത്തിൽ പഴയകാല വിദ്യഭ്യാസ സമ്പ്രദായങ്ങൾ നിലനിന്നിരുന്നു. ഇത് ഈ പ്രദേശത്തിന്റെ വൈജ്ഞാനിക ദാഹത്തിന്റെ ചരിത്ര സാക്ഷ്യമായി നിലനിൽക്കുന്നുണ്ട്. ഒമ്പതാം പഞ്ചവത്സര പദ്ധതി കാലത്ത് വിശാലമായി കിടന്നിരുന്ന താമരശ്ശേരി പഞ്ചായത്ത് ഭൂമിശാസ്ത്ര പരമായും സാമ്പത്തികവും സാംസ്ക്കാരികവുമായ പിന്നാക്കാവസ്ഥയും വിദ്യഭ്യാസ പുരോഗതിക്ക് തടസ്സമായി നിന്നിരുന്നു. വിദ്യഭ്യാസ പരമായി പിന്നാക്കം നിൽക്കുന്ന ഒരുസമൂഹത്തിനോ രാഷ്ട്രത്തിനോ പുരോഗതി കൈവരിക്കാൻ സാധിക്കുകയില്ലെന്ന ബോധം ജനങ്ങളിലുണ്ടാക്കാൻ കാലാകാലങ്ങളിലുണ്ടായ ഭരണസമിതികൾക്കും സമൂഹ കൂട്ടായ്മകൾക്കും സാധിച്ചിട്ടുണ്ടെന്നത് ഇവിടെ ഉയർന്നുനിൽക്കുന്ന വിദ്യഭ്യാസ സ്ഥാപനങ്ങളും പുരോഗതിയും സാക്ഷ്യപ്പെടുത്തുന്നു.വെള്ളക്കാരോട് സന്ധിയില്ലാ സമരം നടത്തിയിരുന്ന ജനങ്ങൾ അവരുടെ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് വിദ്യഭ്യാസത്തോടുള്ള മുഖം തിരിഞ്ഞുനിൽക്കൽ മുസ്ലിം ന്യൂനപക്ഷത്തിന്റെ ഇടയിലും പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങളിൽ അവരുടെ സാമൂഹ്യാന്തരീക്ഷത്തിൽ വിദ്യഭ്യാസം നേടാൻ സാധിക്കാത്തതും പിന്നാക്കാവസ്ഥക്ക് കാരണമായി.

നിരന്തരമായ ഇടപെടലുകളും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളൊരുക്കിയും പഠനോപകരണങ്ങളും മറ്റ് സഹായങ്ങൾ നൽകിയും വിദ്യാസമ്പന്നരായ ഒരു ജനതയെ വാർത്തെടുക്കാൻ സാധിച്ചു. മധ്യേഷ്യൻ രാജ്യങ്ങളിലേക്കും യൂറോപ്പിലേക്കും തൊഴിൽ തേടിയുള്ള ജനങ്ങളുടെ പോക്ക് സാമ്പത്തികമായ വളർച്ചയോടൊപ്പം വിദ്യഭ്യാസപരമായ വളർച്ചക്കും വഴി തുറന്നുവെന്ന് മനസ്സിലാക്കാൻ സാധിച്ചു.

പതിനാലാം പഞ്ച വത്സര പദ്ധതിയുടെ പണിപ്പുരയിലെത്തിനിൽക്കുമ്പോൾ സമ്പൂർണത സാക്ഷരതയിൽ എത്തിനിൽക്കുന്ന ഒരു പ്രദേശമാണ് താമരശ്ശേരിയെന്നത് അഭിമാനത്തോടെ സാക്ഷ്യപ്പെടുത്താൻ സാധിക്കും.

വിവര സാങ്കേതിക രംഗത്തുണ്ടായ മുന്നേറ്റത്തിൽ ലോകത്തോടൊപ്പം സഞ്ചരിക്കാൻ പ്രാപ്തരായ സമൂഹത്തെ വാർത്തെടുക്കാൻ വിദ്യഭ്യാസ സ്ഥാപനങ്ങളെ പ്രാപ്തരാക്കും വിധമുള്ള പദ്ധതികളാവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഊന്നൽ നൽകേണ്ടതായിട്ടുണ്ട്. നാളെയുടെ പ്രതീക്ഷകളായ വിദ്യാർത്ഥികളെ എല്ലാ വിധ പശ്ചാത്തലമൊരുക്കി സമാധാന പരമായ കുടുംബാന്തരീക്ഷത്തിൽ നിന്നും വിദ്യാലയത്തിലേക്ക് എത്തിക്കുവാനും അത് വഴി നല്ലൊരു സമൂഹത്തെ വാർത്തെടുക്കാനാവശ്യമായ പദ്ധതികളാണ് പഞ്ചായത്ത് ഭരണസമിതി ലക്ഷ്യമിടുന്നത്.

നിർദേശങ്ങൾ:

1.വിദ്യാലയങ്ങളിലെ എല്ലാ ക്ലാസ്റൂമുകളും ഇന്റർനെറ്റ് സൗകര്യത്തോടെ സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കുക.

2.അധ്യാപകർക്ക് പരിശീലന ശിൽപ്പശാലകൾ സംഘടിപ്പിക്കുക

3. വാർട്ടർ കലക്ഷൻ എല്ലാ വിദ്യാലയങ്ങൾക്കും

4. കളി സ്ഥലമില്ലാത്ത വിദ്യാലയങ്ങളിൽ അവ അനുവദിക്കുക

5. ഇലക്ട്രിക്കൽ, വയറിംഗ് ആവശ്യമായ വിദ്യാലയങ്ങളിൽ അവ നടത്തുകയും

റീ വയറിംഗ് ആവശ്യമായ സ്ഥലത്ത് അതു നടത്തുകയും ചെയ്യുക

6. വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം.
7. എല്ലാ കുട്ടികൾക്കും ടാബ് വിതരണവും കലാകായിക പരിശീലനവും നടത്തുക.
8 ടോയ്‌ലറ്റ് ആവശ്യമുള്ള സ്കൂളുകൾക്ക് അത് അനുവദിക്കുക.
9. ചൈൽഡ് ഫ്രണ്ട്‌ലി ഫർണിച്ചർ എല്ലാ വിദ്യാലയങ്ങൾക്കും
10. വിദ്യാലയ പരിസം സൗന്ദര്യവത്ക്കരിക്കുക
11.വിദ്യാലയങ്ങളിൽ ഇന്റർലോക്കും ഓഡിറ്റോറിയവും
12. ക്ലബുകൾക്കും വായനശാലകൾക്കും സാമ്പത്തിക സഹായം
13. വയോജന പാർക്ക്
14 താമരശ്ശേരിയിൽ ഓപ്പൺ സ്റ്റേജ് സൗകര്യമേർപ്പെടുത്തുക
15 നീന്തൽ കുളങ്ങൾ നിർമിക്കുക
16. കലാ കായിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ വകയിരുത്തലുകൾ
17. പ്രാദേശിക കളി സ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫണ്ട് അനുദിക്കുക.
18 പഞ്ചായത്ത്തല കായിക മത്സരങ്ങൾ നടത്തുക
19. കായിക പരീശീലനത്തിന് പരീശീലന കിറ്റുകൾ നൽകുക
20. യുവനജനങ്ങൾക്ക് തൊഴിൽ പരിശീലന നൽകുക
21.സ്കൂളുകളിൽ കരാട്ടേ, യോഗ ക്ലാസുകൾ ആരംഭിക്കുക
22.ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന കേന്ദ്രം.

ആരോഗ്യം

ആരോഗ്യമുള്ള ജനത ജീവിക്കുന്ന സമൂഹത്തിൽ നിന്നുമാത്രമേ ഏതൊരു പ്രദേശത്തിന്റെയും മുന്നേറ്റത്തിനുതകുന്ന പ്രവർത്തനങ്ങളുണ്ടാവുകയുള്ളൂ സമൂഹമിന്ന് നേരിടുന്ന ഏറ്റവും ഭീകരമായ ഒരു യാഥാർത്ഥ്യമാണ് പല തരത്തിലുമുള്ള രോഗങ്ങൾ. ജീവിത ശൈലി രോഗങ്ങളും അതുപോലെ തന്നെ മാരകമായ ഒട്ടനവധി രോഗങ്ങളും പല കുടുംബങ്ങളെയും സാമ്പത്തികമായും മാനസികമായും തളർത്തിക്കഴിഞ്ഞിരിക്കുന്നുവയനാട് മുതൽ കോഴിക്കോട് വരെയുള്ള പാതയിൽ ജനങ്ങളാശ്രയിക്കുന്ന ഒരേയൊരു സർക്കാർ ആശുപത്രിയാണ് താമരശ്ശേരി താലൂക്ക് ഹോസ്പിറ്റൽ. വൃത്തിഹീനമായ അന്തരീക്ഷവും അസൗകര്യങ്ങളും കാരണം ജനങ്ങൾ പലപ്പോഴും ഈ ആശുപത്രിയെ ആശ്രയിച്ചിരുന്നില്ലഭരണകൂടങ്ങളുടെയും പൊതുജനങ്ങളുടെയും നിരന്തരമായ ഇടപെടലുകൾ ഈ ആശുപത്രിയെ ഉന്നത നിലവാരത്തിലേക്കെത്തിക്കാൻ സാധിച്ചുമുൻ പഞ്ചായത്ത് പ്രസിഡന്റ് വി.എം ഉമ്മർ മാസ്റ്റർ എം.എൽ.എ ആയ സമയത്ത് താരശ്ശേരി സർക്കർ ആസ്പത്രി താലൂക്ക് ആശുപത്രിയാക്കി ഉയർത്തി പഞ്ചാത്തല സൗകര്യങ്ങൾ ഉയർത്തുവാനുള്ള നടപടികൾ സ്വീകരിച്ചുതുടർന്നും എം.എൽഎയുടെയും പഞ്ചായത്ത് ഭരണസമതിയുടെയും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെയും നിരന്തരമായ ഇടപെടലുകൾ ആധുനിക രൂപത്തിലുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും സാധാരണക്കാർക്ക് ഉപകാരമുള്ള തരത്തിലേക്ക് ആസ്പത്രിയെ മാറ്റാനും സാധിച്ചു

ആയിരക്കണക്കായ രോഗികൾ നിത്യേന ഈ ആശുപത്രിയിൽ വന്നുപോകുന്നുണ്ട്24 മണിക്കൂറു#ം പ്രവർത്തിക്കുന്ന ക്വാഷ്യാലിറ്റിയും ഡോക്ടർമാരുടെ സേവനും ഇവിടെ ലഭ്യമാണ്.ശുചിത്വവും ഡോക്ടർമാരുടെയും മറ്റ് പാരാമഡിക്കൽ സ്റ്റാഫിന്റെയും ഇടപെടലുകളും പരിചരണവും മറ്റ് സൗകര്യങ്ങളും സംസ്ഥാനത്തെ ഏറ്റവും നല്ല സർക്കാർ ആസ്പത്രികളിൽ

രണ്ടാം സ്ഥാനത്തിനുള്ള പുരസ്ക്കാരം നേടിയെടുക്കാൻ സാധിച്ചുകോവിഡ് 19 എന്ന മഹാമാരി നാടിനെ വലിച്ച് മുറുക്കിയപ്പോൾ പരിചവണം പ്രതിരോധം നിർക്കാനും ആയിരങ്ങൾക്ക് സേവനം നൽകാനും സാധിച്ചുവേദന കടിച്ചുതിന്ന് ജീവിക്കുന്ന ക്യാൻസർ, കിഡ്നി രോഗികൾക്കും ഡയാലിസിസും പാലിയേറ്റീവ് പരിചണം നൽകി ആശ്വാസം നൽകുവാൻ സദാസമയവും സന്നദ്ധമായൊരു ടീം ഇവിടെ പ്രവർത്തിക്കുന്നുണ്ട്

പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ, യൂനാനി ഹോസ്പിറ്റലും നല്ല നിലയിൽ പ്രവർക്കുന്നുണ്ട്. നിലവിൽ കെട്ടിടമില്ലാത്ത ഹോമിയോ, യൂനാനി ഹോസ്പിറ്റലുകൾക്ക് കെട്ടിടം നിർമിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭ്യമാക്കാൻ നിലവിലെ ഭരണസമിതിക്ക് സാധിച്ചിട്ടുണ്ട്

നിർദേശങ്ങൾ

1.സമഗ്ര ആരോഗ്യ പദ്ധതി( കുത്തിവെപ്പ്, മഴക്കാല രോഗ പ്രതിരോധം ആരോഗ്യ ജാഗ്രത പ്രവർത്തനം)

2. സ്വാന്ത്വന ചികിത്സ പദ്ധതി

3 അംഗ പരിമിതർക്കുള്ള ക്യാമ്പും സർട്ടിഫിക്കറ്റ് വിതരണവും

4. അതിഥി തൊഴിലാളികളുടെ ക്യാമ്പും ഹെൽത്ത്് കാർഡ് വിതരണവും

5. ഡയാലിസിസ് സെന്ററിന് മരുന്ന് ഉപകരണങ്ങൾ

6. ഡയാലിസിസ് രോഗികളായ താമരശ്ശേരി പഞ്ചായത്തിലെ താമസിക്കുന്നവര മരുന്ന് ഉപകരണങ്ങൾ വാങ്ങൽ

7. താമരശ്ശേരി പഞ്ചായത്തിലെ ഡയാലിസിസ് രോഗികളായി താമ പഞ്ചായത്തിന് പുറത്ത് വെച്ച് ഡയാലിസിസ് ചെയ്യുന്നവരിക് ഉപകരണങ്ങൾ വാങ്ങി നൽകൽ

8 വാടകെട്ടിടത്തി പ്രവർത്തിക്കുന്ന സെന്ററുകൾക്ക് സ്ഥിരം കെട്ടിടം നിർമിക്കുക

രക്തദാനവും അവയവ ദാനവും പ്രോത്സാഹിപ്പിക്കുക

9.ദിനാചരണ പ്രവർത്തനങ്ങൾ നടത്തുക.

ജീവിത ശൈലി രോഗ നിയന്ത്രണത്തിന്റെ ഭാഗമായി ആശുപത്രിയിൽ നീന്തൽകുളം, നടപ്പാത എന്നിവ നിർമിക്കുക

11 ഹോമിയോ ആയുർവേദ ആസ്പത്രികൾക്ക് സ്ഥിരം കെട്ടിടം നിർമിക്കുക

12 ആസ്പത്രികളിലേക്ക് ആവശ്യമായ മരുന്ന് വാങ്ങുക.

<u>ജൈവ വൈവിധ്യ മാനേജ്മെന്റ്</u>

താമരശ്ശേരി ഗ്രാമപഞ്ചായത്ത് കിഴക്ക് ഭാഗം ഇരുതുള്ളിപ്പുഴയും പടിഞ്ഞാറ് പൂനൂർ പുഴയും അതിരു പങ്കിടുന്ന പ്രദേശമാണ്.പുഴകളെ അതിന്റെ തനത് സ്വഭാവം നിലനിർത്തിക്കൊണ്ട് സംരക്ഷിക്കുന്നതിനും അതുവഴി പുഴയെ ആശ്രയിച്ചുകഴിയുന്ന കുടിവെള്ളപദ്ധതികളെയും കുടിവെള്ളക്കിണറുകളെയും നിലനിർത്തുന്നതിന് ആവശ്യമായ പദ്ധതികളാവിഷ്ക്കരിച്ച് നടപ്പാക്കുന്നതിൽ ഭരണസമിതികൾ എക്കാലവും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. പച്ചത്തുരുത്ത് എന്ന പേരിൽ ഇരുതുള്ളിപ്പുഴയോരത്ത് അമ്പലമുക്ക് പ്രദേശത്ത് ഇരുപതേക്കറോളം സ്ഥലത്ത് തണൽമരങ്ങൾ വെച്ചുപിടിപ്പിച്ചും സമീപത്ത് നീന്തൽകുളവും വയോജന വിശ്രമകേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പുഴയോരങ്ങളിൽ മുള പോലെയുള്ള മണ്ണ് സംരക്ഷണ ചെടികൾ വെച്ചുപിടിപ്പിച്ചും നീരൊഴുക്കിന് തടസ്സം സൃഷ്ടിക്കുന്ന മൺതുരുത്തുകളും മരങ്ങളും മാറ്റി സുഗമമായ ഒഴുക്കിന് വേണ്ട പ്രവൃത്തികൾ നടക്കുന്നുണ്ട്. ദേശീയ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പുഴയോരങ്ങളും മറ്റ് നീർച്ചാലുകളും സൈഡ് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തികളും

നടന്നുകൊണ്ടിരിക്കുന്നു. വിദ്യാലയങ്ങളിലും മറ്റ് സർക്കാർ സ്ഥാപനങ്ങളിലും പൂന്തോട്ടങ്ങൾ വെച്ചുപിടിപ്പിച്ചും പ്രധാനപ്പെട്ട അങ്ങാടികളിൽ ചെടികൾ വെച്ചുപിടിപ്പിച്ചും സൗന്ദര്യവത്ക്കരണത്തിനുള്ള നടപടികളും പ്രവർത്തന പുരോഗതിയിലാണ്.പഞ്ചായത്തിന്റെ ഉടസ്ഥതയിലുള്ള തരിശായികിടക്കുന്ന സ്ഥലങ്ങളിൽ ചെടികൾ വെച്ചുപിടിപ്പിക്കുവാനും അത് വഴി ഹരിതാഭമായ പ്രകൃതിയെ സൃഷ്ടിച്ചെടുക്കാനും ലക്ഷ്യമിടുന്നു. കൃഷി ഓഫീസ് വഴി മുഴവൻ വീടുകളിലും മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനാവശ്യമായ വൃക്ഷ തൈകൾ സൗജന്യമായി നൽകുന്നതിനും പദ്ധതിയുണ്ട്.

നിർദേശങ്ങൾ

1. കൃഷി ഓഫീസ് വഴി മുഴവൻ വീടുകളിലും വഴിയോരങ്ങളിലും മരങ്ങൾ വെച്ചുപിടിപ്പിക്കുക.
2. സ്കൂളുകളിലും മറ്റു പൊതു സ്ഥാപനങ്ങളിലും ചെറിയ ഉദ്യാനങ്ങൾ നിർമിക്കുക.
3. എല്ലാ തോടുകളും സംരക്ഷിക്കാൻ തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുക.
4. പുഴകളിലെ ഉരുത്തുകളിൽ വളരുന്ന സസ്യങ്ങൾ, വെട്ടിമാറ്റി മൺതിട്ടകൾ നീക്കം ചെയ്ത് പുഴയുടെ വിസ്തൃതി കാത്തുസൂക്ഷിക്കുക.
5. പുഴകളിൽ വന്നടഞ്ഞ മണൽ പരിശോധനക്ക് ശേഷം നീക്കം ചെയ്യാൻ പഞ്ചായത്ത് ലേലം ചെയ്യുക.
6. എല്ലാ റോഡുകളിലും ഡ്രൈനേജ് സ്ഥാപിക്കുക.
7. പ്രകൃതിക്ക് ദോശമായി വരുന്ന നിർമാണങ്ങൾക്ക് അനുമതി നൽകാതിരിക്കുക.8
8. ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക.
9.പുഴയോരങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

<u>മത്സ്യം</u>

മത്സ്യബന്ധനതൊഴിലിലേർപ്പെടുന്ന തൊഴിലാളികളാരും ഇല്ലാത്ത ഒരു പ്രദേശമാണ് താമരശ്ശേരി പഞ്ചായത്ത്. ജനങ്ങൾ ഭക്ഷണക്രമത്തിൽ സ്ഥിരമായി ഉൾപ്പെടുത്തുന്ന മത്സ്യം വിപണനം ചെയ്യുകയും ആ മേഖലയിൽ തൊഴിലെടുത്തു ജീവിക്കുകയും ചെയ്യുന്ന ഒട്ടനവധി പേർ പഞ്ചായത്തിലുണ്ട്. അടുത്തകാലത്തായി കുളങ്ങളിലും വീടുകളിൽ ചെറിയ ടാങ്കുകളുണ്ടാക്കി മത്സ്യം വളർത്തുന്ന സമ്പ്രദായം വർധിച്ചിട്ടുണ്ട്. ഇതിനാവശ്യമായ പ്രോത്സാഹനവും മത്സ്യക്കുഞ്ഞുങ്ങളും സൗജന്യമായി മത്സ്യഭവനിൽ നിന്നും തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തിയും അല്ലാതെയും മത്സ്യം വളർത്തലിന് ആവശ്യമായ സഹായം ലഭ്യാക്കുന്നുണ്ട്. ഈ രംഗത്ത് കൂടുതൽ ആളുകളെ ആകർഷിപ്പിക്കുന്നതിന് വേണ്ടി പ്രോത്സാഹനവും സഹായവും നൽകാവുന്നതാണ്.

<u>തൊഴിൽ സംരഭം</u>

കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട് ഡിജിറ്റൽ യുഗത്തിലേക്ക് ജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കമ്മ്യൂണിറ്റി ഡിജിറ്റൽ ലേണിംഗ് സ്പേസ് പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നു താമരശ്ശേരിയിലെയും പരിസരങ്ങളിലെയും താമസക്കാരെയും ഐടി, ഡിജിറ്റൽ സ്കിൽസ് റിമോട്ട് ജോലികൾ തുടങ്ങിയ തൊഴിൽ മേഖലകളിൽ അഭ്യസ്തവിദ്യരും താൽപ്പര്യവുമുള്ള യുവനജനങ്ങൾക്ക് തൊഴിൽ മേഖലകളിലെ പുതിയ അവസരങ്ങൾ പരിചയപ്പെടുന്നതിനും പുതിയ കാര്യങ്ങൾ പഠിക്കുവാനും അതിനുള്ള പരിശീലനം ഒരുക്കുവന്നതിനും പരിചയസമ്പന്നരായ പ്രൊഫഷനലുകൾക്ക് സൗകര്യമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിൽ വരുന്നത്.

## അദ്ധ്യായം 4
## വിഭവസമാഹരണം

### വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും
### വിഭവ സ്രോതസ്സുകൾ - 2022-23

| ക്രമ നമ്പർ | വിഭവ സ്രോതസ്സുകൾ | | വകയിരുത്തുന്ന തുക(രൂപ) |
|---|---|---|---|
| (1) | (2) | | (3) |
| 1 | വികസന ഫണ്ട് (1) | പൊതുവിഭാഗം | 23511000 |
| | | പട്ടികജാതി ഉപപദ്ധതി | 9177000 |
| | | പട്ടികവർഗ്ഗ ഉപപദ്ധതി | 177000 |
| | (2) | ആകെ | 32865000 |
| 2 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻറ് | ബേസിക് ഗ്രാൻറ്<br>പ്രത്യേക ഉദ്ദേശ ഗ്രാൻറ് | 3790400<br>5685600 |
| 3 | ലോകബാങ്ക് വിഹിതം | | |
| 4 | മെയിൻറനൻ്സ് ഫണ്ട് (1) | റോഡ് ഇതരം | 14451000 |
| | | റോഡ് | 20432000 |
| | (2) | ആകെ | 34883000 |
| 5 | തനത് ഫണ്ട് | | 17874000 |
| 6 | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | | |
| 7 | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | | |
| 8 | വായ്പ - സഹകരണ സ്ഥാപനങ്ങളിൽനിന്ന് | | |
| 9 | വായ്പ -മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് | | |
| 10 | ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടക്കുന്നത് | | |
| 11 | ഗുണഭോക്തൃ വിഹിതം- ഗുണഭോക്താവ് നേരിട്ട് വഹിക്കുന്നത് | | |
| 12 | സന്നദ്ധ സേവനം | | |
| 13 | സംഭാവന | | |
| 14 | മറ്റ് തദ്ദേശഭരണ സ്ഥപനങ്ങളിൽ നിന്നുള്ള വിഹിതം (1) | ഗ്രാമപഞ്ചായത്തുകളിൽ നിന്ന് | |
| | n(2) | ബ്ലോക്ക്പഞ്ചായത്തുകളിൽ | |

| | | | |
|---|---|---|---|
| | (3) | നിന്ന് | |
| | | ജില്ലാ പഞ്ചായത്തുകളിൽ നിന്ന് | |
| | | ആകെ | |
| 15 | മറ്റുള്ളവ | | |
| 16 | ആകെ മൊത്തം | | |

## അദ്ധ്യായം 5
## വികസന മേഖല

**മൃഗസംരക്ഷണം, ക്ഷീര വികസനം**

1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

1996 ൽ താമരശ്ശേരിയും കട്ടിപ്പാറയും ഉൾപ്പെട്ട പഞ്ചായത്തിൽ 5332 പശുക്കളും 4188 ആടുകളും 133 എരുമകളും289 കാളകളും ഉണ്ടായിരുന്നത്. 2019 സെൻസെസ് പ്രകാരം 488 കന്നുകാലികളും 53 പോത്തുകളും 499 ആടുകളുമായി കുറഞ്ഞിരിക്കുന്നു. കൃത്രിമ ബീജ സ്കലനം നടത്തി ഉൽപ്പാദന ക്ഷമത കൂടിയ സങ്കരയിനം പശുക്കളുടെ വർധന മൂലം പ്രതിദിന പാലുൽപാദനം ഒരു പശുവിൽ നിന്നും 5 ലിറ്റർ പാൽ 10 ലിറ്ററായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

(1)സ്വയം തൊഴിൽ പദ്ധതി എന്ന നിലയിൽ ആട് വളർത്തൽ കൂടുതൽ ആളുകൾ തിരഞ്ഞെടുത്തിട്ടുണ്ട്

(2)ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിയായ മുട്ടക്കോഴി വിതരണം നടപ്പാക്കിയതിലൂടെ വീട്ടമ്മമാർക്ക് ചെറിയ വരുമാനവും മുട്ട ഉപഭോഗത്തിന്റെ സ്വയം പര്യാപ്തതയും കൈവരിക്കാൻ കഴിഞ്ഞു

(3)മുൻകാലങ്ങളിൽ നടപ്പിൽ വരുത്താതിരുന്ന പോത്തുകുട്ടി വിതരണ പദ്ധതിയിലൂടെ വരുമാന വർധനയും ജീവിത നിലവാരം ഉയരുന്നതിനും സാധിച്ചിട്ടുണ്ട്.കൂടാതെ മാംസഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കാനും കഴിഞ്ഞു .

(4)പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കിയതിലൂടെ കർഷകർക്ക് നികുതിയിൽ പോഷക മൂല്യമുള്ള കാലിത്തീറ്റ ലഭ്യമാക്കുക വഴി കന്നുകുട്ടികളിൽ വളർച്ച വർധനവും ഉല്പാദന ക്ഷമത വർധനവിനും സാധിച്ചു

പ്രധാന ഇടപെടലുകൾ , മാറ്റങ്ങൾ , നേട്ടങ്ങൾ , പോരായ്മകൾ , വികസന തന്ത്രം

പ്രധാന ഇടപെടലുകൾ

ജനകീയാസൂത്രണ പദ്ധതി വഴി നടപ്പിലാക്കുന്ന കിടാരി വിതരണം ,പോത്തുകുട്ടി വിതരണം,കാലിത്തൊഴുത്ത് നവീകരണം,ആട് വിതരണം, പശു വിതരണം തുടങ്ങിയവ പ്രൊജക്റ്റ് വഴി

മാറ്റങ്ങൾ

(1) 308 പശുക്കളെ വിതരണം ചെയ്യാൻ സാധിച്ചു
(2) 403 ആടുകളെ വിതരണം ചെയ്യാൻ സാധിച്ചു
(3) 86000 മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ സാധിച്ചു
(4) 63 കാലിതൊഴുത്തുകൾ നിർമിച്ചു
(5) 610 കന്നുകുട്ടികളെ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി

നേട്ടങ്ങൾ

(1)പ്രതിദിന പാലുൽപാദനം 5 ലിറ്ററിൽ നിന്ന് 10 ലിറ്റർ ആയി ഉയർന്നിരിക്കുന്നു
(2)വനിതകളുടെ മുട്ടക്കോഴി വളർത്തലിലൂടെ മുട്ട ഉല്പാദനത്തിൽ സ്വയം പര്യാപ്തത

കൈവരിച്ചിരിക്കുന്നു .
പോരായ്മ
(1)വിപണന കേന്ദ്രത്തിന്റെ കുറവ്
(2)ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കേണ്ടതുണ്ട്
വികസന തന്ത്രം
മൃഗസംരക്ഷണ മേഖലയിൽ സൗജന്യമായോ ഉയർന്ന സബ്സിഡി നിരക്കിലോ ഗ്രൂപ്പുകളെയും സ്വയം തൊഴിൽ സംരംഭകരേയും പ്രോത്സാഹിപ്പിക്കുക
വെല്ലുവിളികൾ , വികസന വിടവുകൾ , പ്രശ്ന വിശകലനം , പരിഹാര സാദ്ധ്യതകൾ
വെല്ലുവിളികൾ
(1) നെൽകൃഷി കുറവ് കൃഷി ഭൂമിയുടെ ലഭ്യത കുറവ് എന്നിവ മൂലം കന്നുകാലി വളർത്തലിൽ കർഷകർ വിമുഖത കാണിക്കുന്നു.
(2)ആളോഹരി സ്ഥല ലഭ്യതക്കുറവ് മൃഗപരിപാലനത്തിന് തടസം നിൽക്കുന്നു.
(3)ഉയർന്നുകൊണ്ടിരിക്കുന്ന കാലിത്തീറ്റയുടെ വില വൈക്കോലിന്റെ ലഭ്യതക്കുറവ് ഈ മേഖലയിലേക്ക് പുതിയ സംരംഭകർ വരുന്നതിന് തടസമാവുന്നു.
വികസന വിടവുകൾ
(1)ശാസ്ത്രീയമായ മൃഗപരിപാലനത്തിൽ കൂടുതൽ ബോധൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.
(2)കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്ന വിപണിയുടെ അഭാവം.
(3)ജന്തു-ജന്യ രോഗങ്ങൾ ഉയർത്തുന്ന വെല്ലുവിളിക്കെതിരെ ശാസ്ത്രീയമായ അറവുശാലകൾ ഉയർന്നു വരേണ്ടതുണ്ട്.
പ്രശ്ന വിശകലനം , പരിഹാര സാദ്ധ്യതകൾ
(1)കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനു വേണ്ടി കാലിത്തീറ്റ സബ്സീടി, പാലിന്
സബ്സീടി, കന്നുകുട്ടി പരിപലനം മുതലായവ വിപുലമായി നടത്തുക.
(2)സ്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്ക് ഈ മേഘലയിൽ അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടി
വിദ്യാർത്ഥികൾക്ക് മുട്ടക്കോഴി വിതരണം, ആട് വിതരണം, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുക.
(3)പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ സഹായത്തോട് കൂടി ന്യായമായ വിപണന സാധ്യതകൾ കണ്ടത്തേണ്ടതുണ്ട്.
(4)പഞ്ചായത്ത് തലത്തിൽ കൃത്യമായ ഇടപെടലുകളുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.
സംയോജന സാദ്ധ്യതകൾ
മറ്റ് മേഖലകളുടെയും കേന്ദ്ര സംസ്ഥാന പദ്ധതികളുമായുള്ള സംയോജന സാദ്ധ്യതകൾ
(1)കേന്ദ്ര പദ്ധതികളുടെ ഭാഗമായി ഫാമുകൾ തുടങ്ങുന്നതിനുവേണ്ടി കർഷകർക്ക് സബ്സീഡി നിരക്കിൽ ചാഫ് കട്ടർ, കറവയന്ത്രം മുതലായവ നൽകുക.

മേൽത്തട്ട് തദ്ദേശ സ്ഥാപനങ്ങളുമായുള്ള സംയോജിത സാധ്യതകൾ

(1) പോത്തുകുട്ടി വിതരണം, മുട്ടഗ്രാമം പദ്ധതികൾ ജില്ലാ പഞ്ചായത്ത് സഹകരണത്തോടു കൂടി നടപ്പിലാക്കുക.

(2)ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് നായകൾക്ക് വന്ധ്യകരണ കേന്ദ്രം സ്ഥാപിക്കുക.

സംയുക്ത പ്രൊജക്ടുകൾ

(1) കന്നുകുട്ടി പരിപാലന പദ്ധതി മൃഗസംരക്ഷണ വകുപ്പുമായി സംയുക്തമായി നടപ്പിലാക്കുക.

(2) ഖ ഘഏ ഗ്രൂപ്പുകൾ മുഖേനെ ഫാം ടൂറിസം പ്രോൽസാഹിപ്പിക്കുക.

(3) ഞ ഗ ഢ ഥ, ആ ജ ഗ ജ തുടങ്ങിയ പദ്ധതികളുമായി സംയോജിപ്പിച്ച് പോത്ത്, കോഴി, പച്ചക്കറി കൃഷി, മത്സ്യകൃഷി തുടങ്ങിയവ സംയുക്തമായി പരിപാലിക്കുക.

സംയോജിത പരിപാടികൾ

(1) കൃഷി വകുപ്പുമായി സംയോജിച്ച് പഞ്ചായത്തിൽ ഒഴിഞ്ഞു കിടക്കുന്ന തരിശുനിലങ്ങളിലും തെങ്ങിൻ തോപ്പുകളിലും പുൽകൃഷി ചെയ്യുക, കാലിത്തീറ്റ ഇനത്തിൽപെട്ട പീലി വാക, സ്റ്റൈലോസാന്തസ്, പയറു വർഗ്ഗച്ചെടികൾ എന്നിവ കൃഷി ചെയ്യുക. ഇതിലൂടെ കാലിത്തീറ്റയുടെ ഉപയോഗം കുറക്കുക.

സംയോജന സാദ്ധ്യതകൾ

1, തരിശ് കൃഷി പ്രോത്സാഹനം

കൃഷിവകുപ്പ്, ജനകീയാസൂത്രണം

2, നാളികേരവികസനം – ജനകീയാസുത്രണം,കൃഷി വകുപ്പ്

3, കാർഷികായാന്തര വൽക്കരണം – ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്

4, സംയുകത പ്രൊജെക്ടുകൾ കൃഷി കൂലി ചിലവ് .

## <u>കൃഷി</u>

<u>1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും</u>

1, നെൽ കൃഷി ക്രമാതീതമായി കുറഞ്ഞു. നടൻ വിത്തിനകൾക്ക് പകരം അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കുന്നത് മൂലം ഉത്പാദനക്ഷമത 2 ൽ നിന്നും 3 –3.5 ലേക്ക് ഉയർന്നിട്ടുണ്ട്. കൂട്ടുകൃഷി സമ്പ്രദായം കുറഞ്ഞു.

2, നാളികേര കൃഷി ഉത്പാദനക്ഷമത കൂടി (30 നാളികേരത്തിൽ നിന്നും 60 നാളികേരത്തിലേക്ക് )

3, കിഴങ്ങു വർഗ്ഗവിളകൾ വീട്ടുവളപ്പിൽ കിഴങ്ങുവർഗവിളകൾ ഉത്പാദനം വർധിച്ചു,

4, പച്ചക്കറിവിളകൾ വയലുകളില് പച്ചക്കറി കൃഷി കുറഞ്ഞു. വീട്ടുവളപ്പിലെ ഉത്പാദനം വർദ്ധിച്ചു.

5, എള്ള്, പയർ തുടങ്ങിയ കൃഷികൾ കുറഞ്ഞു

6, റബ്ബർ കൃഷി കൂടി

7, വിവിധയിനം ഫലവൃക്ഷങ്ങൾ കൂടുതൽ സ്ഥലത്തേക്ക് വെച്ച് പിടിപ്പിക്കാൻ തുടങ്ങി

8, തൊഴിലാളികളുടെ എണ്ണം വളരെയധികം കുറഞ്ഞു അതിനു ആനുപാതികമായി യന്ത്രങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല

9, വളം ലോൺ എന്നിവ ആവശ്യത്തിന് ലഭ്യമാണ്

10, വന്യമൃഗ ശല്യം വളരെ രൂക്ഷമായി കൊണ്ടിരിക്കുന്നു

1 1, വിപണിയിൽ കർഷകരെ സഹായിക്കാൻ ഇനിയും ഒരുപാട് ഇടപെടലുകൾ നടത്തണം

പ്രധാന ഇടപെടലുകൾ , മാറ്റങ്ങൾ , നേട്ടങ്ങൾ , പോരായ്മകൾ , വികസന തന്ത്രം
ഇടപെടലുകൾ

1, നാളികേര ഉത്പാദനം വർധിപ്പിക്കുന്നത് വർഷം തോറും വളവും കുമ്മായവും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട് . ഗുണമേന്മയുള്ള തൈകളും വിതരണം ചെയ്യുന്നുണ്ട്

2, വീട്ടുവളപ്പിൽ പച്ചക്കറി കൃഷിയും കിഴങ്ങുവർഗ്ഗവിളകളും ഫലവൃക്ഷവിളകയും പ്രോത്സാഹിപ്പിക്കാൻ നടീൽ വസ്തുക്കൾ വളവും വിതരണം ചെയ്തു വരുന്നു

3, തരിശായി കിടക്കുന്ന വയലുകൾ കൃഷിയോഗ്യമാക്കാൻ വിവിധ പദ്ധതികൾ സംയോചിപ്പിച്ചു നടപ്പിലാക്കുന്നു

നേട്ടങ്ങൾ

1, 2017 ൽ ഇക്കോഷോപ് പ്രവർത്തനം ആരംഭിച്ചു ജൈവ ഉല്പാദനോപാധികൾ ,തൈകൾ ,മറ്റു നടീൽ വസ്തുക്കൾ എന്നിവ മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു കർഷകരുടെ ഉത്പന്നങ്ങൾ ചെറിയ തോതിൽ സംഭരിച്ചു വില്പന നടത്തുന്നു

2, ജൈവ കൃഷി പ്രോത്സാഹന പദ്ധതികളായ ജഗഡഥ, ആജഗജ ജൈവഗൃഹം എന്നി പദ്ധതികൾ നടപ്പിലാക്കി

പോരായിമകൾ

1, വന്യമൃഗശല്യം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷകരെ സഹായിക്കാൻ ഇടപെടലുകൾ നടത്തേണ്ടതുണ്ട്

2, കാർഷിക വിപണി വിപുലീകരിക്കണം

3, തരിശായി കിടക്കുന്ന മുഴവൻ വയലുകളും കൃഷി യോഗ്യമാക്കണം

വെല്ലുവിളികൾ , വികസന വിടവുകൾ , പ്രശ്ന വിശകലനം , പരിഹാര സാദ്ധ്യതകൾ

വെല്ലുവിളികൾ

1, വന്യമൃഗശല്യം രൂക്ഷമായ അവസ്ഥ

2, യന്ത്രവത്കരണത്തിലെ അപര്യാപ്തത

3, കാർഷിക വിപണിയുടെ അപര്യാപ്തത

4, തരിശു ഭൂമികളിൽ കൃഷിയിറക്കൽ

വികസന വിടവുകൾ പ്രേശ്ന വിശകലനം , പരിഹാര സാദ്ധ്യതകൾ

1, ജീവനും കൃഷിക്കും ഭീഷണിയായ വന്യമൃഗ ശല്യം പരിഹരിക്കാൻ പഞ്ചായത്ത് കൃഷി വനം വകുപ്പ് എന്നിവരുടെ പൂർണ സഹകരണത്തോടെ ഉള്ള ഇടപെടലുകൾ ഉണ്ടാവണം

2, യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഓരോ വാർഡിലും ടങഅങഅപദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കണം

3, കർഷകരുടെ ഉത്പന്നങ്ങൾ മാന്യമായ നിരക്കിൽ സംഭരിച്ചു വിൽപ്പന നടത്തുന്നതിന് താമരശ്ശേരി അങ്ങാടിയിൽ ഇക്കോഷോപിനു സൗകര്യമുള്ള ബിഎൽഡിങ്ങും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കേണ്ടതുണ്ട്

4, തരിശു ഭൂമി കണ്ടെത്തുന്നതിനും ഉടമസ്ഥരുമായി ബന്ധപ്പെട്ടു ഭൂമി മറ്റുള്ളവർക്ക് ലഭ്യമാക്കി കൊടുക്കുന്നതിനും വാർഡ് തലത്തിൽ കൃത്യമായ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്

വികസന പരിപ്രേ ക്ഷ്യം

ദീർഘകാല ലക്ഷ്യങ്ങൾ

1, പഞ്ചായത്തിലെ മുഴുവൻ തരിശു ഭൂമിയും കൃഷിയോഗ്യമാക്കുക

2, കർഷകർക്ക് വിപണി സംവിധാനം ഒരുക്കുക (സുസ്ഥിര വിപണി )

3, കാർഷിക യന്ത്ര വത്കരണത്തിൽ സ്വയം പര്യാപ്തത കൈവരിക്കൽ

4, വന്യമൃഗ ശല്യത്തിൽ നിന്നും സംരക്ഷണം നൽകുക

2027 ലെ ലക്ഷ്യങ്ങൾ

1, നെൽകൃഷി വിസ്തൃതി 20 ഹെക്ടർ ആക്കി വർദ്ധിപ്പിക്കുക

2, താമരശ്ശേരി ടൗണിൽ നല്ലൊരു കാർഷിക വിപണി ഒരുക്കുക

3, പഞ്ചായത്തിന് സ്വന്തമായി ഒരു ലേബർ ബാങ്ക് രൂപീകരിക്കുക

4, പച്ചക്കറി സ്വയം പര്യാപ്തമാക്കുന്നതിനു വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കാനം

5, കിഴങ്ങു വർഗ്ഗ വിളകളുടെ ഫലവർഗ്ഗ വിളകയുടെയും പ്രോത്സാഹനത്തിനായി പദ്ധതിയ്ക്കുല നടപ്പിലാക്കുക

സംയോജന സാദ്ധ്യതകൾ

1, തരിശ് കൃഷി പ്രോത്സാഹനം
കൃഷിവകുപ്പ്, ജനകീയാസൂത്രണം

2, നാളികേരവികസനം – ജനകീയാസുത്രണം,കൃഷി വകുപ്പ്

3, കാർഷികായാന്തര വൽക്കരണം – ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്

4, സംയുകത പ്രൊജെക്ടുകൾ കൃഷി കൂലി ചിലവ് .

## വികസന പരിപ്രേഷ്യം

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് –താമരശ്ശേരി ഗ്രാമ പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് മൃഗസംരക്ഷണവും , ക്ഷീരവികസനവും

| ക്രമ നമ്പർ | മേഖല / ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം( 2032–ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിലെ ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | മൃഗസംരക്ഷണം | പോഷകാഹാരം മെച്ചപ്പെടുത്തുക | പാലുൽപ്പാദന വർദ്ധനവ് | 4100 ലിറ്റർ | 10000 ലിറ്റർ | 6000 ലിറ്റർ | |
| | | | മുട്ട ഉൽപ്പാദന | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | വർദ്ധനവ് | | | | |
| 2 | മൃഗസംരക്ഷണം | മൃഗസംരക്ഷണ ക്ഷീരമേഖല ആദായകരമായ ഒരു മുഖ്യതൊഴിൽ മേഖലയാക്കുക | മുഖ്യതൊഴിലായി സ്വീകരിച്ചിരിക്കുന്ന കർഷകരുടെ എണ്ണം | 120 കർഷകർ | 750 കർഷകർ | 450 കർഷകർ | |
| 3 | മൃഗസംരക്ഷണം | കന്നുകാലികളുടെ ശാസ്ത്രീയ സംരക്ഷണവും ആരോഗ്യ വർദ്ധനവും | ശാസ്ത്രീയ കാലിത്തൊഴുത്തുള്ളവർ | 95 | 750 | 400 | |
| | | | ഉൽപ്പാദനത്തിന് അനുസൃതമായി ശാസ്ത്രീയ തീറ്റ നൽകുന്ന കർഷകർ | 110 | 750 | 400 | |
| | | | കാലിത്തീറ്റ വിതരണ പദ്ധതി സഹായം എണ്ണം | 117 | 500 | 250 | |
| 4 | മൃഗസംരക്ഷണം | രോഗങ്ങളെ പ്രതിരോധിക്കുന്ന കന്നുകാലികൾ | രോഗ പ്രതിരോധ കുത്തിവെപ്പ് നടത്തുന്ന കന്നുകാതികളുടെ എണ്ണം | 942 | 1500 | 1150 | |
| 5 | മൃഗസംരക്ഷണം | മൃഗസംരക്ഷണ മേഖലയുടെ സാമ്പത്തിക സുരക്ഷിതത്വം | കന്നുകാലി ഇൻഷ്വറൻസ് ചെയ്തിരിക്കുന്ന കർഷകരുടെ എണ്ണം | 90 | 1500 | 700 | |
| 6 | മൃഗസംരക്ഷണം | കുറഞ്ഞ ഉൽപ്പാദന ചെലവും | സബ്സിഡി ലഭിക്കുന്ന കന്നുകുട്ടികളുടെ | 117 | 500 | 200 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കൂടിയ ഉൽപ്പന്ന ഉൽപ്പാദവും | ടെ എണ്ണം | | | | |
| 7 | മൃഗസംരക്ഷണം | ക്ഷീര സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തൽ | ക്ഷീരസംഘങ്ങളിൽ പാൽ കൊടുക്കുന്ന കർഷകരുടെ എണ്ണം | 120 | 750 | 350 | |
| | | | സ്വന്തമായി ഭൗതീകപരവും | 2 | 5 | 3 | |
| 8 | മൃഗസംരക്ഷണം | പൊതുജനാരോഗ്യം മെച്ചപ്പെടുത്തുക | ലൈസൻസുള്ള വളർത്തു നായകളുടെ എണ്ണം | 840 | 1460 | | |
| | | | തെരുവ് നായകളുടെ എണ്ണം | 208 | 100 ൽ താഴെ | | |
| 9 | മൃഗസംരക്ഷണം | ക്ഷീര കർഷകരുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക | ക്ഷീര കർഷകന്റെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി | 0 | 1000 | 400 | |
| | | | ക്ഷീര കർഷക പ്രായം കുറച്ച് കൂടുതൽ കർഷകർക്ക് പെൻഷൻ നൽകുക | 100 ൽ താഴെ | 1000 | 500 | |

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് –കൃഷി

| ക്രമ നമ്പർ | മേഖല /ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം(2032–ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽത്സര പദ്ധതിലെ | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ലക്ഷ്യം | തിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
| 1 | കൃഷി (നെൽകൃഷി) | തരിശ് നെൽകൃഷി 10(ha) | 10 (ha) | 12(ha) | 25(ha) | 20(ha) | തൊഴിലുറപ്പ് ചെറുകിട ജലസേജന പദ്ധതിയിൽ സംയോജിപ്പിക്കുക |
| 2 | കൃഷി (വിപണനം) | കാർഷിക വിപണി | | വിപണി പര്യാപ്തമല്ല | സുസ്ഥിര വിപണി | വിപണി മെച്ചപ്പെടുത്തൽ | വിപണി നിർമ്മാണം |
| 3 | കൃഷി (യന്ത്രവൽക്കരണം) | യന്ത്രവൽക്കരണ പ്രോത്സാഹനം | | പര്യാപ്തമല്ല | ലേബർബാങ്ക് | ട്രാക്ടർ, കാട്ടുവെട്ടു യന്ത്രം ലഭ്യമാക്കൽ | S M A M പദ്ധതി, BLOCK പദ്ധതി |
| 4 | കൃഷി | വന്യമൃഗ അക്രമണം രക്ഷ നേടുക | | അക്രമണം രൂക്ഷം | വിള സംരക്ഷണം | വിള സംരക്ഷണം | ഫോറസ്റ്റ് വകുപ്പ് കൂടുതൽ ആളുകളെ M panel ചെയ്യുക |

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് -കുടിവെള്ളം ശുചിത്വം

| ക്രമ നമ്പർ | മേഖല /ഉപമേഖല | പരിപ്രേക്ഷ്യ ലക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘ കാല ലക്ഷ്യം( 2032-ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽത്സര പദ്ധതിലെ ലക്ഷ്യം | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | കുടിവെള്ളം | ജലസാക്ഷ | ജല | 5% | 100% | 80% | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ള്ളം , ശുചിത്വം | ക്ഷര ഗ്രാമം | സംരക്ഷണ മാർഗ്ഗങ്ങൾ ൾ | | | | |
| 2 | കുടിവെള്ളം ള്ളം , ശുചിത്വം | പ്ലാസ്റ്റിക് രഹിത ശുചിത്വഗ്രാ ഗ്രാമം | മാലിന്യ സംസ്കരണ സംവിധാനങ്ങൾ | 15% | 100% | 80% | |

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്-പൊതുമരാമത്ത്

| ക്രമ നമ്പർ | മേഖല /ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ ത്തെ അവസ്ഥ | ദീർഘ കാല ലക്ഷ്യം( 2032-ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽത്സര പദ്ധതിലെ ലക്ഷ്യം | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന ന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | പൊതുമരാ രാമത്ത് | ശുചിത്വ പൂർണ്ണമായ പൊതു നിരത്തുകൾ | ശുചിത്വ പൂർണ്ണമായ പൊതു നിരത്തുകളുടെ എണ്ണം | 0% | 100% | 80% | |
| 2 | പൊതുമരാ രാമത്ത് | സമ്പൂർണ്ണ സോളാർ വൈദ്യുതി വിനിയോഗ ഗ്രാമ പഞ്ചായത്ത് | ഓഫീസിലും ലും ഘടക സ്ഥാപനങ്ങളിലും അംഗനവാടികളിലും സ്കൂളുകളിലും | 0% | 100% | 50% | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ലും സാംസ്കാരിക നിലയങ്ങളിലും സോളാർ പവർ പ്ലാന്റ് | | | | |

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്-വനിതകളുടെയും കുട്ടികളുടെയും വികസനം

| ക്രമ നമ്പർ | മേഖല /ഉപമേഖല | പരിപ്രേക്ഷ്യം ലക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം( 2032-ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | വനിതകളുടെയും കുട്ടികളുടെയും വികസനം | ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ പരിരക്ഷ | പോഷകാഹാര പദ്ധതി | 40 % | 100% | 70% | |
| 2 | വനിതകളുടെയും കുട്ടികളുടെയും വികസനം | സ്ത്രീ സൗഹൃദ പഞ്ചായത്ത് | സ്ത്രീകളുടെ സംരക്ഷണം ഉന്നമനം | 50% | 100% | 70% | |
| 3 | വനിതകളുടെയും | കുടുംബശ്രീ വിപണന | ജെ എൽ ജി ഗ്രൂപ്പ് | 10% | 100% | 40% | |

| | | | | | | | |
|---|---|---|---|---|---|---|---|
| | കുട്ടികളുടെയും വികസനം | കേന്ദ്രം | ഉത്പന്നങ്ങളുടെ വിപണനം | | | | |
| 4 | വനിതകളുടെയും കുട്ടികളുടെയും വികസനം | സ്ത്രീ ശാക്തീകരണം | ജാഗ്രതാ സമിതി | 10% | 100% | 40% | |

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് –സാമൂഹ്യനീതി

| ക്രമ നമ്പർ | മേഖല /ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘ കാല ലക്ഷ്യം( 2032–ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽത്സര പദ്ധതിലെ ലക്ഷ്യം | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | | ബാലസൗഹൃദ പഞ്ചായത്ത് | | 40% | 100% | 75% | |
| 2 | | വയോജന സൗഹൃദ പഞ്ചായത്ത് | | 40% | 100% | 75% | |
| 3 | | ഭിന്നശേഷി സൗഹൃദ പഞ്ചായത്ത് | | 50% | 100% | 75% | |
| 4 | | കുമാരി സൗഹൃദ പഞ്ചായത്ത് | | 10% | 100% | 50% | |
| 5 | | ആറു മാസം മുതൽ ആറു വയസ്സുവരെയു | | 50% | 100% | 75% | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ള്ള കുട്ടികളുടെ സമഗ്ര വികസനം | | | | | |

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് –മൽസ്യം

| ക്രമ നമ്പർ | മേഖല /ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘ കാല ലക്ഷ്യം( 2032–ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽത്സര പദ്ധതിലെ ലക്ഷ്യം | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ഫിഷറീസ് | മത്സ്യ ഉൽപ്പാദന വർദ്ധനവ് | മത്സ്യ കൃഷി വിസ്തൃതി | 1 ha | 8 ha | 5 ha | മത്സ്യ കൃഷി വ്യാപനം , മത്സ്യത്തിന്റെ പോഷകമൂല്യം ,ജൈവ മത്സ്യത്തിന്റെ ആവശ്യകത തുടങ്ങിയബോധവത്കരണം |

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് –പൊതുഭരണവും ധനകാര്യവും

| ക്രമ നമ്പർ | മേഖല /ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം( 2032–ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽത്സര പദ്ധതിലെ ലക്ഷ്യം | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | | പഞ്ചായത്തിന്റെ ഭൂപ്രദേശം പരിധിയിൽ വരുന്ന തെരുവ് വിളക്കുകൾ സോളാർ സംവിധാനത്തിൻ കീഴിലാക്കുക, പഞ്ചായത്ത് കാര്യാലയത്തിലും സോളാർ സംവിധാനം സമ്പൂർണ തലത്തിൽ നടപ്പാക്കണം. | വൈദ്യുതി ക്ഷാമം ,പഞ്ചായത്തിന് കൂടുതൽ ഫണ്ട് തെരുവ് വിളക്ക പരിപാലനത്തിനായി ഉപയോഗിക്കേണ്ടി വരിക | 0% നിലവിൽ ഒന്നു പോലും സോളാർ സംവിധാനം നിലവിലില്ല | 100% | | |
| 2 | | ജനസൗഹൃദ പഞ്ചായത്ത് | വേഗത്തിൽ സേവനം ലഭ്യമാക്കൽ | പൗരാവകാശ രേഖ പ്രകാശനം | പരമാവതി 7 ദിവസം | | |
| 3 | | ഗ്രാമ പഞ്ചായത്തിന്റെ ഘടക | ജനപക്ഷ സേവന ജനസൗഹ | 50% പരിമിത സാഹചര്യ | 50% | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | സ്ഥാപനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് വഴി ഐ എസ് ഒ ലഭ്യമാക്കി സേവന പ്രധാന സമഗ്ര പരിഷ്കരണ പദ്ധതി നടപ്പാക്കൽ | ഏദ ജനമൈത്രി ത്രി കാര്യാല യങ്ങൾ | ര്യങ്ങളിൽ ഘടകസ്ഥാ സ്ഥാപനങ്ങ ൾ, വിട്ടു കിട്ടിയ സ്ഥാപനങ്ങ ങ്ങൾ സേവനം നൽകുന്നു | | | |
| 4 | | സംയോജന സാദ്ധ്യതകൾ ഉൾപ്പെടുത്തി ആധുനിക അറവുശാലകൾ സ്ഥാപിക്കൽ,അറവു വുശാലകളിൽ നിന്നുള്ള വേസ്റ്റ് ഉപയോഗപ്പെടുത്തി തെരുവ് വിളക്കുകൾ കത്തിക്കാനുള്ള സംവിധാനങ്ങൾ | അനധികൃ തമായി അറവുശാ ലകൾ പ്രവർത്തിക്കു ക്കുന്നതായ സാഹചര്യം ര്യം , ഇത്തരം അറവുശാ ലകളിൽ നിന്നും പുറംതള്ളുന്ന ന്ന മാംസാവ ശിഷ്ടങ്ങൾ പരിസ്ഥിതി തിയെ മലിനപ്പെട്ടു ടുത്തുന്ന അവസ്ഥ | 0% നിലവിൽ സമീപ പഞ്ചായത്തു കളിൽ പോലും അംഗീകൃ ത അറവുശാ ലകളുടെ അഭാവം | 100% | | |
| 5 | | ആധുനിക സൗകര്യങ്ങളുള്ള പൊതു ഗ്യാസ് ശ്മശാനം സ്ഥാപിക്കൽ | ജനസാന്ദ്ര ത കൂടിയ സാഹചര്യ ര്യത്തിൽ ആളോഹ രി ഭൂമി ലഭ്യത തീരെ | ശ്മശാനം ഉണ്ട് | 100% | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | കുറവായിരിക്കുന്നതായ അവസ്ഥയിൽ പൊതുജനങ്ങൾക്ക് മൃതദേഹം മറവ് ചെയ്യുന്നതിന് ശ്മശാനം അനിവാര്യ ഘടകം | | | | |

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് -പ്രാദേശിക സാമ്പത്തിക വികസനം

| ക്രമ നമ്പർ | മേഖല /ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘ കാല ലക്ഷ്യം( 2032-ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | | സമ്പൂർണ കുടുംബശ്രീ സംരംഭകത്വ ഗ്രാമം | സൂക്ഷ്മ സംരംഭങ്ങളുടെ എണ്ണം | 50 | 200 ഓരോ കുടുംബശ്രീ യൂണിറ്റിനും ഓരോ സംരംഭ | 100 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ങ്ങൾ | | |
| 2 | | പരമ്പരാഗത വ്യവസായ യൂണിറ്റ് സൗഹൃദ ഗ്രാമം | പരമ്പരാഗത നിർമ്മാണ യൂണിറ്റുകളുടെ എണ്ണം | 3 | ഓരോ വാർഡിലും പരമ്പരാഗത വ്യവസായ യൂണിറ്റുകൾ | 10 | |
| 3 | | പ്രാദേശിക സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക | പ്രദേശിക ഉത്പന്നങ്ങളുടെ വിപണി വർധിപ്പിക്കുക | 20% | 80% | 40% | |

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് -ദാരിദ്ര്യ ലഘൂകരണം

| ക്രമ നമ്പർ | മേഖല /ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം(2032-ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽത്സര പദ്ധതിലെ ലക്ഷ്യം | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ദാരിദ്ര്യ ലഘൂകരണം | കൊടിയ ദാരിദ്ര്യം ഇല്ലാതാക്കുക | ആശ്രയ ഗുണഭോക്താക്കൾ | 12% | 0 | | |
| 2 | ദാരിദ്ര്യ ലഘൂകരണം | സമ്പൂർണ്ണ തൊഴിൽ പഞ്ചായത്ത് | 1.സ്ഥിര വരുമാന ജോലി | 25% | 100% | 50% | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 2. സ്ഥിര വരുമാനമുള്ള തൊഴിൽ | 5% | 100% | 50% | |
| | | | 3.സ്കിൽഡ് ലേബേഴ്സ് സംരംഭങ്ങങ്ങൾ | 5% | 100% | 50% | |
| | | | 4.ഗ്രൂപ്പ് സംഭരംഭങ്ങങ്ങൾ | 5% | 100% | 50% | |

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് –പട്ടികജാതി വികസനം

| ക്രമ നമ്പർ | മേഖല /ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം( 2032–ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽത്സര പദ്ധതിലെ ലക്ഷ്യം | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്നന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | പട്ടികജാതി | പട്ടികജാതി വിഭാഗത്തെ സാമൂഹികമായും സാമ്പത്തികമായും സമത്വത്തിലെത്തിക്കുക | 1.വാസയോഗ്യമായ വീടില്ലാത്തവർ | 75% | 100% | 50% | |
| | | | 2. ഭൂരഹിതർ | 50% | 100.00% | 70% | |
| | | | 3. വിദ്യാഭ്യാസ അടിസ്ഥാന | 50% | 100% | 75% | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | സൗകര്യങ്ങൾ | | | | |
| | | | 4.സ്ഥിരവരുമാന ജോലി | 40% | 100% | 100% | |
| | | | 5.പരമ്പരാഗത തൊഴിൽ പ്രോൽത്സാഹനം | | | | |

പട്ടിക വർഗ്ഗ വികസനം

| ക്രമ നമ്പർ | മേഖല /ഉപമേഖല | പരിപ്രേക്ഷ്യ ലക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘ കാല ലക്ഷ്യം( 2032–ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽത്സര പദ്ധതിലെ ലക്ഷ്യം | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | പട്ടിക വിഭാഗം | കോളനി വികസനം | | 50 % | 100 % | 75 % | |

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് –ആരോഗ്യം

| ക്രമ നമ്പർ | മേഖല / ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം(2032–ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പഞ്ചവൽസര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | | ആരോഗ്യപൂർണമായ ജീവിതം ഉറപ്പുവരുത്തുക | ഭാരം കുറഞ്ഞ കുട്ടികളുടെ എണ്ണം (6 വയസ്സിനു താഴെ ) | 400 | 0 | 0 | |
| 2 | | സമ്പൂർണ്ണ സ്വാന്തന പരിചരണം | ആരോഗ്യ പ്രവർത്തരുടെ സേവനം | നിലവിൽ 50% രോഗികൾക്കുമാത്രം പരിചരണ സൗകര്യം ലഭിക്കുന്നുള്ളൂ | 100% രോഗികൾ | 75% | |
| 3 | | സമ്പൂർണ സാംക്രമിക രോഗമുക്ത പഞ്ചായത്ത് | രോഗങ്ങളുടെ എണ്ണം | സാംക്രമിക രോഗങ്ങൾ ഉണ്ട് | | | |
| 4 | | ജീവിത ശൈലി മാറ്റി രോഗ | വ്യായാമമില്ലായ്മ | വ്യായാമ കുറവ് | വ്യായാമ | വ്യായാമ കേന്ദ്രങ്ങ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പ്രതിരോധം | | | കേന്ദ്രങ്ങൾ സ്ഥാപിക്കുക | സ്ഥാപിക്കുക | |
| 5 | | ആരോഗ്യവബോധ പഞ്ചായത്ത് | 1. സബ്സെന്ററുകൾക്ക് സ്വന്തം കെട്ടിടം | 2 | 5 | 3 | |
| 6 | | | 2.സി ഡി എം എ ക്ലിനിക്കുകൾ | | | | |
| 7 | | | 3. പി എച് സി ലബോറിട്ടറി | 0 | ലബോറിട്ടറി നിർമ്മാണം | | |
| 8 | | ആധുനിക സൗകര്യങ്ങളോട്ടുകൂടിയ പി എച് സികളും സബ് സെന്ററുകളും | ആധുനിക സൗകര്യങ്ങളേർപ്പെടുത്തുക | ഇല്ല | എക്സ്-റേ പോലെയുള്ള സൗകര്യമാണ് നിർമ്മിക്കണം | | |

ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്

| ക്രമ നമ്പർ | മേഖല /ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘ കാല ലക്ഷ്യം( 2032–ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽത്സര പദ്ധതിലെ ലക്ഷ്യം | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ടൂറിസം | ഡെസ്റ്റിനേഷൻ ടൂറിസം | | ഇല്ല | ഡെസ്റ്റിനേഷൻ ടൂറിസം | ഡെസ്റ്റിനേഷൻ ടൂറിസം | |
| 2 | വിദ്യാഭ്യാസം | സ്കൂളുകളിൽ ജൈവ വൈവിദ്ധ്യ ഉദ്യാനം | | ഇല്ല | സ്കൂളുകളിൽ ജൈവ വൈവിദ്ധ്യ ഉദ്യാനം | സ്കൂളുകളിൽ ജൈവ വൈവിദ്ധ്യ ഉദ്യാനം | |
| 3 | | ജൈവ വൈവിധ്യ മാനേജ്മെന്റ് രജിസ്റ്റർ പുതുക്കുകയും ഡിജിറ്റലൈസും ചെയ്യുക | | ഇല്ല | ജൈവ വൈവിധ്യ മാനേജ്മെന്റ് രജിസ്റ്റർ പുതുക്കുകയും ഡിജിറ്റലൈസും ചെയ്യുക | ജൈവ വൈവിധ്യ മാനേജ്മെന്റ് രജിസ്റ്റർ പുതുക്കുകയും ഡിജിറ്റലൈസും ചെയ്യുക | |

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് –വിദ്യാഭ്യാസം

| ക്രമ നമ്പർ | മേഖല /ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘ കാല ലക്ഷ്യം( 2032–ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽത്സര പദ്ധതിലെ ലക്ഷ്യം | പതിനാലാം പഞ്ചവൽത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | | ഇന്റർനാഷണൽ നിലവാരത്തിലുള്ള സ്കൂളുകൾ | സ്മാർട്ട് സ്കൂളുകളുടെ എണ്ണം | 0 | 50% | 100 % | |
| 2 | | സ്മാർട്ട് അംഗൻവാടി | സ്മാർട്ട് അംഗൻവാടി | 50 % | 100 % | 35% | |
| 3 | | ഗ്രന്ഥശാലകൾ സമാന്തര വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കുക ആധുനിക വൽക്കരണവും കമ്പ്യൂട്ടർ വൽക്കരണനും | ആധുനിക വൽക്കരണവും കമ്പ്യൂട്ടർ വൽക്കരണവും | 0 | 10 | 5 | |
| 4 | | പുസ്തക സൗഹൃദ പഞ്ചായത്ത് | ഗ്രന്ഥശാലകളുടെ എണ്ണം | 8 | 19 | 14 | |
| 5 | | വ്യായാമങ്ങൾക്ക് സാഹചര്യം ഒരുക്കുക | നീന്തൽ കുളങ്ങളുടെ എണ്ണം | 0 | 1 | 1 | |
| 6 | | കളിസ്ഥലങ്ങൾ നിർമ്മിക്കുക | കളിസ്ഥലങ്ങളുടെ എണ്ണം | 0 | 19 | 10 | |

## അദ്ധ്യായം 6
## പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ

ജനകീയാസൂത്രണ പദ്ധതികളുടെ 25 വാർഷികം ആഘോഷിക്കുന്ന വേളയിൽ താമരശ്ശേരി ഗ്രാമപഞ്ചായത്ത് അത്യതികം പുരോഗതി പ്രാപിച്ചിട്ടുണ്ടെന്നും പുരോഗതിയുടെ ദിശയിൽ ജനങ്ങളുടെ താല്പര്യങ്ങൾ മുൻനിർത്തിയുമാണ് മുന്നേറുന്നതെന്നു മനസ്സിലാക്കാവുന്നതാണ്. 1996–97 കാലഘട്ടത്തിൽ താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ ധാരാളം മൺറോഡുകളും കണക്ടിവിറ്റി അഥവാ പരസ്പര ബന്ധമില്ലാത്ത ഇടമായി കഴിഞ്ഞിരുന്ന പഞ്ചായത്തായിരുന്നു.2005 വരെ താമരശ്ശേരി പഞ്ചായത്തിന്റെ ◌ാഗമായിരുന്ന ഇപ്പോഴത്തെ കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് എന്നാൽ 2005 വർഷത്തോടെ കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് താമരശ്ശേരി ഗ്രാമപചയത്തിൽ നിന്ന് മാറി തദ്ദേശ 'രണ പ്രദേശമായി മാറുകയായിരുന്നു. പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയും ങഘഅടഉഎ, ങഘഅഅളട, ങജഘഅളട, ചഅആഅഞഉ, ഒഅഉഅ ഫ്ളഡ് പ്രവർത്തികൾ മുതലായ പദ്ധതികളിൽ ഉൾപ്പെടുത്തിയും ധരാളം മൺറോഡുകൾ, ടാർറോഡുകൾ, കോൺക്രീറ്റ് റോഡുകളും നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്.

ആളുകൾക്ക് നടന്നുപോവാൻ ബുദ്ധിമുട്ടുള്ള കോളനികളിലേക്കും മറ്റും വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി റോഡുകളും , നടപ്പാതകളും നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട് .പ്രദേശവാസികളുടെ വിദ്യാ◌്യാസ ഉന്നമനം ലക്ഷയമാക്കി പഞ്ചായത്തിൽ മൂന്ന് എൽ .പി സ്കൂളുകളും ഒരു യു .പി സ്കൂളുമുണ്ട്. കലാ സാംസ്–കാരിക ഉയർച്ചക്കായി സാംസ്–കാരിക നിലങ്ങളും , ഓഡിറ്റോറിയങ്ങളും ഉണ്ട് . അടിസ്ഥാന സൗകര്യ വികസനത്തിനു ഊന്നൽ നൽകിയാണ് മുൻവർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കിയത് . റോഡുകൾ ഗതാഗതയോഗ്യമാക്കൽ, അംഗൻവാടി കെട്ടിട നിർമ്മാണം , പൊതുശൗചാലയ നിർമ്മാണനം , ഈർപ്പോണ സ്റ്റേഡിയം നിർമ്മാണം, ശ്മാശാന പുനരുദ്ധാരണം എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.മുൻകാലങ്ങളിൽ ഊർജ്ജ മേഖലയിൽ വേണ്ടത്ര പ്രാധാന്യം നൽകിയിരുന്നില്ല. എന്നാൽ വരും വർഷങ്ങളിൽ ഊർജ്ജ മേഖലയിലെ ആവശ്യാനുസരണം സുസ്ഥിര വികസനത്തിന് ഊന്നൽ നൽകും വിധമുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

കാർഷികമേഖലയിലെ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് നാളീകേരത്തിൽ നിന്നും മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനും തെങ്ങു കൃഷി വികസനത്തിനും ഊന്നൽ നൽകുന്ന പ്രവർത്തനത്തിന് ലക്ഷ്യമിടുന്നു. പച്ചക്കറികളും നെല്ലും ഉത്പാദനത്തിനും തരിശുരഹിത പഞ്ചായത്ത് ആക്കിമാറ്റുന്നതിനും ആധുനിക കൃഷി യന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള കൃഷി രീതി കർഷകർക്ക് പരിചയപ്പെടുത്തുന്നതിന് ആവശ്യമായ പരിശീലനം നൽകും. ജൈവ വളം നിർമാണയൂണിറ്റ് ആരംഭിക്കുകയും ജൈവ
കൃഷി രീതി പ്രോത്സാഹിപ്പിക്കുകയും ചെയ്യാൻ പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കും.ജീവിത നിലവാവാരവും ജീവിത ചെലവുകളും കൂടി വരുന്ന സാഹചര്യത്തിൽ സാധാരണ കുടുംബങ്ങളിൽ സാമ്പത്തിക പ്രയാസം അനുഭവപ്പെടുന്നുണ്ട് എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നുണ്ട്. കുടുംബിനികൾക്കും ഏതെങ്കിലും തരത്തിലുള്ള വരുമാനമുണ്ടാക്കണമെന്ന ലക്ഷ്യത്തോടെ വനിതകളെ സ്വയം സംരഭകരാക്കി മാറ്റാനുള്ള പരിശീലനവും സാമ്പത്തിക സഹായവും നൽകാനുള്ള പദ്ധതി ആരംഭിക്കും.വനിതകൾക്ക് സ്വയം രക്ഷക്ക് ആവശ്യമായ പരിശീലനവും

ലക്ഷ്യമിടുന്നുണ്ട്.വിധിവകളായ കുടുംബിനികൾക്ക് മക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം നൽകാൻ പദ്ധതി വകയിരുത്തലുകൾ നടത്തും.പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികളും സ്മാർട്ടംഗൻവാടികളാക്കും. കുടുംബശ്രീ സംരഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും കുടുംബശ്രീ ഉത്പന്നങ്ങൾ വിറ്റഴികുന്നതിന് വിപണ കേന്ദ്ര്ങ്ങൾ സ്ഥാപിക്കുകവാനും പദ്ധതി ആസൂത്രണം പരിഗണയിലുണ്ട്

സമൂഹം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഒന്നാണ് ദാരിദ്ര്യം. സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന കുടുംബങ്ങൾ ഉൾക്കൊള്ളുന്ന ഒരു സമൂഹത്തിന് ഒരു രംഗത്തും പുരോഗതി കൈവരിക്കുവാൻ സാധിക്കുകയില്ല കുടുംബശ്രീ യൂണിറ്റുകളും തൊഴിലുറപ്പ് പദ്ധതികളും നടത്തുന്ന പദ്ധതികൾ സാമ്പത്തിക നേട്ടം കൈവരിക്കുവാൻ ഇടവെരുത്തിയിട്ടുണ്ട് കുടിൽ വ്യവസായങ്ങളും സ്വയം തൊഴിൽ സംരഭങ്ങളും ഇതുവഴി ഉതപാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങളുടെ വിപണന സാധ്യതകളും കണ്ടെത്തിക്കൊടുക്കുന്നതിന് പരിശ്രമിക്കേണ്ടതുണ്ട്
കാർഷിക മേഖലയായ താമരശ്ശേരിയിൽ മൃഗസംരക്ഷണത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ തുടർന്നു ഊർജ്ജിത മാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിക്കും. സൗജന്യമായി വളർത്തുമൃഗങ്ങളെയും മുട്ടക്കോഴികളും നൽകുന്നത് തുടരാനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട് പാലിൽ നിന്നും മറ്റ് മൂല്യവർധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വരുമാനം വർധിപ്പിക്കാനും കാലിത്തീറ്റക്ക് സബ്സിഡിയും പാലിന് ഇന്റൻസീവ് നൽകുവാനും കാലി വളർത്തൽ മേഖലയിലേക്ക് യുവാക്കളെയും വനിതകളെയും ആകർഷിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കും.മൃഗാശുപത്രിയുടെ സൗകര്യങ്ങൾ വർധിപ്പികയും മരുന്ന് വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്തും.
സാമൂഹ്യ നീതിയിൽ അതിഷ്ഠിതമായ ക്ഷേമപ്രവർത്തനങ്ങളിലൂടെ പാർശ്വവത്ക്കരിക്കപ്പെടുന്ന ഭിന്നശേഷി ജനവിഭാങ്ങളുടെ സംരക്ഷണം ഉറപ്പുവരുന്നത് ഭരണസമിതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിന് ആവശ്യമായ നടപടികളുടെ ഭാഗമായി ഇവരുടെ സംരക്ഷണം ഉറപ്പുവരുത്താനും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താനും ആവശ്യമായ സാഹചര്യം ഒരുക്കുവാൻ സമൂഗഹത്തിൽ ബോധവത്ക്കരണവും സാമ്പത്തിക സഹായവും നൽകും. പെട്ടിക്കടകളും കോഫി ഷോപ്പുകളുംതുടങ്ങാൻ ആവശ്യമായ സഹായം നൽകുന്നതി് ആവശ്യമായ പദ്ധതികൾ ആവഷ്ക്കരിക്കും.
ഭിന്നശേഷിക്കാരുടെ വീടുകളിലേക്ക് സഞ്ചാര യോഗ്യമായ പാതകൾ ഒരുക്കുന്നതിന് മുൻഗണയും മുച്ചക്ര നാലു ചക്ര വാഹനങ്ങൾ നൽകുക., പഞ്ചായത്തിന്റെ ബഡ്സ് സ്കൂൾ വിപുലീകരിക്കുവാൻ ആവശ്യമായ നടപടി കർമ്മ പരിപാടിയിൽ ഉൾക്കൊള്ളിക്കും.
ജനസേവന കേന്ദ്രവും സ്ഥാപിക്കുവാനും ല്ക്ഷ്യമിടുന്നു. കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം സ്ഥാപിക്കുവാൻ ആവശ്യമായ നടപടി കർമ്മ പരിപാടിയിൽ ഉൾക്കൊള്ളിക്കും.
വിദ്യഭ്യാസ പരമായ മുന്നേറ്റത്തിൽ മറ്റെല്ലാ പ്രദേശങ്ങളെയും പോലെ മുന്നേറാൻ താമരശ്ശേരിക്കും സാധിച്ചിട്ടുണ്ട്.നിലവിൽ പോരായ്മകൾ മനസ്സിലാക്കി അട്ടത്ത 5 വർഷം കൊണ്ട് ഒട്ടനവധി പദ്ധതികൾ മുന്നിൽകണ്ടുകൊണ്ടാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.സൗകര്യമുള്ള കെട്ടിടങ്ങളും ഡിജിറ്റൽ ക്ലാസ്റൂമുകളും ആവശ്യമായ ഫർണിച്ചറുകളും പ്രധമ പരിഗണന നൽകുന്ന പദ്ധതിയാണ്. എല്ലാ സ്കൂളുകളിലും കളിസ്ഥലവും പാചകപ്പുരകളും ഡൈനിംഗ്റൂമും നിർമിച്ചുനൽകാനും ലക്ഷ്യമിടുന്നുണ്ട്.ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ചക്കൊപ്പം തന്നെ അതിനുള്ള പശ്ചാത്തല സൗകര്യങ്ങളും ചെയ്തു നൽകുന്നതാണ്. വയാനശാലകളുടെയും സ്പോർട്സ് ക്ലബുകളുടെയും പുരോഗതിക്ക് ആവശ്യമായ സമ്പത്തിക സഹായവും സ്പോർട്സ്

കിറ്റുകളും നൽകും.സൗകര്യമുള്ള സ്ഥലങ്ങളിൽ നീന്തൽകുളങ്ങൾ സാമ്പത്തിക ലഭ്യതക്കനുസരിച്ച് നിർമിച്ചുനൽകും.

പട്ടിക വർഗ പട്ടികജാതി കുടുംബങ്ങളുടെ ആരോഗ്യ വിദ്യഭ്യാസ സാമൂഹ്യ മുന്നേറ്റം ലക്ഷ്യം വെച്ചുകൊണ്ടുള്ള ദീർഘകാല പ്രൊജക്ടുകൾ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആസൂത്രണമാണ് നടത്തിയിട്ടുള്ളത്.വിദ്യാർത്ഥികൾക്ക് പഠനമുറിയും പഠനോപകരണങ്ങളും വായനശാലകളും സാംസ്ക്കാരിക നിലയങ്ങളും വിശ്രമകേന്ദ്രവും ഇതിൽപെടും. പിന്നാക്കം നിൽകുന്ന കുടുംബങ്ങളുടെ സാമ്പത്തിക ഉന്നമനത്തോടെയുള്ള പുരോഗതിയും മെച്ചപ്പെട്ട സഞ്ചാരപാതകളും ഇതിൽ പ്രധാനപ്പെട്ടതാണ്. സംസ്ഥാന സർക്കാറിന്റെയും ത്രിതല പഞ്ചായത്തുകളുടെയും സഹായത്തട സമ്പൂർണ പാർപ്പിട ലഭ്യത ഉറപ്പുവരുത്തും.

താമരശ്ശേരി പഞ്ചായത്ത് ഓഫീസ് പൊതുവിൽ വളരെ തിരക്ക്പിടിച്ച ഒരു ഓഫീസാണ്. ഒരുമുനിസിപ്പൽ ഓഫീസിന് സമാനമായ തിരക്ക് അനുഭവപ്പെടാറുണ്ട് അതിനനുസരിച്ച് ഉദ്യോഗസ്ഥരെ വിന്യസിക്കുകയും ഓഫീസ് സംവിധാനങ്ങളിൽ മാറ്റം വരുത്തുകയും വേണം.ഇപ്പോൾ സജ്ജീകരിച്ച റിക്കാർഡ് റൂം കാലികമായി ക്രമീകരിക്കണം. പഞ്ചായത്ത് ഹാൾ വിപുലീകരിക്കുക, ശീതീകരിക്കുക എന്നിവക്ക് ഫണ്ട് വകയിരുത്തണം.

മത്സ്യ വികസനം ലക്ഷ്യം വെച്ചുകൊണ്ട് കുളം നിർമാണത്തിനുള്ള സാമ്പത്തിക സഹായവും സൗജന്യമായി മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കാനും പദ്ധതിയുണ്ട്.

പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ അലട്ടുന്ന പ്രശ്നമായിരുന്നു റോഡുകളുടെ അഭാവം. ഗതാഗത സൗകര്യം കുറ്റമറ്റ രീതിയിലും പരാതികളില്ലാതയും പരിഹരിക്കുന്നതിനായി ഭരണ സമിതികൾ നടപ്പിലാക്കിയ പ്രൊജക്ടുകൾ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ പര്യപ്തമായിരുന്നുവളരെ പരിമിതമായ റോഡുകൾ ഉൾപ്പെടെ പൊതുമരാമത്ത് മേഖലയിൽ ഇനിയും ചില പ്രവൃത്തികൾ ചെയ്തു തീർക്കുവാൻ അവശേഷിക്കുന്നു.ഈ മേഖലയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ കൂടെ നടപ്പിലാക്കുന്ന തരത്തിലുള്ള ആസൂത്രണമാണ് ഭരണസമിതി ലക്ഷ്യമിടുന്നത്. റോഡുകൾ, വഴികൾ, നടപ്പാത ഇവക്ക് പുറമെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിയും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുന്ന കാര്യത്തിലും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പരിപൂർണമായി കണക്കിലെടുത്ത് കൊണ്ടും പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിന് ലക്ഷ്യംവെച്ചുകൊണ്ട് നടപ്പാടിലാക്കുന്ന ഷോപ്പിംഗ് മോൾ നിർമാണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഈ പദ്ധതി കാലയളവിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു, കേന്ദ്ര, സംസ്ഥാന, ത്രിതല ഫണ്ടുകൾ ഉപയോഗപ്പെടുത്തി ഈ മേഖലയിലെ പ്രവൃത്തികൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി രൂപീകരണം നടത്തുന്നത്.

മാറുന്ന കാലത്തിനൊപ്പം സഞ്ചരിക്കുവാൻ പ്രാപ്തിയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ സാധ്യമാകുന്ന തരത്തിലുള്ള വിദ്യഭ്യാസ പരമായും സാമ്പത്തികമായും ഉള്ള പുരോഗതിയാണ് ഭരണസമിതി ലക്ഷ്യമിടുന്നത്.സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ലിംഗഭേദം ഇല്ലാതെ സ്വന്തമായി വരുമാനം ഉള്ളവരാക്കി മാറ്റുന്നതിന് ഉതകുന്ന സംരഭങ്ങൾ ആരംഭിക്കുവാനും സാമ്പത്തിക പിൻബലവും പരിജ്ഞാനവും നൽകി താൽപ്പര്യമുള്ളവരെ മുന്നോട്ട് കൊണ്ട് വരിക എന്ന ലക്ഷ്യമാണ് ഉള്ളത്.

ഈ കാലഘട്ടം അഭിമുഖീക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് രോഗം തന്നെയാണെന്നുള്ള ബോധ്യത്തോടെ ആരോഗ്യം രംഗത്ത് ജനങ്ങൾക്ക് സ്വാന്തനമായി സാധിക്കുന്നതൊക്കെ നടപ്പിലാക്കിക്കൊണ്ടാണ് പഞ്ചായത്ത്ഭരണസമിതി പ്രവർത്തിക്കുന്നത്. കോവിഡ് 19

മഹാമാരിയുടെ സമയത്തും തുടന്ന് നടത്തിയ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് സുരക്ഷിത ബോധം പകർന്നു നൽകാൻ സാധിക്കുന്ന തരത്തിലായിരുന്നു.

പകർച്ചവ്യാധി നിയന്ത്രണം, കാൻസർ രോഗികളെ കണ്ടെത്തൽ കിഡ്നി രോഗികൾക്ക് ഡയാലിസിസിന് ഉപകരണങ്ങളും മറ്റും നൽകൽ, പാലിയേറ്റീവ് പരിചരണം എന്നീ കാര്യങ്ങൾക്ക് പുറമെ ആശുപത്രിക്ക് ആവശ്യമായ മരുന്ന് നൽകുകയും ചെയ്യുന്നു

ആയുർവേദം, ഹോമിയോ ആശുപത്രികളുടെ പ്രവർത്തനം മരുന്ന് വാങ്ങാനുള്ള ഫണ്ടും സ്ഥിരമായി കെട്ടിടം നിർമിക്കാനുള്ള പദ്ധതിയും വകയിരുത്തുന്ന തരത്തിലാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്. ആരോഗ്യ രംഗത്ത് സമഗ്രമായ മുന്നേറ്റം ഉന്നം വെച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ലക്ഷ്യം.

കാൽനൂറ്റാണ്ട്കൊണ്ട് പഞ്ചായത്തിലെ മുഴുവൻ വീടുകളിലും കുടിവെള്ള പദ്ധതികളിലൂടെ വെള്ളം എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. ചുരുക്കം ചില സ്ഥലങ്ങളിൽ ഇപ്പോഴും പ്രയാസം അനുഭവിക്കുന്നുണ്ട്. നിലവിലുള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും പുതിയ പദ്ധതികൾ ആരംഭിച്ച് സമ്പൂർണ ജലലഭ്യത ഉറപ്പുവരുത്താനും വകയിരുത്തലുകൾ നടത്തും.ജലസ്രോതസുകളെ സംരക്ഷിക്കാനും,എം.ജി.എൻ.ആർ.ഇ.ജി.എസ് ഫണ്ട് ഉൾപ്പെടെ ഉപയോഗപ്പെടുത്തി പദ്ധതികൾ ആവിഷ്ക്കരിക്കും. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കാനുള്ള ബൃഹത്തായ പദ്ധതിയാണ് ലക്ഷ്യം.

## പ്രത്യേക പദ്ധതികൾ

പല കാരണങ്ങൾകൊണ്ടും ദാരിദ്ര്യം നമ്മുടെ അഴിച്ചാൽ തീരാത്ത കുരുക്കാണ്. സമൂഹത്തിലെ അതി ദരിദ്രരായ ആളുകളെ ഇതിൽ നിന്നും മോചിതരാക്കുന്നിതിന് ലക്ഷ്യം വെച്ചുകൊണ്ടുള്ള ദാരിദ്ര്യം, അതി ദാരിദ്ര്യം പദ്ധതി അർഹരെ കണ്ടെത്തി പൂർണമായും നടപ്പിലാക്കുക എന്നതാണ് തീരുമാനം.

## തൊഴിൽ സംരഭം

ഭിന്നശേഷിക്കാർ, വനിതകൾ പിന്നോക്കവിഭാഗക്കാർ തൊഴിൽ രഹിതരായ യുവാക്കൾ എന്നിവരെ വികസനത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ സംരഭങ്ങൾക്ക് സർക്കാർ പദ്ധതികൾക്ക് പുറമെ ബാങ്കിംഗ് സംവിധാനങ്ങളും ഉൾപ്പെടുത്തി ഉദ്ദേശം കൈവരിക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.14ാ‍ാം പദ്ധതി കാലയളിവിലെ ഏറ്റവും പരിഗണന നൽകി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളിൽ ഒന്നാണ് തൊഴിൽ സംരഭം.

## സാമൂഹ്യസുരക്ഷ പദ്ധതികൾ

നമ്മുടെ സംസ്ഥാനത്തെ നിലാരംബരും നിരാശ്രയരുമായ വിഭാഗത്തിന് താങ്ങും തണലുമായിട്ട് ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.എന്നാൽ ഇവ പൂർണമായും അവരുടെ ജീവിത സുരക്ഷക്ക് പര്യാപ്തമാകുന്നില്ല കുട്ടികളുടെ സമഗ്ര വികസനം, വയോജനക്ഷേമം, ഭിന്നശേഷിക്കാരായ ആളുകളുടെ ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിലൂന്നിയുള്ള പ്രവർത്തനങ്ങളിലൂടെ മാത്രമേ ക്ഷേമ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തുകയുള്ളൂ .അർഹരായ മുഴുവൻ ആളുകളെയും കണ്ടെത്തി പെൻഷൻ

ലഭ്യമാക്കുക, ഭിന്നശേഷികുട്ടികളുടെ സ്കോളർഷിപ്പുകളും വിദ്യഭ്യാസ സഹായവും നൽകുക, ജീവിതാവസാനത്തിൽ ഒരുപിടി ഓർമകൾ അയവിറക്കി വീട്ടുകളിൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്ക് മാനസികോല്ലാസത്തിന് ഉതകുന്ന വയോജന ഷെൽട്ടറുകൾ എന്നിവ ലക്ഷ്യമാണ്.

സമഗ്ര പരിപാടികളും സംയോജന സാധ്യകളും
കാർഷികം
ശുചിത്വം
മാലിന്യ സംസ്ക്കരണം
ജല സംരക്ഷണം
ഹരിത കേരളം
ഭവനം ലൈഫ്
പൊതുവിദ്യഭ്യാസം
വിദ്യഭ്യാസ സംരക്ഷണം
ആരോഗ്യം ആർദ്രം

<u>മോണിറ്ററിംഗ്</u>

പതിനാലാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്ന വിസസന പ്രവർത്തനങ്ങൾ മറ്റ് ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ ജനോപകാരപ്രദവും സുതാര്യവുമാണെന്ന് ഉറപ്പുവരുത്തുന്നതിന് സുശക്തമായ മോണിറ്ററിംഗ് രീതിയാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്.
സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിശോധന

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പരിശോധന</u>
പ്രതിമാസ അവലോകന രീതി
സാമൂഹ്യ പരിശോധന
<u>വാർഡ്തല മോണിറ്ററിംഗ് സമിതി</u>

ഓരോ പദ്ധതിയും നിശ്ചയിച്ചിട്ടുള്ള പദ്ധതി നിർഹവണ കലണ്ടർ പ്രകാരം നിർവഹണ പുരോഗതി വസ്തുതാപരമായി പരിശോധിക്കുന്നതിനും ഏതെങ്കിലും രീതിയിലുള്ള തടസ്സങ്ങൾ നേരിട്ട് സമയബന്ധിതമായി പരിശോധിച്ച് പൂർത്തീകരണം നടത്തുന്നതും ലക്ഷ്യമിടുന്നു.
വർക്കിംഗ് ഗ്രൂപ്പ് പരിശോധന നടത്തി ആവശ്യമായ നടപടി സ്റ്റാറ്റിംഗ് കമ്മറ്റികളോടെ ശുപാർശ ചെയ്യുന്നതിനും പരിപാടിയുണ്ട്